O32,3
k4;1
3508

**N.V.K.S.D. COLLEGE OF EDUCATION**
ATTOOR
**LIBRARY DATE SLIP**
Acc. No. 3508
032,3
Cl. No. K4;1
This Book should be returned on or before the last date marked below

| | | |
|---|---|---|
| 7/2/2020 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

# ഒരു മനുഷ്യനും ഒരാത്മാവും

THE N.V.K.S.D. TEACHERS' COLLEGE, ATTOOR.
LIBRARY BOOK
No. 3508

NVKSD COL. EDU.
Acc.No : 3508

(Malayalam)

# ORU MANUSHANUM ORATHMAVUM

Novel

**By Chandran Thrithala**

First Published December 1964
Publishers:
B. K. M. BOOK DEPOT,
CHAMPAKULAM.
Printed at the
Bhagyodayam Press, Pulikeezh
Copy right reserved by the Publishers

**Price Rs. 1-50**

# ഒരു മനുഷ്യനും ഒരാത്മാവും

THE N. V. K. D. TEACHERS' COLLEGE, KATTOOR
LIBRARY BOOK
No.

നോവൽ

ചന്ദ്രൻ തൃത്താല

ബി. കെ. എം. പ്രസിദ്ധീകരണം

വില 1—50

## ഗ്രന്ഥകാരന്റെ കൃതികൾ

ഒരു മനുഷ്യനും ഒരാത്മാവും
ഒരു പെൺകുട്ടിയുടെ ഡയറി
ഒരു നഗരവും ഒരു തെരുവും
മൂടൽമഞ്ഞു്

032,3
K4;1
3508

THE N.V.K.S.D. TEACHERS' COLLEGE, ATTOOR.
LIBRARY BOOK
No. 3508

## അദ്ധ്യായം 1

അമ്മു ഓപ്പോൾ പുറപ്പെട്ടുപോകാൻ തയ്യാറായപ്പോൾ അവനെ അരികിൽ വിളിച്ചു് അവന്റെ നെറുകയിൽ ചുംബിച്ചു...അപ്പോൾ അവന്റെയും അവരുടെയും കണ്ണുകൾ നിറഞ്ഞിരുന്നു.....രണ്ടുപേക്കും പരസ്പരം എന്തൊക്കെയോ പറയണമെന്നുണ്ടായിരുന്നു........രണ്ടുപേരും പുറവും നോക്കി...മറിയിൽ മറ്റൊരാളുമില്ലെന്നു് ധൈര്യം വന്നപ്പോൾ അമ്മു ഓപ്പോളിന്റെ അരക്കെട്ടിൽ ചുററിപ്പിടിച്ചു് അവരുടെ മുഖത്തേയ്ക്കു് തലയുയർത്തിക്കൊണ്ടവൻ ചോദിച്ചു...

"അവസാനം അമ്മുഓപ്പോളും പോകയായിയല്ലെ"

അമ്മുഓപ്പോളെ വിഷമിപ്പിച്ച ഒരു ചോദ്യമായിരുന്നു അതു്......

"രാമു....." അവർ അവനെ ശരീരത്തിലേക്ക പിടിച്ചടുപ്പിച്ചു് അവന്റെ കൺതടങ്ങളിലെ കണ്ണുനീർ വിരലുകൊണ്ടു് തുടച്ചുകളഞ്ഞു...

"അമ്മുഓപ്പോളിടയ്ക്കൊക്കെ ചേട്ടന്റെ കൂടെ വരണ്ട്." അവർ അടക്കിയസ്വരത്തിൽ തുടർന്നു. "രാമു ആരോടും ശണ്ഠകൂടാതെ കഴിയണം...പ്രത്യേകിച്ച് അച്ഛനോട്......"

"അപ്പോൾ ഞാനാണ് ശണ്ഠകൂടുന്നതെന്നാണ് ഓപ്പോള് നിരീച്ചേക്കണത്. അല്ലെ...ഓപ്പോളെടച്ഛൻ ഇന്റെ നേരേ ശണ്ഠകൂടാൻ വരാല്ല......അല്ലെ ...എന്തായ്യാലും ഓപ്പോളടെ അച്ഛനെക്കുറിച്ച് പറയുന്നേ'ാളോപ്പോളക്ക് വിഷമണ്ടാവും......"

അവൻ കൂടുതൽ വിതുമ്പി......

"രാമൂ...ഒക്കെ എനിയ്ക്കറിയാം ... " അമ്മുഓപ്പോളുടെയും വേദനവർദ്ധിച്ചു ... എന്തൊക്കെയോ പറഞ്ഞ് അവനെ സമാധാനിപ്പിയ്ക്കണമെന്നവർക്ക് ആഗ്രഹമുണ്ടായിരുന്നു. പക്ഷെ വിതുമ്പിയ ആ അധരങ്ങളിൽ നിന്നും ഒന്നും പുറത്തുവന്നില്ല......

"നേരായി. അമ്മുകുട്ട്യേ ... ഒമ്പതരയ്ക്കാബസ്സ് എന്നകാര്യം അവൾ മറന്നെന്നു തോന്നുന്നു......"അമ്മായിയുടെ ശബ്ദം കേട്ടപ്പോഴാണ് വീണ്ടും അവർ പിടിവിട്ട് പഴയസ്ഥലങ്ങളിലേയ്ക്കുതിരിച്ചത്... രാമു മടക്കിവെച്ചിരുന്ന കിടക്കയ്ക്കു മുകളിൽ ചെന്ന് വീണ്ടുംകിടന്നു......അമ്മുഓപ്പോൾ സാവധാനം മുറിയിൽനിന്നും പുറത്തേയ്ക്കുപോയി...

അവർ പൊയ്ക്കഴിഞ്ഞപ്പോഴും സെന്റിന്റേയും പൌഡറിന്റേയും മണം മുറിയിൽ തങ്ങിനിന്നിരുന്നു...കോടിവസ്ത്രങ്ങളുടെ നേർത്തസുഗന്ധം രാമുവന്നിഷ്ടമായിരുന്നു.....എങ്കിലും ഒന്നിലും അവന്റെ



3508

ശ്രദ്ധ ചെന്നുപറ്റിയില്ല......മനസ്സ് വേദനയുടെ ഒരു നെരിപ്പോടായി മാറിയിരിയ്ക്കുകയായിരുന്നു...

തറവാട്ടിൽ അവനോടല്പം സ്നേഹമുണ്ടായിരുന്നത് അമ്മുഓപ്പോൾക്ക് മാത്രമായിരുന്നു......അവന്റെ വേദനകളിലും......വിമ്മിഷ്ടങ്ങളിലും എല്ലാം എല്ലാം അമ്മുഓപ്പോൾ സഹതപിക്കാറുണ്ടായിരുന്നു......അവനുവേണ്ടി ആരെങ്കിലും ദുഃഖിച്ചിരുന്നുവെങ്കിൽ അതമ്മുവോപ്പോൾ മാത്രമായിരുന്നു... അവന്റെ കൊച്ചു ഹൃദയത്തെ മുറിവേല്പിക്കാത്ത ഒരൊററ മനുഷ്യജീവി ആ തറവാട്ടിൽ ഉണ്ടായിരുന്നെങ്കിൽ അതമ്മുവോപ്പോൾ മാത്രമായിരുന്നു......അമ്മുഓപ്പോൾ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന ഒരു മാലാഖയായിരുന്നു അവന്ന്......

എന്നിട്ട് ഇന്നിതാ അവസാനം തന്നെ വേദനയുടെ ദുഃഖത്തിലേയ്ക്കാഴ്ത്തിയിട്ടുകൊണ്ട് അവരും പൊയ്ക്കഴിഞ്ഞിരിക്കുന്നു...അമ്മാവന്റെ തല്ലുകൊണ്ട് വരാന്തയുടെ വടക്കെ മൂലയ്ക്കിരുന്ന് സന്ധ്യയ്ക്ക് ഇനി എന്നെങ്കിലും ഏങ്ങിക്കരയുന്നുവെങ്കിൽ തന്നെ സമാശ്വസിപ്പിക്കാൻ അമ്മുഓപ്പോൾ വരില്ല.....രാത്രി തണുത്തുവിറച്ച് വരാന്തയിലെ ചാരുബെഞ്ചിൽ കിടന്നുറങ്ങുമ്പോൾ തുണികൊണ്ടുവന്ന് തന്നെ പുതപ്പിക്കാൻ ഇനി അമ്മുഓപ്പോളുണ്ടാവില്ല......ചിലപ്പോഴൊക്കെ സിനിമാഗാനങ്ങൾ പാടിത്തന്ന് തന്നെരസിപ്പിക്കാറുള്ള അമ്മുഓപ്പോളുടെ ഗാനം കേൾക്കാൻ ഇനി ഒരിക്കലും സാദ്ധ്യമാകില്ല......ജീവിതത്തിൽ നിന്നും എന്തെല്ലാമോ വഴുതിപ്പോയതായി അവനു തോന്നി...ജീവിതത്തിൽ തന്നെ...തനിക്ക് ഏക

രക്ഷാകേന്ദ്രമായുണ്ടായിരുന്ന അവരും അവസാനം തന്നെ വിട്ടുപിരിഞ്ഞപ്പോൾ അവന്ന് സഹിക്കാൻ കഴിഞ്ഞില്ല......

അവന്ന് അമ്മയില്ലായിരുന്നു...... ആറോ ഏഴോ വയസ്സുള്ളപ്പോൾ അമ്മ മരിച്ചു...വലിയ ആ തറവാട്ടിലെ തെക്കെ അറയിലെ മരക്കട്ടിലിൽ കിടന്ന് അമ്മ മരിച്ചതു് അവനോർമ്മയുണ്ട്......പക്ഷെ അന്നവന്ന് ഇന്നനുഭവിക്കുന്നതിലേറെ വേദനയൊട്ടും അനുഭവപ്പെട്ടിരുന്നില്ല...ഒരു പക്ഷെ മരണത്തിന്റെ വേർപാട് എന്താണെന്ന് അറിയാൻ ചെറിയ കുട്ടിയായിരുന്ന തനിക്ക് കഴിവില്ലാതിരുന്നതു കൊണ്ടായിരിക്കണം വേദന അനുഭവപ്പെടാതിരുന്നത്...... അമ്മ മരിച്ചദിവസം അമ്മാവൻ തന്നെ എന്തൊക്കെയോ പറഞ്ഞു് സമാധാനിപ്പിച്ചിരുന്നു.. ...... "അമ്മായി...അമ്മുഓപ്പോൾ.. കുഞ്ഞുകുട്ടൻ..." എന്നൊക്കെ കൂടെക്കൂടെ അമ്മാവൻ പറഞ്ഞു...ഒന്നും മനസ്സിലായില്ല...... അല്പദിവസം കഴിഞ്ഞപ്പോഴാണ് അമ്മായിയും അമ്മുഓപ്പോളും ഒക്കെ വന്നതു്... അപ്പോൾ ഒക്കെ മനസ്സിലാവുകയും ചെയ്തു......

അമ്മായി വന്നതോടെയാണ് ജീവിതം നരകമായിത്തീർന്നതു്......ശകാരങ്ങൾ കേട്ടുമടുത്തു.... തൊഴിയും അടിയുമൊക്കെക്കൊണ്ടവന്റെ വെളുത്ത തുടകളിൽ നീലപ്പാടുകൾ വീണിരുന്നു......

എങ്കിലും ആ വേദനയുടെ മരുഭൂമിയിലും മരുപ്പച്ച കണ്ടെത്തപ്പെട്ടു......

അമ്മുഓപ്പോൾ!



വെളുത്തുമെല്ലിച്ച സുന്ദരിയായ അമ്മുഓപ്പോൾക്ക് ഒരു രാജകുമാരിയുടെ സൌന്ദര്യമുണ്ടായിരുന്നു... അമ്മുഓപ്പോൾ അവനെ ശകാരിച്ചിരുന്നില്ല...... അടിച്ചിരുന്നില്ല...രാത്രി കിടന്നുറങ്ങുവാൻ കാലത്ത് അവർ അരികെ വന്നിരുന്ന് അമ്മാവിയും അമ്മാവനുമൊക്കെയടിച്ച് നോവിപ്പിച്ച് നീലപ്പാടുകൾ തെളിയിച്ച തന്റെ വെളുത്ത തുടയിലൂടെ കൈവിരലുകളോടിക്കുമായിരുന്നു......

അപ്പോൾ വല്ലാത്ത സുഖമായിരിക്കും അനുഭവപ്പെടുക!

ചിലപ്പോൾ പതുങ്ങിയ സ്വരത്തിൽ അവർ ചോദിക്കും......

"രാമുന്ന് വല്ലാതെ നൊന്തൊ?"

"ഉം......" താൻ മൂളും...

"ഞാനിങ്ങനെ ഉഴിയുമ്പോ രാമുന്ന് സുഖംണ്ടൊ......" വീണ്ടും അവർ ചോദിക്കും...

"ഉം......"

താൻ ഉറങ്ങിക്കഴിയുമ്പോഴായിരിക്കും അവർ അരികിൽ നിന്നെഴുന്നേറ്റുപോവുക...... അമ്മാവി അപ്പോഴും വഴക്കുപറയുകയും ശകാരിക്കുകയും തന്നെയായിരിക്കും......

വിലപിടിച്ച സുന്ദരങ്ങളായ, സുഖകരങ്ങളായ അസുഖകരങ്ങളായ നിമിഷങ്ങളിൽ പലതും നഷ്ടപ്പെട്ടുപോയി...

നീണ്ട പകലുകളും ഇരുണ്ട രാത്രികളും കൊഴിഞ്ഞുവീണു... ..

അമ്മുഓപ്പോളെ ഒരാൾവന്ന് കല്യാണംകഴിച്ചുകൊണ്ടുപോകുമെന്ന് അപ്പോഴൊന്നും കരുതിയിരുന്നില്ല...അങ്ങിനെ ഒന്നിനെക്കുറിച്ച് താൻ ചിന്തിച്ചിട്ടേയില്ലായിരുന്നു...

എല്ലാം പെട്ടെന്നായിരുന്നു സംഭവിച്ചത്...

ഒരു ദിവസം നാലഞ്ചുപേർ കയറിവന്നു...രണ്ടു വൃദ്ധന്മാർ.. ...രണ്ടു മദ്ധ്യവയസ്കർ......പിന്നെ ഒരു യുവാവും...

അപ്പോൾ അകത്തെ മുറിയിൽ അമ്മാവി അമ്മുഓപ്പോളെ അണിയിച്ചൊരുക്കുന്നുണ്ടായിരുന്നു...... അലക്കിയ മുണ്ടും വേഷ്ടിയും ധരിച്ച് തലമുടി അരവരെ ഉതത്തിയിട്ട് തലപ്പത്ത് ഒരു റിബൺകൊണ്ട് ഒരു കെട്ടുംകെട്ടി നെററിയിൽ ചന്ദനം വരച്ചുകുറിയിട്ട അമ്മുഓപ്പോളക്ക് അണിഞ്ഞപ്പോൾ സൌന്ദര്യം കൂടിയിരുന്നു......

അണിഞ്ഞ് ഒരുങ്ങിയ അമ്മുഓപ്പോളോട് വരാന്തയിലിരിക്കുന്ന അതിഥികൾക്ക് ചായ കൊണ്ടുചെന്നുകൊടുക്കുവാൻ അമ്മാവി പറഞ്ഞപ്പോൾ ആദ്യം അമ്മുഓപ്പോൾ മടിച്ചുനിന്നു...പിന്നെ മനസ്സില്ലാമനസ്സോടെ നടന്നുനീങ്ങുകയും ചെയ്തു.

തനിക്ക് ഒന്നും മനസ്സിലായിരുന്നില്ല.

ചായ കൊടുത്തുവന്ന അമ്മുഓപ്പോളോടന്ന് താൻ ചോദിച്ചു..."അമ്മിണി ഓപ്പോളെങ്ങടാ ഒരുങ്ങിപ്പോററപ്പെട്ടടക്ക്ണ്......" ചിലപ്പോഴമ്മുഓപ്പോളെ സ്നേഹം കൊണ്ടമ്മിണി ഓപ്പോളെന്നും വിളിക്കും "അതേ, നെന്റെ തലക്കുടന്നയിലേക്കാ"



...അമ്മാവിയുടെ ശബ്ദംകേട്ടാണ് ഞെട്ടിത്തിരിഞ്ഞത്...... "അല്ലാ ചെക്കന്റെ ഒരു കിണുങ്ങാരം......"അവർ പിറുപിറുത്തുകൊണ്ട് നടന്നുപോയി........

അപ്പോഴാണ് വരാന്തയിൽ നിന്നാസംസാരം കേട്ടത്......

"അപ്പൊ ഇതങ്ങ്ട്ട് നടത്താൻതന്നെ തീർച്ചാക്കല്ലെ............"വന്നവരിൽ ആരുടേയോ ശബ്ദം!

"സമ്മതിച്ചാൽ പിന്നെ അമാന്തിയ്ക്കണ്ട......" അമ്മാവന്റെ ചിലമ്പിച്ച ശബ്ദം...

"കുട്ടിയേക്കാണാനവന് ഒരാഗ്രഹം ഉണ്ടായിരുന്നു...ഇപ്പൊ അതും കഴിഞ്ഞു.....അവന് തൃപ്തീം ആണ്.....പിന്നെ എന്തിനാ വൈകിയ്ക്കണ്......നമുക്ക് ആ കണ്യാരെ വിളിച്ച് ദിവസങ്ങ്ട്ട് നിശ്ചയിക്കാം......" വന്ന കൂട്ടരിൽ മറെറാരുവന്റെ ശബ്ദമാണ്......

പെട്ടെന്ന് അമ്മുഓപ്പോളുടെ മുഖത്ത് നനുത്ത ഒരു പുഞ്ചിരി വിരിയുന്നതു കണ്ടു. ലജ്ജ കലർന്ന ഒരു പുഞ്ചിരി. തന്നെ നരകത്തിലേക്കു തട്ടിയിട്ടു കടന്നുകളയുന്നതിലുള്ള സന്തോഷത്തിന്റെ പ്രകാശം ആയിരുന്നുവതെന്നു തനിക്കറിവില്ലായിരുന്നു.

"എന്താഅമ്മുഓപ്പോള് ചിരിയ്ക്കണ്..."

അവർ വെറുതെ ചിരിക്കുന്നതു കണ്ടപ്പോൾ താൻ ചോദിച്ചു......

"വെറുതെ......" അലസമായിരുന്ന ഒരു മറുപടിയായിരുന്നു ലഭിച്ചിരുന്നത്.

"എന്നോട്ട് പറേല്യെ......"

താനും വിട്ടുകൊടുത്തില്ല......

"നോക്കൂ .. ആ ചുമരിനുമുകളിലെ മാറാലവലയിൽനിന്നും ഒരെട്ടുകാലി നിലത്തേയ്ക്ക് പിരണ്ടു വീണു് കിടന്നുപിടയുന്നതുകണ്ടില്ലെ.. ..."

താൻ അവർ ചൂണ്ടിക്കാണിച്ചിടത്തെയ്ക്കുനോക്കി...നിലത്തു് ഒരു എട്ടുകാലികിടന്നു് പിടയുന്നു...

പക്ഷെ എട്ടുകാലി പിടയുന്നതിൽ ചിരിക്കാ ണ്ടോ...അറിഞ്ഞുകൂടാ......

അന്നു തന്നെ അതുപറഞ്ഞു് അമ്മു ഓപ്പോൾ കബളിപ്പിച്ചു...... സ്നേഹവതിയായിരുന്ന അമ്മു ഓപ്പോൾക്ക് അവർ തന്നെ വിട്ടുപിരിയാൻ പോകയാണെന്നു് തുറന്നുപറയാൻ കഴിയാത്തതുകൊണ്ടായിരിക്കണം ആ നുണ...—നുണയല്ലെങ്കിലും—പറഞ്ഞു് തന്നെ കബളിപ്പിച്ചതു്......

പക്ഷെ......

തനിയ്ക്കെല്ലാം പിന്നീടു് മനസ്സിലായി......

അമ്മു ഓപ്പോൾ പോകയായി...

ഇപ്പോളിതാ എല്ലാം വിട്ടേച്ചു് പോവുകയു ചെയ്തു......അന്നു വന്ന ആ അഞ്ചുപേരിലുണ്ടായിരുന്ന ചെറുപ്പക്കാരന്റെ കൂടെ......

അവർ അവസാനമായി തനിക്കു തന്നതു് നെ കയിൽ ഒരു ചുംബനം മാത്രമാണു്......നിർമ്മലമായിരുന്ന അവരുടെ മനസ്സിൽ നിന്നൊഴുകിയ കു കണ്ണുനീരും...

അവസാനം മരുഭൂമിയിലെ ആ മരുപ്പച്ചകൂട അപ്രത്യക്ഷമായിരിക്കുന്നു ..ഇനി...ആരാവു...എവി



നിന്നുലഭിക്കാനാണു് ദാഹിക്കുന്ന ഹൃദയത്തിനു് ഒരല്പം സ്നേഹം!

കണ്ണുനീർ വീണു നനഞ്ഞ മടക്കിവെച്ച കിടക്കയുടെ മുകളിൽനിന്നും എഴുന്നേററു.......ജനാലക്കൽ ചെന്നുനിന്നു് പുറത്തേയ്ക്കുനോക്കി......

ചെമപ്പുനിറത്തിലുള്ള ഒരു ട്രാൻസ്പോർട്ടുബസ്സ് ഗെയ്ററിന്നപ്പുറത്തുള്ള നിരത്തിലൂടെ ഒരിരമ്പൽ ശബ്ദത്തോടെ കുതിച്ചുപായുന്നതു് അവൻ കണ്ടു......

## അദ്ധ്യായം 2

ബഹളം കേട്ടുകൊണ്ടാണുണന്നതു്... കുട്ടിമ്മാമയുടെ ശബ്ദമാണെന്നു് തോന്നുന്നു...അവൻ ശ്രദ്ധിച്ചുനോക്കി...അതെ കുട്ടിമ്മാമതന്നെ...... കുട്ടിമ്മാമ പടികടന്നു വരുന്നതുകണ്ടാലെ തീർച്ചപ്പെടുത്താം... ഇന്നു് ലഹളയുണ്ടാകും...അമ്മാമനും കുട്ടിമ്മാമനും തമ്മിൽ...തന്റെ അമ്മയുടെ നേരെ ജ്യേഷ്ഠനാണു്. കുട്ടിമ്മാമനെക്കാളും അമ്മയെക്കാളും കുട്ടിമ്മാമന്റെയൊക്കെ മൂത്തആളാണു് അമ്മാവൻ...വല്യമ്മാമൻ!

കുട്ടിമ്മാമൻ കുട്ടിമ്മാമന്റെ ഭാര്യവീട്ടിലാണു് താമസം...ഇടയ്ക്കേ തറവാട്ടിലേയ്ക്കുവരൂ...തറവാട്ടിലേയ്ക്കു് കുട്ടിമ്മാമൻ വരുന്നതു് വഴക്കുണ്ടാക്കാൻ മാത്രമായിരുന്നു...വല്യമ്മാമനെക്കാൾ നല്ലവനാണു് കുട്ടിമ്മാമനെന്നു് പലപ്പോഴും തോന്നാറുണ്ടു്...തന്നെ കുട്ടിമ്മാമൻ ചീത്തപറയാറില്ല...ചീത്തയല്ല...നല്ലതും...കുട്ടിമ്മാമൻ തന്നോടുമാത്രമല്ല, മററാരോടും

അധികമൊന്നും സംസാരിക്കില്ല...വരും...തനിക്കാവശ്യമുള്ളകാര്യം കഴിച്ച് നേരത്തെ മടങ്ങിപ്പോകും ...കുട്ടിമ്മാവൻ തറവാട്ടിൽനിന്നും ഒന്നും കഴിക്കില്ല...വിളിച്ചാൽ പോലും വരികയുമില്ല.

ഒരു ദിവസം ഉച്ചയ്ക്ക് കുട്ടിമ്മാമൻ കയറി വന്നപ്പോൾ എല്ലാവരും അകത്ത് ഉച്ചത്തെ ആഹാരം കഴിക്കുകയായിരുന്നു. അമ്മാവി കുഞ്ഞുകുട്ടനെ വിട്ട് കുട്ടിമ്മാമനെ വിളിപ്പിച്ചു.....

അപ്പോൾ കുട്ടിമ്മാമൻ പറഞ്ഞത് താൻ കേട്ടതാണ്..."കുട്ടി പോ...എനിക്കൊന്നും വേണ്ടെന്നു പറ...തുപ്പീരു കുടിച്ച് ദാഹം തീർക്കാനല്ല ഞാനിങ്ങോട്ടു വന്നത്......"

പുറത്ത് ലഹള നടന്നുകൊണ്ടിരിക്കുകയാണ് രണ്ടുപേരും മറുപടിക്ക് മറുപടികൊടുക്കുന്നുണ്ട്...... കുട്ടിമ്മാമന്റെ ശബ്ദം കൂടുതൽ ഉച്ചത്തിൽ കേൾക്കാം......

"വിത്തില്ലെന്ന് പറഞ്ഞാൽ നെനക്ക് മനസ്സിലാവില്ലടാ...ഉണ്ടെങ്കിത്തന്നെ നിനക്കു തരാനും ഞാൻ വിചാരിക്കുന്നില്ലടാ..." വല്യമ്മാമന്റെ ശബ്ദമാണ്...

"തരാൻ വിജാരിക്കണ്ട . ഞാനെടുത്തോണ്ടുപോകും...പത്തായം പൊളിക്കാനെനിക്കറിയാം..." പരിഹാസസ്വരത്തിലുള്ളതാണ് ശബ്ദം!

"അത്രവല്യ തറവാട്ടിൽ പിറന്നവനാണെങ്കിൽ ഇങ്ങുവാ...ധൈര്യമുണ്ടെങ്കിൽ പത്തായം കുത്തിപ്പൊളിക്ക്...എനിക്കൊന്നു കാണണം..." വല്യമ്മാമന്റെ വെല്ലുവിളിയാണ്...



"കാണിച്ചുതരാം..."

"ഒന്നു കാണട്ടെ...പോലീസുകാര് ഈ നാട്ടിലില്ലേന്ന കാര്യം നീയങ്ങ് മറന്നപോലെയാണ്..."

"സ്വന്തം തറവാട്ടിലെ എന്തു സാധനമെടുക്കാനും പോലീസുകാരനെ പേടിയ്ക്കണ്ട..."

"വെറുതെ ഒന്നും രണ്ടും പറയിക്കാതെ നീയങ്ങ് പോവുകയായിരിക്കും നല്ലത്...."

"അത് തീരുമാനിക്കാൻ ഞാനാണ്...ഒരു പത്തുപറവിത്ത് ഈ വീട്ടിലുണ്ടോ ഇല്ലയോ എന്ന് ഞാനൊന്ന് നോക്കട്ടെ...ചേട്ടന്റെ ഭാര്യയ്ക്കും മക്കൾക്കും മാത്രമുള്ളതല്ലിത്...ഇതിൽ ഞങ്ങൾക്ക് പലക്കുകൂടി അവകാശമുണ്ട്..."

"അവകാശമില്ലെന്ന് ഞാൻ പറഞ്ഞോ?"

"പിന്നെയെന്താ ഈ കാണിക്കുന്നതിന്റെയും ചെയ്യുന്നതിന്റേയുമൊക്കെ അർത്ഥം..."

"......" വല്യമ്മാമൻ ഒന്നും മിണ്ടുന്നില്ല...പത്തിയൊടിഞ്ഞ പാമ്പിനെപ്പോലെ ഉമ്മറത്തെ ചാരുപടിമേൽ തലയും താഴ്ത്തിയിരിക്കയായിരിക്കുമിപ്പോൾ ...മനസ്സിൽക്കാണുന്നുണ്ടായിരുന്നു ആ രൂപം......നിരാശത നിഴലിക്കുന്ന ആ മുഖവും...നിസഹായത മുററിയ ആ കണ്ണുകളും...

"കുട്ടപ്പത്തെ കുഞ്ഞുകുട്ടപ്പണിക്കർക്കും കോച്ചേരിലെ കൃഷ്ണൻകുട്ടിക്കും കൊടുക്കാൻ ഇവിടെ വിത്തുണ്ടായിയില്ലെ? അതൊക്കെ പണത്തിനാണ് ..... അയ്യഞ്ചുറുപ്പിക പറയ്ക്ക്...ഈ ഞാൻ വന്നു ചോദിച്ചപ്പോൾ വിത്തില്ലതാനും..." കുട്ടിമ്മാമയുടെ ശബ്ദ

വ്വം അല്പമൊന്നു തളന്നിരിക്കുന്നു......കുറെനേരമായില്ലെ സംസാരിക്കാൻ തുടങ്ങിയിട്ട്...ക്ഷീണം പററിയിട്ടുണ്ടായിരിക്കും...

"കുട്ടപ്പൻ നായരു് കഴിഞ്ഞകൊല്ലം പത്തുപറ വിത്തു് നമുക്കു് കടംതന്നിരുന്നു....ആ കടത്തിലേക്കാ ഞാൻ കൊടുത്തതു്..." അമ്മാവൻെറ ഇടറിയ ശബ്ദമായിരുന്നു...

"കടം! ഈ തറവാട്ടില്യ് വിത്തില്ലാഞ്ഞിട്ട് കടം വാങ്ങ്വാണുണ്ടായതു് അല്ലെ..." കൃത്രിമചിരി ചിരിക്കുന്ന ശബ്ദം കേൾക്കാം... "എന്തിനാ ചേട്ടൻ ഈ കുട്ടനെ ഇതൊക്കെ പറഞ്ഞുകേല്പിക്കണെ്......"

"നിനക്കു് പറഞ്ഞാൽ മനസ്സിലാവില്യ". "ഇങ്ങനെയുള്ള നന്നയൊന്നും കുട്ടിയായ ഈ അനിയന് മനസിലാവില്ല...ആട്ടെ...അധികം വർത്തമാനം പറ്യ്ണ്ല്യ ..ഞാൻ കുഞ്ഞവറാനെയൊന്ന് കണ്ട് അവൻെറ കാളവണ്ടിം കൊണ്ടിങ്ങട്ട് വരാം...എനിക്കു് ഞാൻ പറഞ്ഞ വിത്തു് കെട്ടിച്ചാക്കിലാക്കി വെച്ചേയ്ക്കു..."

"നീ പറഞ്ഞതു മുഴവനൊന്നും ഉണ്ടാവ്വല്യ... ഉള്ളതു കെട്ടിവെപ്പിക്കാം..." വീണ്ടും വല്യമ്മാവനാണു്......

"ഉള്ളതു കെട്ടിവെച്ചാട്ടെ ..മുഴവനും തികയില്ലെങ്കിൽ ബാക്കി നെല്ലാകട്ടെ...ആക്കെങ്കിലും വിററു ഞാൻ വിത്തു് വാങ്ങിക്കൊള്ളാം..."

കുട്ടിമ്മാമ പടികടന്നുപോയെന്നുതോന്നുന്നു......

"ഓൻെറ ഒരഹമ്മതി!



വല്യമ്മാമൻ പിറുപിറുക്കുന്നതു കേട്ടു...

താൻ കിടക്കയിൽ നിന്നെഴുന്നേററു് പുറത്തേക്കു നടന്നു...ഉന്മേഷം കുറഞ്ഞ ഒരു ദിവസംകൂടി പുലരുകയാണു്...എന്തോ! അമ്മുഓപ്പോൾ പോയതുമുതൽ ഉന്മേഷത്തിന് ആകപ്പാടെ ഒരുണക്കം തട്ടിയിരിക്കുന്നു...അമ്മുഓപ്പോൾ ഉണ്ടായിരുന്നപ്പോൾ എല്ലാം മറന്നു് ഉല്ലസിച്ചു് നടന്നിരുന്നു...വല്യമ്മാമൻ ചീത്തപറയുമ്പോഴും...വല്യമ്മാവി അടിക്കുമ്പോഴും അധികം വേദന തോന്നിയിരുന്നില്ല. വേദന തോന്നിയിരുന്നുവെങ്കിൽത്തന്നെ അമ്മുഓപ്പോളെക്കാണുമ്പോൾ എല്ലാ വേദനയും മറക്കുമായിരുന്നു...ആ മുഖത്തെ നേർത്ത പുഞ്ചിരി ..ആ അധരങ്ങൾക്കിടയിൽ വിരിയുന്ന വെളുത്ത പല്ലുകൾ...മഷിയെഴുതിയ കണ്ണുകൾ...എല്ലാം തന്നെ ഒരു സ്വപ്നലോകത്തിലേക്കുയർത്തുക പതിവുണ്ടായിരുന്നു .......:അമ്മുഓപ്പോളുടെ മുഖത്തേയ്ക്കും നോക്കി നിമിഷങ്ങളോളം അങ്ങിനെ ഇരുന്നുപോയിട്ടുണ്ടു്...

"എന്താ രാമുങ്ങനെ നോക്കണ്..."

താൻ വല്ലാതെ തറച്ചുനോക്കുന്നതു കാണുമ്പോൾ അമ്മുഏടത്തി ചോദിക്കും...

"ഓ.. വെറുതെ..." കണ്ണുകൾ അവരുടെ മുഖത്തുനിന്നും പിൻവലിച്ചുകൊണ്ടു് താൻ പറയും...

"വെറുതെ ആരെങ്കിലും ഇങ്ങിനെ നോക്വോ?" അമ്മുഓപ്പോൾ കിലുകിലാ ചിരിക്കുന്നതു കാണുമ്പോൾ തനിക്കു് ലജ്ജതോന്നും...

"അമ്മുഓപ്പോളെ കാണുമ്പോഴൊക്കെ ആ രാജകുമാരിടെ ഓർമ്മവരും..." താൻ തട്ടിമൂളിക്കും...

“ഏതു് രാജകുമാരി...”അമ്മുഓപ്പോൾ ജിജ്ഞാസയോടെ ചോദിക്കും...

“പെരുമ്പാമ്പിൻെറ പിടിയിൽ പെട്ട ഒരു രാജകുമാരിയുടെ കഥ പറഞ്ഞു തന്നില്ലേ അമ്മു ഓപ്പോള് അന്നൊരു ദിവസം.”

“ഹാ...ഹാ!” അമ്മുഓപ്പോൾ പൊട്ടിച്ചിരിക്കും

എന്നിട്ട് അമ്മുഓപ്പോൾ കണ്ണാടിയെടുത്തു് സ്വന്തം ശരീരം നോക്കുന്നതു കാണാം. എന്തിനാണാവൊ? രാജകുമാരിയുടെ സൌന്ദര്യമുണ്ടോയെന്നു് ശ്രദ്ധിക്കുകയായിരുന്നിരിക്കണം.

“രാമോ? രാമോ?”

അമ്മാവി വിളിക്കുന്നതു കേട്ടപ്പോഴാണു് വീണ്ടും ചിന്തയിൽ നിന്നുണർന്നതു്.

ഞെട്ടിത്തിരിഞ്ഞു നോക്കി.

അമ്മാവി പിന്നിൽ നിൽക്കുന്നു.

താൻ തെറ്റുകളൊന്നും ചെയ്തിരുന്നില്ല. എങ്കിലും അമ്മാവിയുടെ മുഖം കാണുമ്പോൾ തെല്ലൊരപരാധബോധത്തോടെ തല താഴ്ത്തി നിൽക്കും

“കന്നിനു് വൈക്കോല് വെച്ചുകൊടുത്തോടാ...” ഒരു ചോദ്യം!

“ഇല്ല.”

താൻ ഞെരങ്ങി.

“കോഴ്യേക്കൂട് തൊറന്നുവിട്ടോ. ആടിനെ മേലെ വിളപ്പിൽ കൊണ്ടുപോയി കെട്ട്യോ.. ഇല്ലടാ...നീയൊന്നും ചെയ്‌ല്യ. കാട്ട് കള്ളൻ...തിന്നാൻമാത്രം



അറിം.... ഉച്ചതിരിഞ്ഞാലും പോത്തിനെപ്പോലെ കിടന്നു് ഉറക്കോം ചെയ്യും. നല്ല അടികൊള്ളണം അതില്ലാഞ്ഞിട്ടാണു്–”

അമ്മാവി ശകാരിക്കുകയാണു്. എന്തൊക്കെയോ പറയുന്നുണ്ടു്. അടിക്കണംപോലും...അടിച്ചടിച്ചു് മോഹം തീർന്നിട്ടില്ല ഇനിയും...പക്ഷെ ഈ ശകാരംവിളി കേൾക്കുന്നതിലും ഭേദം അടികൊള്ളുകതന്നെയാണെന്നുതോന്നുന്നു. അടിച്ചടിച്ചു് തന്നെ കൊല്ലുന്നതിൽ വ്യസനമില്ല...പക്ഷെ ശകാരിക്കാതിരുന്നുവെങ്കിൽ...

“ആ പണിയൊക്കെക്കഴിഞ്ഞാലാ വിറകൊന്നു് കീറിയിട്ടുതാ....വിറക് കീറിയിട്ടുവേണം അടുപ്പിൽ തീ പൂട്ടാൻ...” അമ്മായി പിറുപിറുത്തുകൊണ്ടു് നടന്നുനീങ്ങി.

വലിയ വൈക്കോൽക്കുണ്ടയിൽ നിന്നും വൈക്കോൽ വലിച്ചിട്ടു് കന്നുകൾക്കു കൊടുത്തു. ചൂട്ടനും പാണ്ടനും ആർത്തിയോടെ വൈക്കോൽ വാരി വാരി തിന്നുന്നതു കണ്ടപ്പോൾ ഒരു വല്ലാത്ത സംതൃപ്തി തോന്നി...സന്തോഷവും! ചൂട്ടൻെറയും പാണ്ടൻെറയും നെറുകയിൽ ഇരുകൈകൾകൊണ്ടും തലോടുമ്പോൾ ശരീരം മുഴുവനും രോമാഞ്ചമെടുക്കുന്നതായിത്തോന്നി.

കോഴികളെ കൂട്ടിൽ നിന്നഴിച്ചുവിട്ടു.

സീനക്കുട്ടിയെ കെട്ടിയിരുന്ന കൂട്ടിന്നടുത്തേയ്ക്കു് നീങ്ങി...സീനക്കുട്ടി അമ്മു ഓപ്പോളുടെ ആട്ടിൻകുട്ടിയാണു്. അമ്മുഓപ്പോളതിനെ എന്തുമാത്രം സ്നേഹിച്ചിരുന്നു. പോകുന്നതിനു് തലേ ദിവസം അമ്മുഓപ്പോൾ സീനയെ കെട്ടിപ്പിടിച്ചു കരഞ്ഞിരുന്നു...

അത്ര ഇഷ്ടമായിരുന്നു ആ ആട്ടിൻകുട്ടിയെ അവർക്ക്. അമ്മ ഓപ്പോളുടേതായിരുന്നതുകൊണ്ട് തനിക്കും ഒരു പ്രത്യേകസ്നേഹം ആ ആട്ടിൻകുട്ടിയോട് തോന്നാറുണ്ട്. അതിനെ പച്ചപ്പുല്ല് തീററുന്നതിലും വെള്ളം കുടിപ്പിക്കുന്നതിലുമെല്ലാം താൻ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്യാറുണ്ട്.

എടുത്താൽ പൊന്തൊത്ത മഴവെട്ടത്ത് വിറകുമുട്ടികൾ ഓരോന്നായിക്കീറിയിട്ടു.

ശരീരം വല്ലാതെ വിയർത്തുകഴിഞ്ഞിരുന്നു......

വല്ലാതെ കിതയ്ക്കുന്നുമുണ്ട്.

"ഒന്ന് വേഗാവട്ടെ രാമേട്ടാ"......

വല്യമ്മ അപ്പുറത്തുനിന്ന് തിടുക്കം കൂട്ടുകയാണ്.

കൈകൾ ഉയരുന്നു.

താഴുന്നു ...അപ്പോൾ കനത്ത ശബ്ദമുണ്ടാവുന്നു. മരമുട്ടി വെട്ടിപ്പൊളിക്കപ്പെടുന്നു.

"പത്തു പതിമൂന്ന് വയസ്സായല്ലൊ ചെക്കനൊരു മഴവെട്ടത്താൽ പൊന്തില്ല." ചെറിയ ഒരു മഴവായി രുന്നെങ്കിൽ വലിയമ്മയ്ക്ക് ആ പരാതിപറയാൻ കഴിയുമായിരുന്നില്ല. എങ്കിലും ആ പരാതി കേട്ടപ്പോൾ ഉന്മേഷം വർദ്ധിക്കുകയാണുണ്ടായത്.

"നിർത്തടാ..."

ശബ്ദം കേട്ട് തിരിഞ്ഞുനോക്കി...കുട്ടിമ്മാമ ...അപ്പുറത്തു നിൽക്കുന്ന അമ്മാവിയുടെ നേരെ തുറിച്ചുനോക്കിക്കൊണ്ട് നിൽക്കുന്നു,



കൈ തളർന്നു. ഒരു ശബ്ദത്തോടെ മഴു കൈയിൽനിന്നും ഊർന്നു വീണു.

"ആരും ചോദിക്കാനില്ലെന്നു കരുതീട്ടാ ആ കുട്ടിയെക്കൊണ്ട് ഇപ്പണിയൊക്കെ ചെയ്യിക്കുന്നത്... അല്ലെ?"

വല്ലാത്ത ഒരു ശബ്ദമായിരുന്നു അത്...കുട്ടിമ്മാമ ജീവിതത്തിലാദ്യമായി തനിക്കുവേണ്ടി ശബ്ദമുയർത്തുകയായിരുന്നു.

"ഇത് തരാവില്യ..." കുട്ടിമ്മാമ ഒന്നു കുരച്ചുകൊണ്ട് ഇറയത്തേയ്ക്ക് കാക്രിച്ചു തുപ്പി!

## അദ്ധ്യായം 3.

നീണ്ട മദ്ധ്യവേനൽ ഒഴിവുകാലം അവസാനിച്ചു. ...ാമു പാസ്സായി...പ്രൈമറി സ്കൂളിലെ അവന്റെ വിദ്യാർത്ഥി ജീവിതം എട്ടാം ക്ലാസോടുകൂടി അവസാനിച്ചു. ...നി ഹൈസ്കൂളിലാണ് ചേരേണ്ടത്. ഹൈസ്കൂൾ ...ാമത്തിൽനിന്നും നാലു മൈൽ അകലെയാണ്... ഹൈസ്കൂളിൽ പഠിയ്ക്കുവാൻ കൂടുതൽ പണവും പുസ്തകങ്ങളും വേണം...അതൊക്കെ അവന്നെവിടെ നിന്നുണ്ടാവാനാണ്? അമ്മാവൻ കൊടുക്കുമോ... അമ്മാവി കൊടുക്കുമോ... അവനെ ശകാരിയ്ക്കുന്ന, തച്ചുതോലുരിക്കുന്ന അമ്മാവനും അമ്മാവിയും...ഇല്ല...ഒരിയ്ക്കലുമുണ്ടാവില്ല... അവന്ന് ഹൈസ്കൂളിൽ ചേരണമെന്നാഗ്രഹമുണ്ടായിട്ടും ഒരിയ്ക്കലും അവനതു് പുറത്തു പ്രകടിപ്പിച്ചില്ല... ആ ആഗ്രഹത്തെക്കുറിച്ച്... നിറമുള്ള

സ്വപ്നങ്ങളെക്കുറിച്ച് എല്ലാം അവൻ മറക്കാൻ ശ്രമി ച്ചു……

എങ്കിലും അവനും ഒരു കുട്ടിയല്ലേ?

ഒരു കുഞ്ഞിന്റെ ഹൃദയമല്ലേ അവനുമുള്ളത്? വർണ്ണപ്പൊലിമ കലർന്ന എന്തെല്ലാം അഭിലാഷങ്ങൾ മൂപ്പെത്താത്ത ആ കുഞ്ഞു ഹൃദയത്തിനുണ്ടാവില്ല!

കൊച്ചുകുടയും സഞ്ചിയും ചോററുപാത്രവുമായി പിച്ചാം പിച്ചാം സ്കൂളിലേയ്ക്ക് നടന്നു പോകുന്ന കുട്ടി കളെ കാണുമ്പോൾ അവന്റെ ഹൃദയത്തിലെ അഭിലാ ഷങ്ങൾ വീണ്ടും പത്തിവിടർത്തിയാടാൻ തുടങ്ങുകയാ യിരുന്നു... പുത്തൻ പുസ്തകങ്ങളുടെ മത്തുപിടിപ്പിയ്ക്കു ന്ന മണം അവന്റെ അഭിലാഷങ്ങളിലേയ്ക്ക് നിറം പകരുകയായിരുന്നു... ഏതുവിധവും ഹൈസ്കൂളിൽ പോകണമെന്ന ഒരാഗ്രഹം അവനെയിട്ടു മഥിച്ചു…

അമ്മാവനോടുതന്നെ ആഗ്രഹം തുറന്നുപറ ഞ്ഞാ ലൊ? പക്ഷെ അതുകൊണ്ട് ഗുണമുണ്ടാകുമൊ? ഉണ്ടാ കുമെന്ന് തോന്നുന്നില്ല ..

അല്ലെങ്കിലെന്തിനമ്മാവനെക്കുററപ്പെടുത്തുന്നു … തനിയ്ക്കൊരച്ഛനില്ലേ? തന്റെ സ്വന്തം അഛൻ …. പക്ഷെ ആ അച്ഛന് താനദ്ദേഹത്തിന്റെ മകനാണെ ന്നു പറയുന്നതു പോലും ഇഷ്ടമല്ലെങ്കിലോ?

അമ്മാവൻ കുഞ്ഞുകുട്ടനുവേണ്ടി പുസ്തകങ്ങൾ വാ ങ്ങിക്കൊണ്ടുവന്നപ്പോൾ അവന്റെ ഹൃദയത്തിന് ക്രൂ തൽ വേദനതോന്നി...... അത് സ്വാഭാവികം മാ മാണല്ലൊ.

അഛനെ ..സ്വന്തം അച്ഛനെ എവിടെയെ ലും വെച്ച് ഒന്ന് കണ്ടുമുട്ടുവാൻ പററുമോ? മദ്യപാ



ം തന്തോന്നിയുമായ അഛനെ കണ്ടുമുട്ടാൻ സാധിയ്ക്കു ്തെവിടെ വെച്ചായിരിയ്ക്കും...ഏതെങ്കിലും മദ്യ ാപ്പിൽവച്ച്. അതുമല്ലെങ്കിൽ വൃത്തികെട്ട ഏതെങ്കി ം തെരുവുകളിൽ വെച്ച്.

അഛനെക്കുറിച്ചോർത്തതുമുതൽ മനസ്സിൽ ആദ്യ യി വെറുപ്പുതോന്നുകയായിരുന്നു...വാസ്തവത്തിൽ ീത്തശീലക്കാരനായ തന്റെ അഛനെക്കുറിച്ച് കാര്യ യി താൻ എപ്പോഴും ചിന്തിച്ചിട്ടുണ്ടോ? ശകാരി ുന്ന ആ വല്യമ്മാവന്റെയും വല്യമ്മായിയുടെയും ത്തികെട്ട ലോകത്തിനുള്ളിൽ തന്റെ ചിന്തകളും ഭിലാഷങ്ങളും കുരുങ്ങിക്കിടക്കുകയല്ലേ ഇന്നും...

അമ്മ ഓപ്പോൾ നാട്ടിൽ ചേട്ടന്റെ കൂടെ ചട്ടന്റെ നാട്ടിൽ) പോയതാണ്...രണ്ടു മാസം കഴി ിട്ടും തിരിച്ചുവരികയുണ്ടായില്ല..ഒരു പക്ഷെ മ്മ ഓപ്പോൾ രാമു എന്ന ഈ കുട്ടിയെക്കുറിച്ച് മറ ിരിക്കാം...പുതിയ പരിസരങ്ങളും ഓർമ്മകളും ഒരി ലും ഒന്നിച്ചു ചേരില്ല..പുതിയ പരിസരങ്ങൾ മനു ്നെ എല്ലാം വിസ്മരിപ്പിക്കുന്നു...ഒരുപക്ഷെ ഈ ുവിനെപ്പോലുള്ള മററനേകം പുതിയ കുട്ടികൾ അ ടെയൊക്കെയുണ്ടായിരിക്കും...അവരെ കാണുമ്പോൾ രാമുവിനെ അമ്മ ഓപ്പോൾ മറന്നുകാണും. അവ ട പുതിയ ലോകവുമായി അമ്മ ഓപ്പോൾ ഇഴുകി ുകയായിരിക്കുമിപ്പോൾ...എങ്കിലും ഈ ‘രാമു’ ന്ന കുട്ടിക്ക് അമ്മ ഓപ്പോളെ മറക്കാൻ സാധിക്കു ? അമ്മാവി തല്ലിനോവിച്ചിരുന്നപ്പോൾ അമ്മ ്പോൾ സമാധാനിപ്പിച്ചിരുന്നതും നോവിയ സ്ഥല ് താലോടിത്തന്നതും ഒക്കെ മറക്കാൻ സാദ്ധ്യമാവു

മൊ. പോകാൻ സമയത്തു് അമ്മ. ഒപ്പോഠം തന്റെ
നെറുകയിൽ ചുംബിക്കുകയുണ്ടായി. അവരുടെ ലോ
ഷർ മിഠായി പോലുള്ള അധരങ്ങഠം, തന്റെ നെറു
യിലമന്നപ്പോഠം അനുഭവപ്പെട്ട തണുപ്പു് ഇപ്പോ
നിലനില്ക്കുന്നതായിത്തോന്നുന്നു.

ഓർത്തുനോക്കുമ്പോഠം വ്യസനം തോന്നുകയാണെ
വ്യക്തമല്ലാത്ത ഏതാനും രൂപങ്ങളും ഒരുപാടു സംഭ
ങ്ങളും മനസ്സിലൂടെ ഒരു ചലച്ചിത്രത്തിലൂടെന്നവ
കടന്നുപോകുന്നു. എവിടെയും മനസ്സു് തങ്ങിനില്ക്കു
ല്ല. പ്രത്യേകമായി ഓർമ്മിക്കത്തക്ക എന്തെങ്കി
സംഭവങ്ങഠം കഴിഞ്ഞകാല ജീവിതത്തിലുണ്ടായെ
ഒന്നുമില്ല. ഒന്നുമില്ലേ. ഓ! ജീവിതം ആരംഭിച്ചതു
ന്നെ ദുഃഖത്തിൽ നിന്നായിരുന്നുവല്ലോ. ദുഃഖത്തിന്റെ
ന്റ്വാലാമാലകളിൽ കെട്ടു പിണഞ്ഞ ജീവിതം! കഴിഞ്ഞ
ജീവിതകാലത്തു് തന്നെ ഏറ്റവുമധികം വേദനി
ച്ച ഒരേ ഒരു സംഭവം അമ്മ, ഒപ്പോളുടെ വേർപ
യിരുന്നു. അതു് തനിക്കു്. തന്നിലെ കൊച്ചു ഹൃ
ത്തിന്നു് താങ്ങാൻ കഴിയാത്ത ഒരടിയായിരുന്നു.

സന്ധ്യ അരിച്ചരിച്ചുവന്നു. അവന്നു് എല്ലാ
നോടും വെറുപ്പുതോന്നുകയായിരുന്നു. ഈ ലോകം മു
നം അവന്നെതിരാണെന്നുതോന്നി. കീറിത്തുടങ്ങ
ട്രൌസറും മാറു പൊളിഞ്ഞ മുഷിഞ്ഞ ബനിയനുമി
അവൻ പടികടന്നു നടന്നു. അമ്മാവനെയൊന്നു കാ
ണം. സംസാരിക്കണം. മനസ്സിലെ ഒരേ ഒരാഗ്രഹം
തുമാത്രമായിരുന്നു. അച്ഛൻ! വളന്നതാടിയും ചെ
കണ്ണുകളുമുള്ള പ്രാകൃതനായ അമ്മാവന്റെ രൂപം.
നെ ഭയപ്പെടുത്തുന്നതായിരുന്നു. കൊമ്പലങ്ങാട്ട്



വാട്ടിലെ കാരണവരായിരുന്ന മനുഷ്യനാണു്. കാര
ണവസ്ഥാനം കൈയിൽ വന്നതോടെ അച്ഛന്റെ
രൂപം മാറി. താളംതെററി. മദ്യത്തിലും സ്ത്രീക
ളിലും അമ്മാവൻ സുഖം കണ്ടെത്താൻ തുടങ്ങി പോ
ലും. നാട്ടുകാർ പറയുന്നതാണു്. വാസ്തവമവനു് അ
റിഞ്ഞുകൂടാ. കൊമ്പലങ്ങാട്ടിലെ ഓരോ വസ്തുക്കളും
അമ്മാവൻ വിററഴിയ്ക്കാൻതുടങ്ങി. കൈയിൽ കിട്ടിയ
നോട്ടുകെട്ടുകഠം വൃത്തികെട്ട തെരുവുകളിലും മദ്യ
ഷാപ്പുകളിലും ചിലവഴിച്ചു. കാരണവരുടെ താളം തെ
റ്റിയ തുള്ളൽ കണ്ടപ്പോഠം മരുമക്കഠം തലയുയത്തി.
തറവാടു് ഭാഗിച്ചു വെട്ടി ഓരിവെച്ചു. തറവാട്ടിൽ നി
ന്നും ഭാഗിച്ചുകിട്ടിയ അവസാന നയാപൈസയും ചില
വഴിച്ചു. അയാഠംകുടിച്ചു. വ്യഭിചരിച്ചു. ഭാര്യയും മക
ളുംഒന്നുംഅയാഠംക്കൊരു പ്രശ്നമല്ലായിരുന്നു. ഇന്നയാഠം
ധനവാനല്ല. അയാളുടെ കൈവശം പണമില്ല. എ
ങ്കിലും ആ മനുഷ്യനില്ലാതെ ചീട്ടുകളി മാലപ്പറമ്പിൽ
നടന്നിരുന്നില്ല. മാലപ്പറമ്പാണു് പണം വെച്ചു ചീട്ടു
കളിക്കുന്നവരുടെ സങ്കേതം. വൈകുന്നതുവരേയും അ
യാഠം കളിക്കും. വൈകിയാൽ കയ്യിൽ കിട്ടിയ പണവും
വാരിയെടുത്തയാഠം കവലയിലെ മദ്യഷാപ്പിലേയ്ക്കോടി
യെത്തും. മദ്യഷാപ്പിൽ നിന്നയാഠം ഇറങ്ങിപ്പോരുന്നതു്
രാത്രിപന്ത്രണ്ടുമണിക്കായിരിക്കും. ഇറങ്ങാത്ത പക്ഷം
അവിടെത്തന്നെ ഒരു ബഞ്ചിൽക്കിടന്നുറങ്ങുകയും ചെ
യ്യും. പക്ഷെ, ഷാപ്പിൽക്കിടന്നുറങ്ങാൻ വില്പനക്കാരി
യായ ഒററക്കണ്ണിക്കുഞ്ചുക്കുട്ടി ചിലപ്പോഴൊന്നും സമ്മ
തിക്കാറില്ലത്രെ. അപ്പോഠം അയാഠം എതിക്കില്ല. "പാ
വം പിഴച്ചപെണ്ണു്. രാത്തിരികാലത്തു് രണ്ടു കായി
ഒമ്പാഴിച്ചോട്ടെ..." പിറുപിറുത്തുകൊണ്ടു് കാങ്ങ

ന്ന മസ്തിഷ്കവും ഉഷ്ണിച്ച മനസ്സുമായി അയാൾ ഇറ
പ്പോരുമത്രെ. പൂട്ടിയിട്ട വല്ല പീടികക്കോലായിൽ
നിരത്തുവക്കിലോ എവിടെയെങ്കിലും അയാൾ കിട
റങ്ങും പോലും.

അഛനെക്കുറിച്ചുള്ള തന്റെ പരിമിതമായ
റിവുകളാണിതു്...കുറെയൊക്കെ വാസ്തവമായിരി
ബാക്കിനുണയും. നാട്ടുകാർ പറയുന്ന കഥകളല്ലെ.
വൻ വിശ്വസിക്കുവാൻ സാധിക്കുമോ. പക്ഷെ ഒ
ൽ മാത്രം തനിക്കു് വിശ്വാസമുണ്ടു്. അച്ഛനു് ത
ട്ടു് സ്നേഹമില്ല. ഉണ്ടായിരുന്നുവെങ്കിൽ...

"എന്താ രാമു ഈ മദ്യഷാപ്പിന്റെ മുമ്പിൽ.

ശബ്ദം കേട്ടപ്പോഴാണു് ചിന്തയിൽ നിന്നുണ
 തു്...നടന്നു നടന്നു് താൻ മദ്യഷാപ്പിന്നു മുന്നിലെ
യിരിക്കുന്നു.

തിരിഞ്ഞുനോക്കി. ശബ്ദം കേട്ട സ്ഥലത്തേ
"ഓ! രാജൻവാരിയരു മാഷൊ..." അറിയാതെ
ചോദിച്ചു പോയി...

"അതെ ..ഞാൻ തന്നെ..." അയാളുടെ സ
വേദനനിറഞ്ഞതായിരുന്നു.

"എവിടെയ്ക്കാ മാഷ്പോണു്..." വെറുതെ
ണു് ചോദിച്ചതു്.

"ഇതാ...ഇവിടയ്ക്കു്..." മാഷ് കൈകൊ
മദ്യഷാപ്പിലേക്കു് ചൂണ്ടിക്കാണിച്ചു. എന്നിട്ടു്
ലൊന്നും സംസാരിക്കാതെ ഒരു ഭ്രാന്തനെപ്പോലെ
ന്നു പോവുകയും ചെയ്തു.

നോക്കി നിന്നപ്പോൾ അത്ഭുതം തോന്നി...



രാജൻ വാരിയരു മാഷു് മദ്യം കഴിക്കുമോ? ഓ...
അയാൾക്കെന്തുപററി. ഓ! വല്ലോരും അറിഞ്ഞാ
ൽ മാഷക്കു് കുറച്ചിലാവില്ലെ. വല്യെ ബി. എ. ക്കാരൻ
ഹൈസ്കൂളിൽ പഠിപ്പിക്കുന്ന മാഷ്, മദ്യം കഴിയ്ക്കുക.
അത്ഭുതംതോന്നി. മാന്യന്മാർ പോലും മദ്യം ഇഷ്ടപ്പെ
ടുന്നു. പാത്തും പതുങ്ങിയും കുടിക്കുന്നു. കഷ്ടം!

രാജൻമാസ്റ്ററെക്കുറിച്ചു് കുറെ നല്ല സങ്കല്പങ്ങളാ
യിരുന്നു തനിക്കുണ്ടായിരുന്നതു്. ആ സങ്കല്പങ്ങളൊക്കെ
വ്യർത്ഥങ്ങളാവുകയാണിപ്പോൾ.

രാജൻ മാസ്റ്ററെ തനിക്കു് പണ്ടേ പരിചയമുണ്ടാ
യിരുന്നു. എങ്കിലും ആ പരിചയം കൂടുതൽ കെട്ടുറപ്പു
ള്ളതായിത്തീർന്നതു് ആ സംഭവത്തിനുശേഷമാണു്.

താൻ അമ്പലക്കുളത്തിൽ കുളിച്ചു് മടങ്ങുകയായി
രുന്നു. പെട്ടെന്നാണു് ആരോ തന്റെ പേർ വിളിച്ചതു
കേട്ടതു്. തിരിഞ്ഞു നോക്കിയപ്പോൾ രാജൻ മാഷാ
യിരുന്നു.

"നല്ല കുട്ട്യല്ലെ രാമു. നോക്കു...ഈ കത്തൊന്നു്
ആരേം കാണിക്കാതെ രാമൂന്റെ അമമ്മ ഓപ്പോളക്കു്
കൊടുക്ക്വൊ?" അയാൾ ചോദിച്ചു.

"കൊടുക്കാം..." സംശയിച്ചു കൊണ്ടാണു് ക
ത്തു് കയ്യിൽ വാങ്ങിയതു്...

വാങ്ങുമ്പോൾ അയാൾ വീണ്ടും ഓർമ്മിപ്പിച്ചു.

"കത്തു് വേറെ ആരക്കും കൊടുക്കരുതു് ട്ട്വൊ."

"കൊടുക്ക്ല്യ..."

"ആരേം കാണാതെ അമ്മു ഓപ്പോളുടെ കയ്യിൽ
തന്നെ കൊടുക്കണം. നാളെ ഞാനീ സ്ഥലത്തു്തന്നെ
നില്ക്കും. വിവരം വന്നു പറയണം."

"പറയാം..."

കത്തു് കയ്യിൽ ചുരുട്ടിപ്പിടിച്ചുകൊണ്ടു് നടന്നു
നീങ്ങി. എന്തായിരിക്കും അയാളാ കത്തിൽ എഴുതിയി
രിക്കുക...ഒരു നിമിഷം താനതു് ചിന്തിക്കുകയുണ്ടായി.
തുറന്നൊന്നു വായിച്ചാലൊ? ഛെ അല്ലെങ്കിലെന്തിനു
വായിക്കണം. എന്തെങ്കിലുമാവട്ടെ...

രാത്രി ഉറങ്ങാൻ കിടക്കാൻ സമയത്തു് അമ്മ
ഓപ്പോളെ വരാന്തയുടെ ഒരു മൂലയിലേയ്ക്കു് വിളിച്ചു
ആരേയും കാണിക്കാതെ ആ കയ്യിൽ കൊടുത്തു.

"ഇതാരു് തന്നതാ..."

കത്തു് കയ്യിൽ കിട്ടിയ ഉടനെ ഓപ്പോൾ ചോദി
ച്ചു...

"രാജൻ മാഷ്!" താൻ ശബ്ദമടക്കിക്കൊണ്ടു
പറഞ്ഞു...

"ഇനിം അയാളു് എഴുത്തു് തന്നാൽ കുട്ടി വാങ്ങ
രുതു് ട്ടൊ...തോന്ന്യാസക്കാരനാ അയാളു്..."

അമ്മു ഓപ്പോൾ തന്നെ ഉപദേശിച്ചു. എന്നി
ട്ടാ എഴുത്തു് തുറന്നുവായിക്കാതെ വായിലിട്ടു ചവച്ചു
മുററത്തേയ്ക്കു് തുപ്പിക്കളയുകയും ചെയ്തു.

എന്തേ അമ്മു ഓപ്പോൾ അങ്ങിനെ പറ
വാൻ കാരണം. അറിഞ്ഞുകൂടായിരുന്നു പിറേറന്നു
അതേ സ്ഥലത്തു്വെച്ചു് അയാളെക്കണ്ടപ്പോൾ മി
തെ കടന്നു കളയാൻ ശ്രമിക്കുകയാണുണ്ടായതു്.
യാൾ വിളിച്ചപ്പോൾ നില്ക്കാതെ ഒരോട്ടം വെച്ചുകൊ
ക്കുകയും ചെയ്തു.

വീണ്ടും പലതവണ പല സ്ഥലത്തുവെച്ചു് അ
ളെ കണ്ടുമുട്ടി. അപ്പോഴൊക്കെ അയാൾ തന്നെ വി



3508

ച്ചിരുന്നു. ഒരിക്കൽ വല്ലാതെ ദേഷ്യം വന്നപ്പോൾ
അയാളിൽ നിന്നും അകന്നു് ദൂരെ നിന്നുകൊണ്ടു് ഉറ
ക്കെപ്പറഞ്ഞു—"ഓപ്പോളു് പറഞ്ഞു നിങ്ങളൊരു തോ
ന്ന്യാസക്കാരനാ"ന്നു്: അത്രയും പറഞ്ഞിട്ടു് ഒരൊററ
ഓട്ടവും വെച്ചുകൊടുത്തു. ആ സംഭവത്തിനുശേഷം
അയാൾ തന്നോടു് സംസാരിക്കുന്നതു് ഇന്നാണു്. ഇന്ന
യാൾ തന്നെ വിളിക്കുകയോ കത്തുതരുകയോ ഒന്നും
ചെയ്തില്ല. അല്ലെങ്കിൽ കത്തുതന്നാൽത്തന്നെ താനാർക്കു
കൊടുക്കും. അമ്മു ഓപ്പോൾ അങ്ങകലെ ഭർത്താവിന്റെ
വീട്ടിലല്ലെ.

വഴിവക്കിലെ നരത്ത വെളിച്ചം പ്രകാശം പര
ത്താൻ തുടങ്ങി. നേരം ഒരു പാടായി. ആ വഴിവിള
ക്കിന്റെ നരത്തപ്രകാശവലയത്തിലൂടെ എല്ലുംതൊലി
യുമായ ഒരു മനുഷ്യൻ നടന്നു നീങ്ങുന്നതവൻ കണ്ടു...
അയാളുടെ താടി വളർന്നിരുന്നു. തല എണ്ണമയമില്ലാതെ
പാറിപ്പറന്നിരുന്നു.

"അച്ഛാ!" ഒരു നിമിഷം അവൻ സർവ്വശക്തിയും
സംഭരിച്ചുകൊണ്ടു് വിളിച്ചു. ആ വൃദ്ധൻ ഒരു
നിമിഷം സംശയിച്ചുകൊണ്ടു് തിരിഞ്ഞു നോക്കുന്നത
വൻ കണ്ടു. എന്നിട്ടു് ഒന്നും സംഭവിക്കാത്തതുപോലെ
നടന്നകലുകയും ചെയ്തു.

ആ റുപം ഷാപ്പിനുള്ളിലേയ്ക്കു് കയറിക്കഴിഞ്ഞ
പ്പോൾ അവനൊന്നു് നെടുവീർപ്പിട്ടു. അപ്പോൾ മ
റെറാരു റുപം ഷാപ്പിൽ നിന്നും വേച്ചു വേച്ചു കൊണ്ടി
റങ്ങിവരുന്നുണ്ടായിരുന്നു. അയാൾ അപ്പുറത്തെ കോ
ൺഗ്രസ്സ് പാർട്ടി ആഫീസിലേയ്ക്കു് കയറിപ്പോയി.
അതു് രാജൻ മാഷായിരുന്നു.

## അദ്ധ്യായം 4

നാല്ലുവലയിൽനിന്ന് രാത്രി എപ്പോഴാണ് മട
ങ്ങിപ്പോന്നതെന്ന് അവനോർമ്മയുണ്ടായിരുന്നില്ല.... അച്ഛൻ മദ്യഷാപ്പിൽനിന്നും മടങ്ങിവരുന്നതും നോ
ക്കി വളരെ വൈകുവോളം കാത്തുനിന്നു... ക്രമത്തിൽ തെരുവിലെ തിരക്കവസാനിച്ചു...ആൾസഞ്ചാരം കു
റഞ്ഞു....എന്നിട്ടും അച്ഛൻ മടങ്ങിവന്നില്ല... കുറെ കഴിഞ്ഞപ്പോൾ തെരുവിൽ അച്ഛനെയും കാത്
ങ്ങിനെ തനിച്ചു നിൽക്കാൻ അവനു ഭയം തോന്നിത്തു
ടങ്ങി...അവനും ഒരു കുട്ടിയല്ലെ...ഒരു കുട്ടിയുടെ ഹൃ
യമല്ലെ അവനുമുള്ളത്....ഒരു കുട്ടിയുടെ ലോകത്തു എന്തെല്ലാമുണ്ടാവില്ല....സ്വപ്നങ്ങൾ....ആഗ്രഹങ്ങൾ
ആഗ്രഹങ്ങളുടെ വിരിയാത്ത പൂക്കൾ...സുന്ദരിമാ
യ യക്ഷിമാർ...വെളുത്ത വസ്ത്രം ധരിച്ചു നടക്കുന്
ബ്രഹ്മരക്ഷസ്സ്...അങ്ങിനെ എന്തെല്ലാം...

ഉറക്കം വന്നവന്റെ തലയിൽ കയറുന്നുണ്ടായി
രുന്നു. മടങ്ങിപ്പോരുമ്പോൾ അവനു തികച്ചും ബോധ
മില്ലായിരുന്നു....ഭയന്നു വിറയ്ക്കുകയോ മറ്റോ ചെ
ന്നതും അതുകൊണ്ടായിരിക്കണം...

തറവാട്ടിൽ ഗെയ്റ്റടച്ച് അകത്തു കയറി
ല്ലാവരും കിടപ്പായി കഴിഞ്ഞിരുന്നു....വരാന്തയി
അമ്മാവൻ കിടക്കുന്നുണ്ടാവുമെന്നവൻ ഊഹിച്ചു....
കാലടിശബ്ദമുണ്ടാക്കാതെ അവൻ സാവധാനം
ന്തയിൽ കയറി...എല്ലായിടത്തും കണ്ണോടിച്ചു.
ത്തുനിന്നും അടിച്ചുവരുന്ന നിലാവെളിച്ചത്തിൽ
ല്ലാം വ്യക്തമായി കാണുന്നുണ്ടായിരുന്നു. വരാന്ത



ആരും കിടക്കുന്നില്ല. അമ്മാവൻ അകത്തുതന്നെ കിടന്നിരിക്കാം. അതു ഭാഗ്യമായിപ്പോയി.

തന്റെ നിഴൽ കണ്ടിട്ടായിരിക്കണം മുറ്റത്തെ ഒട്ടുമാവിന്റെ ചുവട്ടിൽ കിടന്നിരുന്ന പട്ടി കുരച്ചു.... വീണ്ടും വീണ്ടും കുരച്ചു. കിടക്കുന്നിടത്തുനിന്നെണീക്കാതെ കുരച്ചു ശബ്ദമുണ്ടാക്കുന്ന പട്ടിയോടവനു ദേഷ്യം തോന്നി.

വരാന്തയിലെ സിമന്റിട്ട നിലത്ത് മലന്നു കിടന്നവൻ ഉറങ്ങി.

"കള്ളച്ചെക്കൻ...ഇന്നലെ രാത്രി എവിടെപ്പോയിരുന്നെടാ.. ..." തുടയിൽ പുളിയാരലുകൊണ്ടുള്ള അടി വീണപ്പോഴാണവൻ ഞെട്ടിയുണർന്നത്.

അവൻ എഴുന്നേറ്റിരുന്നു.

"പറയെടാ...നായേ...എവിടാരുന്നുന്നു""

അമ്മാവൻ തുടയിൽ വീണ്ടും ശക്തിയായടിച്ചു. അപ്പോൾ വേദനകൊണ്ടു പിടയ്ക്കുന്നുണ്ടായിരുന്നു. എങ്കിലും കണ്ണുകൾ നിറഞ്ഞില്ല. മനസ്സിലേക്ക് എവിടെനിന്നൊക്കെയോ ധൈര്യം വന്നു നിറയുകയായിരുന്നു.

തന്റെ കാര്യങ്ങളിൽ

തന്റെ വളർച്ചയിൽ

തന്റെ ഭാവിയിൽ ..ഒന്നിലുമൊന്നും ശ്രദ്ധയില്ലാത്ത ഈ അമ്മാവനു തന്നെ അടിക്കുവാൻ അധികാരമുണ്ടോ? മനസ്സിന്റെ മലർവാടിയിൽനിന്നു ജീവിതത്തിലാദ്യമായി ഒരു ചോദ്യം പൊങ്ങിവരികയായിരുന്നു അതു ചോദിക്കണോ? അതോ പിന്നീ

ടൊരിക്കൽ മതിയോ? മററൊരവസരത്തിൽ...എന്നായാലും ഒരിക്കൽ താനതു ചോദിക്കും. ഇന്നല്ലെങ്കിൽ മററൊരു ദിവസം.

അവൻ വല്യമ്മാവൻെറ കണ്ണുകളിലേക്കു് ഒരു നിമിഷം തറച്ചുനോക്കി. "ഇനിയെന്നെത്തൊട്ടാൽ." എന്നു പറയുന്നവിധത്തിലുള്ള ഒരു നോട്ടം.

"എന്താടാ പെരുച്ചാഴിയെപ്പോലെ നോക്കുണതു്?" വല്യമ്മാവൻ വീണ്ടും അലറി. വീണ്ടും വടി അവൻെറ തുടകളിൽ ഒന്നുരണ്ടു തവണ പതിഞ്ഞു.

അപ്പോഴും അവൻ പറഞ്ഞില്ല.

അവൻ കഴിഞ്ഞ രാത്രി എവിടെപ്പോയിരുന്നുവെന്നു്. എന്തിനുപോയിരുന്നുവെന്നു്. അല്ലെങ്കിലെന്തിനതു പറയണം. പറഞ്ഞില്ലെങ്കിലെന്താണു്.

"എടാ കിഴങ്ങുകാരാ നീ പറയില്ലെ?"

അമ്മാവൻ വീണ്ടും അലറി.

വീണ്ടും അടി വീണു.

പെട്ടെന്നാണു് ഒട്ടുമാവിൻെറ കീഴിലൂടെ മുററത്തുനിന്നും ഒരു നിഴൽ നീങ്ങി വരുന്നതു കണ്ടതു്... അതു് കുട്ടിമ്മാമയായിരുന്നു.

"മതി ചേട്ടാ നിർത്തു."

പിന്നിൽനിന്നും കുട്ടിമ്മാമ അലറിയപ്പോൾ കാരണവരുടെ കയ്യിൽനിന്നും ഉയൎന്ന വടി താഴെ വീണു.

തൻെറ മനസ്സു് കിളുക്കുന്നതായി അവനു് തോന്നി. അവൻ കുട്ടിമ്മാമയുടെ പ്രകാശമുള്ള കണ്ണുക



ളിലേക്കു് അത്ഭുതാദരങ്ങളോടെ ആദ്യമായി നോക്കി.

"ചേട്ടനാ കുട്ട്യേ കൊല്ലാനുള്ള മട്ടാന്നു് തോന്നുണു്ണ്ടല്ലൊ ഭാവം കണ്ടാല്." കുട്ടിമ്മാമ വരാന്തയിലേക്കു് കയറിക്കൊണ്ടു തുടൎന്നു. "ഞാൻ ജീവിച്ചിരിയ്ക്കുമ്പൊ ഇത്തരം അനീതികൾക്കൊന്നും സമ്മതിക്കുണ്ടാവില്യ"

"ഹോ! നീയും നിൻെറ മരുമകനും... ചോദിയ്ക്കെടാ നിൻെറ മരുമകനോടു്...ഇന്നലെ രാത്രി മുഴുവനും എവിട്യാരുന്നെന്നു്" അമ്മാവൻ ശബ്ദത്തിനു് കുറവൊന്നും വരുത്താതെ ഗൌരവത്തിലത്രയും പറഞ്ഞു് ചാരുകസാലയിൽ ചെന്നു കിടന്നു.

"അവൻ വേശ്യാത്തെരുവിൽ പോയി എന്നാണോ ചേട്ടൻ അൎത്ഥമാക്കുന്നതു്. അല്ല, ഈ വഴക്കിൻെറയും അടിയുടെയും അൎത്ഥം ഒന്നും എനിക്കു മനസ്സിലാകുന്നില്ല."

അങ്ങിനെ ജീവിതത്തിലാദ്യമായി കുട്ടിമ്മാമ തന്നോടതു ചോദിച്ചു. കഴിഞ്ഞ രാത്രിയെക്കുറിച്ചു്, കഴിഞ്ഞ ആ രാത്രിയെക്കുറിച്ചു പറയുമ്പോൾ അത്രനേരം ഇടറാതിരുന്ന അവൻെറ ശബ്ദം ഇടറി. ആഗ്രഹങ്ങളും സ്വപ്നങ്ങളും ഉള്ള ഒരു കൊച്ചു ഹൃദയത്തിൽ കടന്നുകൂടിയ ഒരു വികാരത്തിൻെറ...ഓ! വികാരമല്ല; ഒരു വലിയ ആഗ്രഹത്തിൻെറതന്നെ കഥയായിരുന്നു അതു്. അതു പറയുമ്പോൾ അത്രനേരം നിറയാതിരുന്ന അവൻെറ കണ്ണുകൾ നിറഞ്ഞിരുന്നു.

'ഹൈസ്കൂളിൽ ചേരണമെന്നാഗ്രഹമുണ്ടായിരുന്നുവെന്നു്' പറഞ്ഞുകൊണ്ടു് അവൻ ആ കഴിഞ്ഞ രാത്രിയുടെ കഥ ആരംഭിക്കുകയായിരുന്നു. പക്ഷെ,

ആഗ്രഹമുണ്ടായിരുന്നാൽ മാത്രം മതിയോ? ആരെങ്കിലും അവനെ ചേർത്തു പഠിപ്പിക്കാനുണ്ടോ? ഈ വല്യമ്മാവൻ അവനെ പഠിപ്പിക്കുമോയെന്ന് അവൻ കുട്ട്യമ്മാമയോടു ചോദിച്ചു. അവസാനം എല്ലാ ആശകളും നശിച്ച അവൻ അച്ഛനെ കാണാൻ പോയ കഥയും പറഞ്ഞു. മദ്യഷാപ്പിലേക്കു കയറിയ ആ അച്ഛൻ വളരെ വൈകുന്നതുവരെയും മടങ്ങിവരാത്തതു കണ്ടപ്പോൾ നിരാശനായി മടങ്ങിപ്പോന്ന കഥയും വീട്ടിൽവന്ന് ആരെയും വിളിച്ചു വിഷമിപ്പിക്കാതെ വരാന്തയിലെ സിമന്റു തറയിൽ കയറിക്കിടന്ന കഥയും അവൻ പറഞ്ഞു.

ഒരു കുട്ടിയുടെ അഭിലാഷങ്ങളും ആ അഭിലാഷങ്ങൾ തകർന്നടഞ്ഞപ്പോളുണ്ടായ ഗദ്ഗദങ്ങളും ആ വാക്കുകളിൽ തങ്ങിനിന്നിരുന്നു.

കുട്ടിമ്മാമ കണ്ണു തുടയ്ക്കുന്നതു കണ്ടപ്പോൾ ഒന്നും പറയേണ്ടായിരുന്നുവെന്നവനു തോന്നിപ്പോയി.

“മനുഷ്യഹൃദയമില്ലാത്ത വർഗ്ഗങ്ങൾ...!” കുട്ടിമ്മാമ പിറുപിറുക്കുന്നതവൻ കേട്ടു. ആരെ ഉദ്ദേശിച്ചാണ് കുട്ടിമ്മാമ അതു പറഞ്ഞതെന്നവനു മനസ്സിലായിരുന്നില്ല.

എന്നാലും അതവൻ പ്രതീക്ഷിച്ചിരുന്നതല്ല, കുട്ടിമ്മാമയുടെ മനസ്സ് ഇത്രത്തോളം അലിയുമെന്ന്... ഇത്രത്തോളം ദുർബ്ബലമായിത്തീരുമെന്ന്.

അന്നു പത്തു മണിക്ക് കുട്ടിമ്മാമ അവനെയും കൂട്ടി ഹൈസ്കൂളിലേക്കു നടന്നു. അപ്പോൾ അവന്റെ ഹൃദയം ആഹ്ലാദംകൊണ്ടു തിരതല്ലുന്നുണ്ടായിരുന്നു. അ



വൻ മനസ്സിൽ കുട്ടിമ്മാമയ്ക്കുവേണ്ടി ആയിരമായിരം നന്ദി പറഞ്ഞു.

കുട്ടിമ്മാമ അവനെ സ്കൂളിൽ ചേർത്തു. അവൻ ക്ലാസ്സിലേക്കു കയറിപ്പോകുമ്പോൾ കുട്ടിമ്മാമ പറഞ്ഞു: “നിനക്ക് എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ ഞാൻ തരും. ഒന്നിനും വിഷമിക്കരുത്.” അവന്റെ ഹൃദയത്തിലേക്ക് ആശ്വാസം പകർന്നുകൊടുക്കുന്ന...ധൈര്യം പകർന്നുകൊടുക്കുന്ന ദൈവവാക്യങ്ങളായിരുന്നു അവ.

അന്നു സ്കൂൾ വിട്ടു പുറത്തു വന്നപ്പോൾ ഗെയ്റ്റിനു പുറത്തായി കുട്ടിമ്മാമ കാത്തുനിൽക്കുന്നുണ്ടായിരുന്നു. കുട്ടിമ്മാമയുടെ കയ്യിൽ ഒരു വലിയ പൊതിക്കെട്ടുണ്ടായിരുന്നു. അതവനു വേണ്ട തുണികളും പുസ്തകങ്ങളുമായിരുന്നു. പുത്തൻ മണമുള്ള പുസ്തകങ്ങൾ. ഭംഗിയുള്ള ഷർട്ടും ട്രൗസറും. ആകെപ്പാടെ സ്വർഗ്ഗലോകത്തെത്തിയ ഒരനുഭവമായിരുന്നു അവന്.

അന്ന് തറവാട്ടിൽ ആരും അവനോടു സംസാരിച്ചില്ല. അമ്മാവനും അമ്മായിയും കുഞ്ഞുകുട്ടനും ആരുമാരും അവനോടു സംസാരിച്ചില്ല. അവനും ആരോടും മിണ്ടാൻ പോയില്ല. വൈകുന്നതുവരെ പുത്തൻ പുസ്തകങ്ങൾ മറിച്ചുനോക്കിക്കൊണ്ടവനിരുന്നു. പിന്നീട് അടുക്കളയിൽ പോയി അവിടെ വിളമ്പിവെച്ചിരുന്ന ചോറെടുത്തവൻ കഴിച്ചു. പോയിക്കിടന്നുറങ്ങി.

ആദ്യമായി എല്ലാററിൽനിന്നും അകലുന്നതായി അവനു തോന്നുകയായിരുന്നു. ആരും അവനെ ശകാരിക്കുന്നില്ല. ആരും അവനോട് ഒരു ജോലിയും ചെ

യ്യാൻ പറയുന്നില്ല. എങ്കിലും ആരെങ്കിലും പറയാൻ വേണ്ടി കാത്തിരിക്കാതെ സാധാരണ ചെയ്തു തീർക്കാറുള്ള ജോലികളൊക്കെ ചെയ്തുതീർത്തു.

അതു കഴിഞ്ഞ് കുളിച്ച് പുതിയ ഉടുപ്പുകൾ ധരിച്ച് സ്കൂളിലേക്കു പോകുവാൻ തയ്യാറായി. പിറെറ ദിവസവും കുട്ടിമ്മാമ സ്കൂൾവരെ വന്നു. പിന്നെ മടങ്ങിപ്പോവുകയും ചെയ്തു.

തൻെറ ജീവിതത്തിലേക്കു് ക്ഷണിക്കാതെതന്നെ കടന്നുവന്ന കുട്ടിമ്മാമയെപ്പററി അവൻ കൂടുതൻ ചിന്തിക്കാൻ തുടങ്ങി. വെളുത്തു കെലുന്നനേയുള്ള ആ നാൽപ്പതുകാരൻ വല്യമ്മാമയുടെ സ്വന്തം അനിയനാണോ എന്ന കാര്യത്തിൽപ്പോലും അവനു സംശയം തോന്നി. രണ്ടും തമ്മിൽ എന്തൊരന്തരം. ഒരാൾ ദുഷ്ടനും നീചനും—മറേറയാൾ കരുണയും സ്നേഹവുമുള്ളവൻ. ലോകത്തിലെ പലരും പല തരക്കാരായി ജനിക്കുന്നു; വളരുന്നു.

കുട്ടിമ്മാമ ഇത്ര നല്ല മനുഷ്യനാണെന്നു് ഇന്നുവരെ താൻ മനസ്സിലാക്കിയിരുന്നില്ലെന്നോർത്തപ്പോൾ അവനു ദുഃഖം തോന്നി. അതൊരു തെററായിപ്പോയെന്നു് സ്വയം തോന്നുകയും ചെയ്തു. വല്യമ്മാമയോടു് വഴക്കിടാൻ മാത്രമായെത്തുന്ന മറെറാരു ദുഷ്ടനാണു് കുട്ടിമ്മാമയെന്നായിരുന്നു അവൻ മനസ്സിലാക്കിയിരുന്നതു്.

ആ തറവാട്ടിലെ നല്ല ഒരേ ഒരു മനുഷ്യജീവി [illegible] ഓപ്പോൾ മാത്രമാണെന്നായിരുന്നു അവൻ വിശ്വസിച്ചിരുന്നതു്. ഇപ്പോഴാ വിശ്വാസം തിരുത്തേണ്ടി വന്നിരിക്കുന്നു. ഇതാ മറെറാരാൾകൂടി—കുട്ടിമ്മാമ!

THE V... COLLEGE, ATTOOR. LIBRARY BOOK No.......

## അദ്ധ്യായം 5

വല്യമ്മാമ അവനോടു മിണ്ടിയില്ല.

അമ്മാവിയും...

കുഞ്ഞുകുട്ടനു് അവനോടു് സംസാരിക്കണമെ
ന്നുണ്ടു്. പാത്തും പതുങ്ങിയും ചിലപ്പോഴൊക്കെ അ
വൻ സംസാരിക്കാനെത്തും...അമ്മാവനോ അമ്മാവി
യോ വന്നെത്തുന്നതു കാണുമ്പോൾ ഒന്നുമറിയാത്തതു
പോലെ മെല്ലെ നടന്നകലുകയും ചെയ്യും.

ഏകാന്തത നിറഞ്ഞ ജീവിതത്തിനോടു് രാമുവി
നു് വെറുപ്പു തോന്നിത്തുടങ്ങിയിരുന്നു. എങ്കിലും
പഠിപ്പിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചുകൊണ്ടു് ഏ
കാന്തതയിൽ നിന്നകന്നു നിൽക്കുവാൻ അവൻ ശ്രമി
ച്ചു...പക്ഷെ അമിതമായ പുസ്തക പാരായണവും
എഴുത്തും അവനെ ഒരു ഭ്രാന്തനാക്കുകയാണൊ എന്ന
ൻ ഭയപ്പെട്ടു. തികഞ്ഞ ഏകാന്തതയിൽനിന്നും
ിലപ്പോഴൊക്കെ അവനു് രക്ഷനേടിക്കൊടുത്തതു്
ട്ടിമ്മാമയായിരുന്നു. കുട്ടിമ്മാമയുമായി അവൻ
ന്നെ അടുത്തു കഴിഞ്ഞിരുന്നു. അമ്മാമൻ...മരു
കൻ ..എന്നീ രണ്ടു വിചാരങ്ങൾ അവരിൽനിന്നക
ം കഴിഞ്ഞ മട്ടുണ്ടായിരുന്നു. ചുരുക്കിപ്പറ
ഞ്ഞാൽ അവർക്കിടയ്ക്കു് അന്തരമൊരു കരിങ്കൽ
തിൽ ഒരു കാലത്തുണ്ടായിരുന്നതു് തകർന്നുവീണു
ഴിഞ്ഞിരുന്നു. പരസ്പരം സുഹൃത്തുക്കളെപ്പോ
ല അവർ പെരുമാറി. സ്കൂളിലെ വിശേഷ വർത്ത
നങ്ങൾ ഒന്നൊഴിയാതെ അവൻ കുട്ടിമ്മാമയെ
റഞ്ഞുകേൾപ്പിക്കും. അയാൾ എല്ലാം ആകാംക്ഷ

യോടെ മുളിക്കോൾക്കുകയും ചെയ്യും. പക്ഷെ
മ്മാമ ആഴ്ചയിൽ ഒരിക്കലോ രണ്ടു പ്രാവശ്യമേ
മാത്രമെ വരികയുള്ളു.

കുട്ടിമ്മാമ വരുന്ന ദിവസമൊക്കെ പഴയ ദിവ
സങ്ങളെപ്പോലെ ലഹളയുണ്ടാവും...തോട്ടത്തിലെ
ടയ്യൂ വിററതിനെക്കുറിച്ചോ തേങ്ങ പറിച്ചതിനെ
റിച്ചോ എന്തെങ്കിലും അവർക്കു പറയാനില്ലാതി
ക്കില്ല.

ആദ്യമാദ്യം വല്യമ്മാമ മിണ്ടാതിരുന്നിരു
പ്പോൾ അതൊരു വിഷമമായിത്തോന്നിയിരുന്നി
പക്ഷെ ദിനങ്ങൾ നീങ്ങുംതോറും അതു് വിഷ
സൃഷ്ടിക്കുന്ന ഒരു പ്രശ്നമായിത്തീരുകയായിരുന്നു...
ല്യമ്മാവനോട് ഒന്നു് സംസാരിക്കണമെന്നു് ആ
ഹം തോന്നിത്തുടങ്ങി. വല്യമ്മാവന്റെ പുളിയി
കൊണ്ടുള്ള അടികിട്ടാതിരുന്നപ്പോൾ മനസ്സി
വിഷമമായി. വല്യമ്മാവൻ "പട്ടി" എന്നും "ചൊ
എന്നും വിളിക്കാതായപ്പോൾ ഉള്ള ഉന്മേഷം
ഇല്ലാതായിത്തീരുന്നതായിത്തോന്നി.

വല്യമ്മാവൻ തന്നോടുകയറി എന്തെങ്കി
പറയാതിരിക്കില്ലെന്നു് താൻ വിശ്വസിച്ചിരുന്നു.

അമ്മുഓപ്പോളുടെ 'സീന' മേലെപ്പുറമ്പിൽ
യത്തു വിറച്ചു നിൽക്കുന്നതു കണ്ടപ്പോൾ ഇറയത്തു
ന്നിരുന്ന അമ്മാവൻ തന്റെ നേരെ ഒന്നു
ത്തുകണ്ടു. അതിനെ കെട്ടഴിച്ചു് കൂട്ടിൽ കൊ
കെട്ടുവാൻ അമ്മാവൻ പറയുമെന്നു് ഉദ്ദേശി
യിരുന്നു. പറയുന്നതിനു മുമ്പുതന്നെ താൻ
നിരുന്നിടത്തുനിന്നെണീററു.. പക്ഷെ അതി



ന്നു അമ്മാവൻ തൊപ്പിക്കുടയും തലയിൽ വച്ചു്
മുററത്തേക്കിറങ്ങിക്കഴിഞ്ഞിരുന്നു...അതവൻ പ്രതീ
ക്ഷിച്ചതായിരുന്നില്ല.

സ്കൂളിലേക്കു് പോകുന്നതും മടങ്ങിവരുന്നതും
അവൻ ഏകാന്തതയുടെ ലോകത്തിൽനിന്നുമുള്ള ഒ
ളിച്ചുകളിയായിക്കരുതി. ക്രമേണ സ്കൂളിൽനി
ന്നവൻ വരാൻ വൈകിത്തുടങ്ങി. സ്കൂൾ വിട്ടാലും
എന്തെങ്കിലും കളിച്ചുകൊണ്ടു് കുറെ സമയം കൂടി
അവിടെ ചിലവഴിക്കും. അവസാനം മടങ്ങിപ്പോരു
കയും ചെയ്യും.

ഹൈസ്കൂളിൽ വച്ചു് വീണ്ടും രാജൻ മാസ്റ്റർ
അവന്റെ ജീവിതത്തിലേക്കിറങ്ങിവന്നു. അവന്റെ
ക്ലാസ്സിൽ കണക്കെടുക്കുവാൻ രാജൻ മാഷായിരുന്നു.
രാജൻ മാസ്റ്ററുടെ പീരിയേഡു് അവനൊട്ടും രുചി
ച്ചിരുന്നില്ല. അയാളുടെ മുഖം കാണുമ്പോഴൊക്കെ
പഴയ ഓർമ്മകൾ അവന്റെ മനസ്സിലേക്കോടിയെ
ത്തും. അമ്മുഓപ്പോൾ. ആ കത്തു്...എല്ലാം എല്ലാ
വരോർക്കും...എല്ലാററിനുമുപരി അയാൾ മദ്യം
ഴിക്കുവാനായി മദ്യഷാപ്പിലേക്കു് കയറിപ്പോയിരു
ന്ന ആ രാത്രി!

എങ്കിലും രാജൻ മാസ്റ്റർ ക്ലാസ്സിൽ തികച്ചും
അദ്ധ്യാപകനായിരുന്നു. പഴയതുപോലെ അവനോട
ൾ സംസാരിക്കാറില്ല. ഒരു സാധാരണ വിദ്യാ
ർത്ഥിയെപ്പോലെ അയാളവനോടും പെരുമാറുന്നു. അ
വനോടയാൾ പഴയപരിചയം കാണിക്കുകയോ ആ
രിചയം പുതുക്കുകയോ ഉണ്ടായില്ല. അതു് അ
യാളുടെ ഒരു കഴിവാണെന്നു് അവൻ വിശ്വസിച്ചു.

പക്ഷെ അവനാക്കഴിവില്ലായിരുന്നു. ആദ്യദിവ
അയാൾ ക്ലാസ്സിൽ കയറിവന്നപ്പോഴെ അവൻ
യാളുടെ മുഖത്തുനോക്കിച്ചിരിച്ചു. പക്ഷെ, അ
ളാചിരി കണ്ടിട്ടും കണ്ടില്ലെന്നു് നടിച്ചതു് അവ
മനസ്സിലാക്കി. രാജൻ മാസ്റ്റർ ആ പഴയ വാരി
ല്ലെന്നു് അതോടെ അവന്നു് മനസ്സിലാവുക
ചെയ്തു.

അതോടെ പണ്ടു് ഉണ്ടായിരുന്ന എല്ലാ പരി
യങ്ങളും മറന്നുകൊണ്ടു്...അവർ പുതിയ വെ
ച്ചത്തിലൂടെ വീണ്ടും പരിചയപ്പെടാൻ ശ്രമി
ഒരദ്ധ്യാപകൻ എന്ന നിലയിൽ അയാളാ വിദ്യാ
യുമായി പരിചയപ്പെടുകയും ചെയ്തു. ഇത്തരം സ
വങ്ങളൊന്നും രാമു ഒരിക്കലും പ്രതീക്ഷിക്കാത്ത,
ഭവിക്കുമെന്നവന്നു് വിശ്വസിക്കുവാൻകൂടി കഴിയാ
കാര്യങ്ങളായിരുന്നു. എങ്കിലും എല്ലാററിനോടും
വൻ ഇണങ്ങിച്ചേരാൻ ശ്രമിച്ചു. അക്കാര്യത്തി
അവൻ വിജയം വരിക്കുകയും ചെയ്തു.

പക്ഷെ, ചെറുപ്പക്കാരനും സുന്ദരനുമായ രാ
മാസ്റ്ററുടെ വൃത്തികെട്ട കഥകൾ ഓരോന്നായി
ളുടങ്ങിയപ്പോൾ അവനയാളോടു് വെറുപ്പു
പത്താം ക്ലാസ്സിൽ പഠിച്ചിരുന്ന 'സുലോചന'
കുട്ടിക്കു് ഒകാമ്പോസിഷൻ പുസ്തകത്തിൽ വെ
അയാൾ കത്തുകൊടുത്തുപോലും...അയാൾ
കല്യാണം കഴിക്കാൻ ആഗ്രഹമുണ്ടെന്നായിരുന്നു
ആ കത്തിൽ എഴുതിയിരുന്നതു്. കത്തു വാ
ആ കുട്ടി ഹെഡ്മിസ്ട്രസ്സിനോടു വിവരം
അത്രെ. ഹെഡ്മിസ്ട്രസ്സ് രാജൻ മാസ്റ്ററെ വി



ശകാരിച്ചുപോലും...എല്ലാം കുട്ടികൾ പറയുന്ന കഥ
കളാണു്. അയാളുടെ ആ കത്തിനെക്കുറിച്ചു് കേട്ട
പ്പോളാണു് അയാൾ അമ്മുഓപ്പോൾക്കു കൊടുക്കാൻ
വേണ്ടി തന്നയച്ച ആ കത്തിനെക്കുറിച്ചും ഓർത്തു്...
ഒരു പക്ഷെ ആ കത്തിലും എഴുതിയിരുന്നതു് ഇ
തൊക്കെത്തന്നെയാവാം. "അയാളു് തോന്ന്യാസ
ക്കാരനാ"ണെന്നു് അമ്മുഓപ്പോൾ പറഞ്ഞതു് വെ
റുതെയാവില്ല.

കഷ്ടം...!

"എന്തിനാണയാൾ കത്തും മണ്ണാംകട്ടയുമൊ
ക്കെ കൊടുക്കുന്നതു്. അയാൾക്കവളെയങ്ങു കല്യാണം
കഴിച്ചുകൂടെ ആഗ്രഹമുണ്ടെങ്കിൽ..."

അവൻ സ്വയം ചോദിച്ചുനോക്കി.

അങ്ങിനെ പല പല വൃത്തികേടുകളുടെ കഥ
കളും രാജൻ മാസ്റ്ററെക്കുറിച്ചു് കുട്ടികൾ പറഞ്ഞു
പരത്തിയിരുന്നു. കുറെയൊക്കെ സത്യമായിരിക്കാം.
ബാക്കി നുണയും...രണ്ടായാലും അത്തരം കഥകൾക്കു്
എളുപ്പത്തിൽ പ്രചാരം ലഭിക്കുന്നുണ്ടു്...അതാണ
ത്ഭുതം.

ഒരു വൈകുന്നേരം സ്കൂളിൽ നിന്നു വന്നപ്പോൾ
മനസ്സിലായി. അമ്മുഓപ്പോൾ വന്നിരിക്കുന്നു...
ന്നെു് കാണുവാൻ ആർത്തിതോന്നി. പക്ഷെ പണ്ട
ത്തേതുപോലുള്ള ആ അടുപ്പം ഇന്നവന്നു് അമ്മുഓ
പ്പോളോടു് തോന്നുന്നില്ല. ഒരു പക്ഷെ കഴിഞ്ഞ
അഞ്ചെട്ടുമാസങ്ങൾക്കുള്ളിൽ അവനിൽ വന്ന വളർച്ച
യും മാററവുമായിരിക്കാം അതിനു കാരണം.

അടുക്കളയിൽ നിന്നും ശബ്ദം കേട്ടാണ് അ
ഓപ്പോൾ വന്നിരിക്കുന്നുവെന്നു മനസ്സിലാക്കിയ
അമ്മുഓപ്പോളെ ഒന്നു കാണാനുള്ള തിടുക്കം അവ
കൂടിക്കൂടി വന്നു. എങ്കിലും അവൻ അടുക്കളയിലേ
പോയില്ല. അവന് അവ്യക്തമായ.....അവാച്യമാ
ഒരനുഭൂതി അനുഭവപ്പെടുകയായിരുന്നു.

അമ്മുഓപ്പോളുടെ ചേട്ടനാണ് വരാന്തയിലേ
ആദ്യം കടന്നുവന്നത്. മെല്ലിച്ചു വിളർത്ത ഒരു
ഷ്യൻ. എന്തുപറ്റി അയാൾക്ക്...ഒരു രോഗിയു
ഛായയുണ്ടായിരുന്നു ആ വിളർത്ത മുഖത്തിന്. ചേ
നുമായി അവൻ കുറെയൊക്കെ സംസാരിച്ചു. അ
ഓപ്പോൾ എന്നും അവനെക്കുറിച്ചു പറയാറുണ്ടെ
കേട്ടപ്പോൾ അവനു രോമാഞ്ചമുണ്ടായി.

അവൻ പഠിക്കാനിരുന്നു.

അപ്പോഴായിരുന്നു ആ ശബ്ദം.

"രാമൂ....."

അമ്മുഓപ്പോളാണ്

"ഓ..." അവൻ വിളികേട്ടു

"രാമു...അമ്മുഓപ്പോളെയൊക്കെ മറന്നുവല്ലേ?

ആ ചോദ്യം അവനെ തെല്ലൊന്ന് വേദ
പ്പിച്ചുവെങ്കിലും ചിരിക്കാൻ ശ്രമിച്ചുകൊണ്ടവ
പറഞ്ഞു:

"മറന്നതു ഞാനല്ല, അമ്മുഓപ്പോളാണ്."

"ഉം... അമ്മുഓപ്പോൾ മറക്കും."

അർത്ഥഗർഭമായിരുന്നു അവരുടെ മൂളൽ

"എന്തേ അമ്മുഓപ്പോൾ ഇങ്ങോട്ടൊ
വരാത്തെ?"



"ചേട്ടനു് സുഖല്യായിരുന്നു. സൂക്കട് പിടിച്ച്
എന്തൊരു മാതിര്യായി. ആ ദേഹം കണ്ടോ? വി
ളർത്തു് വിളർത്ത്...... അല്ലാതെ നിങ്ങളെയൊന്നും
കാണണംന്ന് മോഹംല്യാഞ്ഞിട്ടല്ല......" അമ്മുഓ
പ്പോൾ നെടുവീർപ്പിട്ടു.

"ഞാൻ ഹൈസ്കൂളിൽ ചേർന്നു. അമ്മുഓപ്പോള
റിഞ്ഞോ?"

"അറിഞ്ഞു, ഇപ്പൊ അമ്മ പറഞ്ഞിട്ടാ അറി
ഞ്ഞത്. കുട്ടിമ്മാമാ ചേർത്തു് അല്ലെ?"

"ഹാ...വേറേ ആരെങ്കിലും എന്നോട് സ്നേഹ
മുള്ളോരുണ്ടോ"

"......" ഓപ്പോൾ ഒന്നും മിണ്ടിയില്ല. അല്പ
"നേരത്തെ നിശബ്ദതയ്ക്കുശേഷം ഓപ്പോൾ തുടർന്നു:
ഞാനിവിടെയുണ്ടാരുന്നെങ്കിൽ..."

അവരതു മുഴമിപ്പിച്ചില്ല

"ഓപ്പോൾ ചേർക്കുമായിരുന്നു; അല്ലെ?"

തന്റെ ചോദ്യം അർത്ഥഗർഭമായിപ്പോയെന്ന്
അവനു തോന്നി.

"അച്ഛനോടു പറഞ്ഞു് ചേർപ്പിക്കുമായിരുന്നു.
എങ്കിൽ നിന്റെ ജീവിതം നശിക്കില്ലായിരുന്നു......
ഭാവിയിൽ......"

അമ്മുഓപ്പോൾ വിതുമ്പിക്കൊണ്ടു നടന്നു മറയു
മ്പോൾ വീർത്ത ഉദരമാണ് കണ്ണിൽപ്പെട്ടത്. അമ്മു
ഓപ്പോൾക്കു ഗർഭമുണ്ട്. ഒരു കൊച്ചു കുട്ടിയെ അവർ
അടുത്തുതന്നെ കാഴ്ചവെയ്ക്കും.

പക്ഷെ അതിലൊന്നും ശ്രദ്ധ ഇപ്പോൾ ചെന്നു
പററുന്നില്ല. അമ്മുഓപ്പോൾ പറഞ്ഞ ആ അവസാന

വാചകം! അതിന്റെ അത്ഥമെന്താണ്...? "ഭാവ യിൽ നിന്റെ ജീവിതം നശിക്കില്ലായിരുന്നു. വല മ്മാവനാണ് സ്കൂളിൽ ചേത്തിരുന്നതെങ്കിൽ......

എന്താണാ പറഞ്ഞതു്?

കുട്ട്യമ്മാമ സ്കൂളിൽ ചേത്തു പഠിപ്പിക്കുന്നു കൊണ്ടു് തന്റെ ജീവിതം നശിക്കുമെന്നല്ലെ ആ പ ഞ്ഞതിന്റെ അത്ഥം...? കുട്ട്യമ്മാമ തന്നെ നശിപ്പി ക്കുമോ...? കുട്ടിമ്മാമ പഠിപ്പിച്ചാൽ തന്റെ ഭാവ ക്കെന്തു തകരാറു പററാനാണ്?

ഓ! മനസ്സിലാകുന്നില്ല

ചോദിക്കണമെന്നുണ്ടു്.

പക്ഷെ എന്താണു് ചോദിക്കുക?.

അറിഞ്ഞുകൂട

നല്ലവനായ കുട്ടിമ്മാമ തന്നെ നശിപ്പിക്കുകയോ! തന്നെ പഠിപ്പിക്കാൻ മുതിന്ന സ്നേഹശീലനായ ഒ മനുഷ്യൻ കാരണം താൻ നശിക്കുമോ? വിശ്വസി ക്കാൻ കഴിയുന്നില്ല. ശുദ്ധ നുണയല്ലേ അതു്? അസ ബന്ധമല്ലേ?

പക്ഷേ, അമ്മ,ഓപ്പോളാണല്ലോ അതു പറ ഞ്ഞതു്. അമ്മ,ഓപ്പോൾ നുണ പറയുമോ?

ഓ! വിശ്വസിച്ചുകൂടാ.

## അദ്ധ്യായം. 6

എന്താണ് അമ്മ, ഓപ്പോൾ ആ പറഞ്ഞതി ന്റെ അർത്ഥം. അതേ ചിന്ത അവനെയിട്ടു മഥിയ്ക്കുക യായിരുന്നു. മററാരെങ്കിലുമായിരുന്നു അതു് പറഞ്ഞിരു ന്നതെങ്കിൽ അവനു് വിഷമം തോന്നുകയില്ലായിരുന്നു... വെറും തമാശയായി...അവനതു കരുതുമായിരുന്നു...പ ക്ഷെ മററാരുമല്ല അതു പറഞ്ഞതു്. അമ്മ, ഓപ്പോളാ ണു്. താൻ വലുതാമെന്നും വലിയവനാകണമെന്നും ഏററവുമധികം ആഗ്രഹിക്കുന്ന അമ്മ, ഓപ്പോളാണതു പറഞ്ഞതു്.

കുട്ടിമ്മാമ പഠിയ്ക്കുവാനവനെ പറഞ്ഞയയ്ക്കുന്ന തു്...അവനുവേണ്ടി പണം ചിലവഴിയ്ക്കുന്നതു്...എ ല്ലാം എല്ലാം തന്റെ ഭാവി...ഭാവി...നശിപ്പിക്കാനാ ണെന്നു് ഒരിക്കലും അവനു് ചിന്തിക്കുവാൻ കഴിഞ്ഞില്ല... തന്റെ ഭാവി നശിപ്പിക്കണമെന്നുദ്ദേശമുള്ള ഒരുത്തൻ അവനെ പഠിപ്പിക്കാൻ തുനിയുമോ? അവനു് വസ്ത്ര ങ്ങളും പുസ്തകങ്ങളും വാങ്ങിക്കൊടുക്കുമോ...എല്ലാററി നുപരി അയാൾക്കവനോടു് സ്നേഹത്തോടുകൂടി ഒരു വാക്കെങ്കിലും പറയുവാൻ കഴിയുമോ?

പക്ഷെ അമ്മ, ഓപ്പോൾ പറഞ്ഞതു് എങ്ങിനെ തെററാകും. അവർ നുണപറയുമോ? കഴിഞ്ഞ ജീവിത കാലത്തിടയ്ക്കൊന്നെങ്കിലും അവർ തന്നോടു് നുണ പറ ഞ്ഞിട്ടുണ്ടോ? അപ്പോൾ ഇതും ഒരു പക്ഷെ വാസ്തവമാ യിരിക്കുമോ?.

അമ്മ, ഓപ്പോൾ പറയുന്നതു് സത്യമെന്നുതന്നെ വിശ്വസിക്കാം. പക്ഷെ അമ്മ, ഓപ്പോളുടെ ആ വാക്കു

കൾ ഇവിടെ വ്യർത്ഥമായിത്തീരുകയല്ലെ. നശിപ്പി
ണമെന്നുദ്ദേശിക്കുന്നുണ്ടെങ്കിൽ ഒരിക്കലും അയാൾക്കാ
നെ പഠിപ്പിക്കാൻ തുനിയേണ്ടതില്ല.

ആകപ്പാടെ തലയ്ക്ക് ഭ്രാന്തുപിടിക്കുന്നതായി അ
ന് തോന്നി. ആ രാത്രി അവൻ ഒട്ടും ഉറങ്ങിയില്ല. ഒ
ക്കലും അമ്മു ഓപ്പോളെ അവിശ്വസിക്കുവാൻ അ
ന് കഴിവില്ലായിരുന്നു. പിന്നെ കുട്ടിമ്മാമയെയാ
അവിശ്വസിക്കേണ്ടത്. തന്നെ നശിപ്പിക്കാൻ വേ
യാണയാൾ പഠിപ്പിക്കുന്നതെന്നതിന് തെളിവുകളി
ല്ല. വല്യമ്മാമയാണ് തന്നെ പഠിപ്പിച്ചിരുന്ന
ങ്കിൽ ഒരിക്കലും തന്റെ ഭാവിക്ക് നാശമുണ്ടാകുമാ
രുന്നില്ലെന്നും അവർ പറഞ്ഞു...

എന്തൊക്കെയാണിതിന്റെ അർത്ഥം!

അമ്മു ഓപ്പോൾക്ക് എന്തുപറ്റി?

അമ്മാവിയുടെ വാക്കുകേട്ട് വല്ലതും പറ
യിരിക്കുമോ? അതും വിശ്വസിച്ചുകൂട. പക്ഷെ ത
ട് ആരുടെ വാക്കുകേട്ടും അവർ പറയുക പതി
യിരുന്നു. പിന്നെ ഇപ്പോൾ.

അമ്മു ഓപ്പോളോട് എല്ലാം തെളിച്ചു ചോ
ണമെന്ന് അവനാഗ്രഹമുണ്ടായിരുന്നു. പക്ഷെ
ര്യം കിട്ടുകയുണ്ടായില്ല. അമ്മു ഓപ്പോളുടെ അ
നിന്നും ആളൊഴിഞ്ഞ സമയമില്ലായിരുന്നു.
താളവും നോക്കി അവൻ പലപ്പോഴും അതി
ച്ച് ചോദിക്കണമെന്ന് കരുതി അമ്മു ഓപ്പോ
രികെയെത്തും. അവൻ എന്തെങ്കിലും പറയാ
ന്നതിനുമുമ്പ് ആരെങ്കിലും അവിടെ എത്തി



രിക്കും. അവൻ നിരാശയോടെ തിരിച്ചുപോരുകയും ചെയ്യും.

ആകപ്പാടെ അവ്യക്തമായ ഒരുവേദന അവന്റെ ഹൃദയത്തിൽ പറ്റിപ്പിടിച്ചു നിന്നു. എന്തായിരുന്നു അത്? ആ വേദനയെക്കുറിച്ചാരോടും അവന് പറയാൻ കഴിവില്ലായിരുന്നു.

ചോദിക്കണമെന്ന് പല തവണ കരുതിയിരുന്നുവെങ്കിലും അവസാനം അവനതിന്നു സാധിക്കുകയുണ്ടായില്ല. അതിന്നു മുമ്പുതന്നെ അമ്മു ഓപ്പോൾ മടങ്ങിപ്പോയി. ഇനി എന്ന് മടങ്ങിവരുമെന്നവർ പറയുകയുണ്ടായില്ല. അവർ യാത്രയ്ക്ക് തയ്യാറായി നിന്നിരുന്നപ്പോൾ സൂത്രത്തിൽ ആരുമറിയാതെ അമ്മു ഓപ്പോളുടെ ഭർത്താവിന്റെ ബേഗിന്മേലുണ്ടായിരുന്ന അഡ്രസ്സ് അവൻ കുറിച്ചെടുത്തു. അമ്മു ഓപ്പോളും ചേട്ടനും മടങ്ങിപ്പോയി. ഇക്കുറി അമ്മു ഓപ്പോൾ മടങ്ങിപ്പോകുന്ന അവസരത്തിൽ മുമ്പുണ്ടായിരുന്ന ആ വേദന അവനനുഭവപ്പെടുകയുണ്ടായില്ല. അവർ തമ്മിൽ അത്രമാത്രം അകന്നതായിരിക്കണം അതിന്നു കാരണം. എങ്കിലും എന്തോ അറിയാൻ വേണ്ടി അവൻ ആഗ്രഹിച്ചു. ഒരിക്കൽ അമ്മു ഓപ്പോൾ പാതിപറഞ്ഞു വെച്ച ആ സംഗതി. അവന്റെ ഭാവിയെക്കുറിച്ചുള്ള ആ പ്രവചനം. അതിനെക്കുറിച്ചായിരുന്നു അവൻ അറിയുവാൻ ആഗ്രഹിച്ചിരുന്നത്. പക്ഷെ...

അമ്മു ഓപ്പോൾ മടങ്ങിപ്പോയതിന്റെ അടുത്ത ദിവസം തന്നെ കുട്ടിമ്മാമ വന്നു അവന്റെ സ്കൂൾകാര്യങ്ങളെക്കുറിച്ചന്വേഷിക്കുകയുണ്ടായി. ആ മാസത്തെ ഫീസു കൊടുക്കാനായി പണം അവന്റെ കയ്യിലെണ്ണി

യേല്പിച്ചു അയാൾ. പക്ഷെ, അയാളുടെ ചോദ്യങ്ങ
ക്കെല്ലാം അവൻ അലസതയോടെയായിരുന്നു മറുപ
പറഞ്ഞതു്. ഫീസിനുള്ള ആ തുക കയ്യിൽ വാ
മ്പോൾ എന്തുകൊണ്ടോ അവൻെറ കൈകൾ വിറ
രുന്നു. അതൊന്നും കുട്ടിമ്മാമ കാണുകയുണ്ടായില്ല. ശ്ര
ദ്ധിക്കുകയുണ്ടായില്ല. സാധാരണത്തേതുപോലെ അ
വൻ കുട്ടിമ്മാമയോടു് കൂടുതൽ സംസാരിക്കുകയുണ
യില്ല. ഒരു പാടു് പഠിക്കുവാനുണ്ടെന്നുപറഞ്ഞു് ക
ത്തിൽ അവൻ അയാളുടെ മുമ്പിൽനിന്നും തടിതപ്പു
യാണുണ്ടായതു്. കുട്ടിമ്മാമ അതു വിശ്വസിക്കുക
ചെയ്തു.

ദിവസങ്ങൾ വീണ്ടും നീങ്ങി...

ഏകാന്തത അവൻെറ ജീവിതത്തെയിട്ടുരുട്ടി
രുന്നു. ആ ഏകാന്തതയിൽ ഈ പുതിയ ചിന്ത
വൻെറ മസ്തിഷ്കത്തെ കാർന്നു തിന്നുവാൻ തുട
കയും ചെയ്തു.

ഉറങ്ങാത്ത രാത്രികളും...വ്യർത്ഥങ്ങളായ പ
കളും കൊഴിഞ്ഞുവീണു. അവൻെറ ജീവിതം
കളും യാന്ത്രികമായിക്കഴിഞ്ഞിരുന്നു..

വല്യമ്മാവൻ മുതൽ ആരും അവനോടു് സം
രിക്കാറില്ല. സംസാരിക്കാനിഷ്ടപ്പെട്ടിരുന്ന കുട്ടിമ്മ
യോടധികം അവൻ സംസാരിക്കാറുമില്ല...രാമുവിൻ
ന്ന മാററം കുട്ടിമ്മാമ അല്പാല്പമായി ശ്രദ്ധിക്കുവാൻ
ങ്ങിക്കഴിഞ്ഞിരുന്നു. പഠിപ്പിൻെറ തിരക്കുകൊണ്ടു
വന്നു് സമയക്കുറവിനാലായിരിക്കുമെന്നയാൾ വി
സിച്ചു...അഥവാ വിശ്വസിക്കുവാൻ ശ്രമിച്ചു.



ആഴ്ചകൾ നാലഞ്ചു കഴിഞ്ഞിട്ടും അവനതിന്നുത്തരം കണ്ടുപിടിക്കുവാൻ കഴിഞ്ഞില്ല. തന്നെ സ്നേഹത്തോടെ അടുത്തുവിളിച്ചു് സംസാരിക്കുന്ന...ഫീസെണ്ണിത്തരുന്ന...നല്ല മനുഷ്യനായ കുട്ടിമ്മാമനെ അവനവിശ്വസിക്കുവാനും കഴിഞ്ഞില്ല. അവസാനം ആ അഡ്രസ്സുപയോഗിക്കാൻ തന്നെ അവൻ തീർച്ചപ്പെടുത്തി. അന്നു് സ്കൂളിലേക്കു് പോകുന്നവഴി തപാലാപ്പീസിൽ നിന്നും അവൻ ഒരു ഇൻലാണ്ടു് കവർ വാങ്ങി പുസ്തകത്തിന്നിടയിൽവെച്ചു.

ഉച്ചയ്ക്കു് ഇൻറർവെല്ലിനു് അവൻ ആ കത്തെഴുതി മുഴുമിപ്പിച്ചു. അമ്മുഓപ്പോൾക്കുള്ള കത്തു്... അതു് താഴെ കാണും വിധമായിരുന്നു.

പ്രിയപ്പെട്ട അമ്മുഓപ്പോൾക്കു്-

രാമുവാണു് ഈ കത്തെഴുതുന്നതു്. അമ്മുഓപ്പോളും ചേട്ടനും സുഖമെന്നു വിശ്വസിക്കുന്നു. ഇവിടെ വല്യമ്മാവനും അമ്മായിക്കും എല്ലാവർക്കും സുഖംതന്നെ. കുട്ടിമ്മാമ ഇടയ്ക്കു് വരാറുണ്ടു്.

ഒരു കാര്യമറിയാൻ വേണ്ടിയാണു് ഞാനീ കത്തെഴുതുന്നതു്. അന്നു് ഒരിക്കൽ അമ്മുഓപ്പോൾ പറഞ്ഞിരുന്നുവല്ലൊ. കുട്ടിമ്മാമ പഠിപ്പിക്കുന്നതു് എൻെറ ഭാവി നശിപ്പിക്കാനാണെന്നു്...പഠിപ്പിക്കുന്നതു് എൻെറ ഭാവി നശിപ്പിക്കാനാണെന്നോ... ഭാവി നശിപ്പിക്കുവാൻ വേണ്ടി ആരെങ്കിലും പഠിപ്പിക്കുക പതിവുണ്ടോ ഓപ്പോളെ...ഓപ്പോളന്നു പറഞ്ഞതിൻെറ അർത്ഥമെനിക്കു മനസ്സിലാകുന്നില്ല. ഓപ്പോൾ പോകുന്നതിനുമുമ്പു് പല തവണ ഞാനാ കാര്യത്തെക്കുറിച്ചു് ചോദിക്കണമെന്നു കരുതിയതായി

രുന്നു പക്ഷെ സൌകര്യം ലഭിച്ചില്ല. എന്നോട്ട് അല്പമെങ്കിലും സ്നേഹമുണ്ടെങ്കിൽ ഓപ്പോൾ എല്ലാം എനിക്കു് തുറന്നെഴുതണം. ഞാൻ ഓപ്പോളുടെ മറു പടിക്കുവേണ്ടി കാത്തിരിക്കും.

—രാമു.

കത്തു് ഒരിക്കൽക്കൂടി വായിച്ചൊട്ടിച്ചു് സ്ക്കൂ ളിൽ നിന്നു് മടങ്ങുന്നവഴി അവനതു് പോസ്റ്റ് ചെ യ്യുകയും ചെയ്തു. സ്ക്കൂളിലേക്കുള്ള അവൻെറ മേൽവിലാസം കത്തിനുപുറത്തെഴുതിയിരുന്നു.

ദിവസങ്ങൾ വീണ്ടും നീങ്ങി. കുട്ടിമ്മാമ വീണ്ടും പലതവണ വന്നുപോയി. എല്ലാം വിരസങ്ങളായ ദിവസങ്ങളായിരുന്നു അവന്നു്. തികഞ്ഞ ഏകാന്ത തയിലവൻ ദിവസം മുഴുവനും കഴിച്ചുകൂട്ടി. അമ്മ ഓപ്പോളുടെ മറുപടിക്കുവേണ്ടി അവൻ അക്ഷമയോ ടെ കാത്തിരുന്നു. ദിവസങ്ങളോരോന്നായി നീങ്ങു മ്പോഴും അവൻെറ അക്ഷമ വർദ്ധിക്കുകയായിരുന്നു. അമ്മു ഓപ്പോൾ തൻെറ കത്തിനു് മറുപടിയയയ്ക്കാതിരി ക്കില്ല. അയയ്ക്കാതിരിക്കില്ല. അമ്മു ഓപ്പോൾക്കു് എ ന്നോട്ട് സ്നേഹമില്ലാതിരിക്കില്ല. അവൻ സ്വയം വിശ്വസിക്കാൻ ശ്രമിച്ചു....ആ വിശ്വാസത്തിലൂടെ സമാധാനം കണ്ടെത്തുകയും ചെയ്തു.

ഒന്നരയാഴ്ച കഴിഞ്ഞിട്ടും അമ്മു ഓപ്പോളുടെ മറു പടി വരാതിരുന്നപ്പോൾ അവന്നു് നിരാശ തോന്നി. താനയച്ച കത്തു് അവിടെ കിട്ടിയിട്ടുണ്ടാവില്ലെന്നു പോലും ഒരുവേള അവൻ സംശയിക്കാതിരുന്നില്ല. എങ്കിലും ഓരോ ദിവസവും സ്ക്കൂളിൽ കത്തുകളും



മണിയോർഡറുകളും കൊണ്ടുവരുന്ന തപ്പാൽ ശിപാ യിയെ സമീപിച്ചു് അവൻ ചോദിക്കും... തനിക്കു് വല്ല കത്തുകളുമുണ്ടോയെന്നു്...അയാൾ ഇല്ലെന്നു് തലകുലുക്കിക്കാണിക്കും. നിരാശയോടെ അവൻ തി രികെ ക്ലാസ്സിൽ വന്നിരിക്കയും ചെയ്യും.

തികഞ്ഞ നിരാശയിൽ കഴിഞ്ഞുകൂടുമ്പോഴാ ണു് പെട്ടെന്നവനാ കത്തു കിട്ടിയതു്. മുഷിഞ്ഞ ഒരിൻലാണ്ട കവറായിരുന്നു അതു്....ആർത്തിയോടെ അവനതു പൊട്ടിച്ചു് വായിക്കുവാൻ തുടങ്ങി. വായി ച്ചുനീങ്ങുംതോറും അവൻെറ കണ്ണുകളിൽ ഇരുട്ടുകയറു ന്നുണ്ടായിരുന്നു. അവൻ ക്രമേണ തളരുകയായിരുന്നു. ആ കത്തിലെ വാചകങ്ങളൊന്നും അവനു് വിശ്വ സിക്കാൻ കഴിഞ്ഞില്ല.

പ്രിയപ്പെട്ട രാമു,

നിൻെറ കത്തുകിട്ടിയിട്ടു് വളരെ നാളായി. എങ്കിലും ആ കത്തിനൊരു മറുപടിയെഴുതുവാൻ ഇന്നു വരെ എനിക്കു് സാധിച്ചില്ല. ചുരുക്കിപ്പറഞ്ഞാൽ നിൻെറ കത്തിനു് എങ്ങിനെയാണു് ഒരു മറുപടി യെഴുതേണ്ടതെന്നെനിക്കറിയില്ലായിരുന്നു. അന്നു ഞാ നാക്കാര്യം നിന്നോട്ട് പറഞ്ഞില്ലായിരുന്നെങ്കിൽ നീയിന്നു് ഇങ്ങിനെയൊരു ചോദ്യം എന്നോട്ട് ചോദിക്കുകയില്ലായിരുന്നു. എല്ലാം എനിക്കറിയാം... പക്ഷെ അറിഞ്ഞുകൊണ്ടു് നിന്നെ ഒരു കുഴിയിൽ ചാടിക്കുവാൻ എൻെറ മനസ്സ് സമ്മതിക്കുന്നില്ല.

കുട്ടിമ്മാമ എന്ന മനുഷ്യൻ എന്നു മുതലാണു് നിന്നെ സ്നേഹിക്കുവാൻ തുടങ്ങിയതു്...ഇന്നലെ...അ

തായതു് ഏതാനും നാളുകൾക്കു മുമ്പു് മാത്രം അല്ലേ..
നിൻെറ വല്യമ്മാവൻ നിന്നെ ഒരിക്കലും സ്നേഹിച്ചി
ട്ടില്ല. അതു ശരിതന്നെ എന്നാലും...നീ കുട്ടിയാ
രുന്നപ്പോൾ ഒരിക്കലും നിന്നെ കുട്ടിമ്മാമ തിരിഞ്ഞു
നോക്കിയിരുന്നില്ല. പക്ഷെ രാമൂ...ഇന്നു് നീ വ
തായിരിക്കുന്നു ..അല്ലമെങ്കിലും...

കുട്ടിമ്മാമ നിന്നെ പഠിപ്പിക്കുന്നതു്...അമ്മ
ല്ലാത്ത നിന്നോടു് സഹതാപം കാണിക്കുന്നതു്
ന്തിനാണു്...ഏതാനും ദിവസങ്ങൾക്കകത്തു് പ
ല്ലാത്ത ഈ സ്നേഹവും സഹതാപവും എവിടെനി
ണ്ടായതു്.കുട്ടി...നിന്നെ പഠിപ്പിക്കുന്നതു്...വലി
വനാക്കാൻ ശ്രമിക്കുന്നതു് കുട്ടിമ്മാമയ്ക്കു് നിന്നി
നിന്നും മുതലെടുക്കാമെന്ന ഉദ്ദേശത്തോടുകൂടിത്ത
യാണു്.

കുട്ടിമ്മാമയ്ക്കു് ഒരു മകളുണ്ടു്...കുരുടത്തി
ഒരു മകൾ...ഇപ്പോൾ പത്തു പന്ത്രണ്ടു വയസ്സു
മുണ്ടു്. ചെറുപ്പത്തിൽ മസൂരി പിടിച്ചാണു് അ
ടെ കണ്ണുകൾ നഷ്ടപ്പെട്ടതു്. ആ പെൺകുട്ടിയെ
ന്നെക്കൊണ്ടു് വിവാഹം കഴിപ്പിക്കാനാണു് കുട്ടി
മ്മയുടെ ഉപദേശങ്ങളുടേയും...ഇന്നത്തെ നിന്നോ
സ്നേഹത്തിൻെറയും നിന്നെ വലിയവനാക്കുന്നതി
താല്പര്യത്തിൻെറയും ഉദ്ദേശ്യം. ഈ കാര്യം ഇപ്പോ
ത്തന്നെ അദ്ദേഹം പലരോടും പറഞ്ഞു നടക്കു
ണ്ടു്...നിന്നെ പഠിപ്പിച്ചു് വലിയവനാക്കുമ്പോ
തീർച്ചയായും നിനക്കു് കുട്ടിമ്മാമയോടു് കട
ളുണ്ടാവും ഇല്ലേ...ആ കടപ്പാടുകളുടെ വെളി
ലൂടെ കുട്ടിമ്മാമ നിന്നോടു് ആ കുരിടിപ്പെ



വിവാഹം കഴിക്കാനാവശ്യപ്പെടും. നിനക്കെതിരു പറ
യാൻ സാധിക്കാതെവരും. ആ കണ്ണുപൊട്ടിയെ വി
വാഹം കഴിക്കുന്നതോടെ നിൻെറ ഭാവി നശിക്കുകയും
ചെയ്യും. പക്ഷെ എന്നുകരുതി പഠിപ്പുവിട്ടു് നീ അ
മ്മാവനോടു പിണങ്ങരുതു്. അതും നിന്റെ ഭാവിയെ
സാരമായി ബാധിക്കും...നീ ചോദിച്ചതുകൊണ്ടാണു്
ഇത്രയുമൊക്കെ എഴുതിക്കൂട്ടിയതു്. ഇല്ലെങ്കിൽ എഴ
ുതുകയില്ലായിരുന്നു..."

പിന്നെയും അമ്മു ഓപ്പോൾ എന്തൊക്കെയോ
എഴുതിക്കൂട്ടിയിട്ടുണ്ടു്. മുഴുവനും വായിക്കുവാനവനു്
കഴിഞ്ഞില്ല. അവൻെറ കണ്ണുകളിൽ വെള്ളം നിറ
ഞ്ഞു കഴിഞ്ഞിരുന്നു.

ഹോ! കഷ്ടം...

അമ്മാവൻെറ ഉദ്ദേശ്യങ്ങളുടെ വഴിപിഴച്ച
പോക്കു്—തന്നെ പഠിപ്പിച്ചു വലിയവനാക്കി കുരുട
ത്തിയായ മകളെ വിവാഹം കഴിപ്പിക്കുക. തന്നിൽ
വല്ലവനായ, യോഗ്യനായ ഒരു ഭർത്താവിനെയാണു്
ത്ത പെരുപ്പത്തിലെ അമ്മാവൻ കാണുന്നതു്. അമ്മാ
വൻ തനിക്കു ചിലവഴിക്കുന്ന ഓരോ പൈസയും ആ
വിചാരം ഉള്ളിൽ വച്ചുകൊണ്ടല്ലേ? അക്കാര്യം പല
രോടും പറഞ്ഞു നടക്കുകകൂടി ചെയ്തുതുടങ്ങിയിരിക്കുന്നു
പോലും.

കണ്ണുപൊട്ടത്തിയായ ഒരു പെൺകുട്ടിയെ മനസ്സ
റിഞ്ഞു വിവാഹം കഴിക്കുവാൻ താൻ തയ്യാറില്ലെ...
പിന്നെ എന്തിനാണീ കുരുക്കു വിദ്യകൾ. കഷ്ടം...
വല്ലവനാണെന്നു കരുതിയിരുന്ന കുട്ടിമ്മാമയുടെ അക

ത്തു തീ തുപ്പുന്ന വിഷസർപ്പങ്ങളാണെന്നു് ഒരിക്കല
താൻ വിശ്വസിച്ചിരുന്നില്ല.

പാവം...അമ്മ,ഓപ്പോൾ

അന്നവരതു പറഞ്ഞപ്പോൾ അവരെ അവിശ
സിക്കുവാൻ ശ്രമിക്കുകയാണുണ്ടായതു്.

"ഏതായാലും രണ്ടിലൊന്നറിഞ്ഞിട്ടേ ഇ
യുള്ളു." അമ്മാവനോടതു ചോദിക്കണം. എന്നി
ഇനി പഠിത്തം തുടരേണ്ടതുള്ളുവെന്നവൻ തീരു
നിച്ചു കുട്ടിമ്മാമയ്ക്കു തന്നിൽ ഈ പതിമൂന്നാം വ
സ്സിൽത്തന്നെ ഒരു ഭർത്താവിനെ കണ്ടെത്താൻ സാ
ച്ചിരിക്കുന്നുവെങ്കിൽ, ഒരു ഭർത്താവിനുവേണ്ടിയാ
അയാൾ പണം ചിലവഴിക്കുന്നതെങ്കിൽ...വേ
പഠിപ്പും കുന്തവും ഒന്നും വേണ്ടാ...എങ്കിൽ കടപ്പ
കളുടെ ഒരു ഭാരവും തലയിലേന്തി നടക്കേണ്ടിവര
ല്ലോ...പഠിപ്പില്ലാതെ തന്റെ ഭാവി നശിക്കുന്നു
ങ്കിൽ നശിക്കട്ടെ. പഠിപ്പുണ്ടായിട്ടു നശിക്കുന്നതി
ഭേദമല്ലെ പഠിപ്പില്ലാതെ നശിക്കൽ

ഏതായാലും ഇനി രണ്ടിലൊന്നറിഞ്ഞേ ത
സ്കൂളിന്റെ പടി ചവിട്ടുകയുള്ളുവെന്നു് മനസ്സിൽ
തീർച്ചയാക്കിക്കൊണ്ടവൻ ഇറങ്ങി നടന്നു.

"ഒന്നെങ്കിൽ എല്ലാം നശിക്കണം.

ജീവിതവും...

അല്ലെങ്കിൽ........"

അവൻ മനസ്സിൽ പിറുപിറുത്തു.

No....... THE V.K.S. ...TTOOR.

## അദ്ധ്യായം 7

കുട്ടിമ്മാമ വിവാഹം കഴിച്ചതു് കുപ്പത്തു നിന്നായിരുന്നു. ഒരു കാലത്തു് പ്രസിദ്ധികേട്ട ഒരു തറവാടായിരുന്നു അതു്. കൊല്ലിനും കൊലയ്ക്കും അധികാരമുള്ളവരായിരുന്നു അവർ. ഇരുന്നൂറിൽപ്പരം അംഗങ്ങളുണ്ടായിരുന്ന തറവാടായിരുന്നു. കുഞ്ചുനായർ കാരണവരായതോടുകൂടിയാണു് തറവാട്ടു് നശിച്ചതു്. കുഞ്ചുനായർ വലിയ ദൈവഭക്തനായിരുന്നു. അവരുടെ തറവാട്ടുഭഗവതിക്കുവേണ്ടി അയാൾ പുത്തൻ അമ്പലം പണികഴിപ്പിച്ചു. കൊല്ലംതോറും മുമ്പെങ്ങുമില്ലാത്തവിധം അവിടെ ഉത്സവങ്ങൾ നടത്തി. ഒരുപാടു് പണം കളഞ്ഞുകുളിച്ചു. തറവാടു ക്ഷീണിച്ചു നില്ക്കുമ്പോഴാണു് ഭാഗംവെപ്പു നടന്നതു്. ഇരുന്നൂറിൽപ്പരം അംഗങ്ങൾക്കായി ആ തറവാട്ടു് വെട്ടി ഓരിവെച്ചു. ഭാഗം കഴിഞ്ഞതിനുശേഷം കഷ്ടിച്ചു് ഒരാഴ്ചപോലും കുഞ്ചുനായർ തറവാട്ടിൽ...നാട്ടിൽപ്പോലും നിന്നില്ല. തനിക്കു കിട്ടിയ ഓഹരിയും വിററു് അയാൾ കാശിക്കു കെട്ടുകെട്ടി. പിന്നീടൊരിക്കലും തിരിച്ചു വന്നില്ല.

ഭാഗംവെപ്പിൽ ആ പഴയ തറവാടു കിട്ടിയതു് കുഞ്ഞുലക്ഷ്മിഅമ്മക്കായിരുന്നു. അവരും പ്രായം തികഞ്ഞ രണ്ടു പെൺമക്കളും. ഈ അവസരത്തിലാണു് കുട്ടിമ്മാമ അവിടെ വിവാഹമന്വേഷിച്ചു ചെന്നതു്. കുഞ്ഞുലക്ഷ്മിഅമ്മയുടെ മൂത്ത മകളായിരുന്ന പാറുക്കുട്ടിയെ അയാൾ കല്യാണം കഴിച്ചു. അതോടെ ഒരാണും തുണയില്ലാതായിത്തീർന്ന ആ നശിച്ച തറവാട്ടിലെ കാര്യങ്ങളും അയാൾ നോക്കി നടത്താൻ തുടങ്ങി.

അതയാളുടെ ചുമതലയായിരുന്നു. ഒന്നുരണ്ടു കൊ... ങ്ങൾ കഴിയുന്നതിനു മുമ്പുതന്നെ പാറുക്കുട്ടിയുടെ അ... നിയത്തിയായിരുന്ന കുഞ്ഞുകുട്ടിയുടെയും വിവാഹ... കഴിഞ്ഞു. സിങ്കപ്പൂരിൽ ജോലിയുണ്ടായിരുന്ന ഒ... രാമൻകുട്ടിനായരായിരുന്നു അവളെ കല്യാണം ക... ച്ചതു്. അയാൾ സിങ്കപ്പൂരിലേക്കു മടങ്ങിപ്പോ... മ്പോൾ കുഞ്ഞുകുട്ടിയേയും കൂട്ടിക്കൊണ്ടുപോയി.

കൊല്ലങ്ങൾ പലതു കഴിഞ്ഞു. സിങ്കപ്പൂരി... നിന്നും കുഞ്ഞുകുട്ടിയമ്മയും രാമൻകുട്ടിയും പലതവ... വന്നു മടങ്ങിപ്പോയി. ഇന്നവർക്കു് അഞ്ചു കുട്ടിക... ണ്ടു്. അവർ ഇപ്പോഴും സിങ്കപ്പൂരിൽ തന്നെയാ... താമസം.

പാറുക്കുട്ടിയമ്മ വിവാഹം കഴിഞ്ഞു് അഞ്ചു ... സവിച്ചു. ആദ്യത്തെ രണ്ടു കുട്ടികൾക്കു ജനിക്ക... സമയത്തുതന്നെ ജീവനില്ലായിരുന്നു. മൂന്നാമതു പ്ര... വിച്ച ആൺകുട്ടി വയസ്സു തികയുന്നതിനു മുമ്പു് ... ച്ചു. നാലാമതും അവർ പ്രസവിച്ചു. ഒരാൺകു... വർഷങ്ങളോരോന്നായി നീങ്ങി.

നാലാമത്തെ കുട്ടിയെ പ്രസവിച്ചു രണ്ടുനാലു വ... ങ്ങൾ കഴിഞ്ഞപ്പോൾ അവർ വീണ്ടും പ്രസവിച്ചു. ... പെൺകുട്ടി. ആ പെൺകുട്ടിക്കവർ നീലാ എന്നു ... രിട്ടു......

മരിച്ചുപോയ കുട്ടികളെക്കുറിച്ചുള്ള വേദന ... ത്തിൽ പാറുകുട്ടിയമ്മ മറക്കാൻ തുടങ്ങിക്കഴിഞ്ഞി...

പക്ഷെ...ആരും പ്രതീക്ഷിക്കാത്ത ആ വ... ടെ വരവു് അപ്പോഴാണുണ്ടായതു്. നാടൊട്ടുക്കു ...



... രി വളർന്നു പിടിച്ചു. ഓരോ വീട്ടിൽത്തന്നെ പലർക്കുമുണ്ടായി. വളരെയധികം പേർ മരിച്ചു. സാവധാനംകുപ്പത്തെ തറവാട്ടിലെ ഇരുട്ടു മൂടിക്കിടന്നിരുന്ന ഉള്ളറകളിലേക്കും വസൂരി കടന്നുവന്നു. നാടൊട്ടുക്കും കുത്തിവെപ്പും ബഹളവുമുണ്ടായി.

കുപ്പത്തു് ആദ്യം വസൂരി പിടിച്ചതു് കുട്ട്യമ്മാമയ്ക്കായിരുന്നു. അയാൾ ഒരു വിധം കുളിച്ചെഴുന്നേററില്ല. കുഞ്ഞുലക്ഷ്മി അമ്മയ്ക്കു് പൊന്തിക്കഴിഞ്ഞിരുന്നു. കുഞ്ഞുലക്ഷ്മിഅമ്മ കുളിച്ചില്ല. കുറെ മൂത്തിയ ജാതിയായിരുന്നു അവർക്കുണ്ടായതു്. സ്വതവെ വൃദ്ധയായിത്തീർന്നിരുന്ന അവർക്കു് ഇതുകൂടി വന്നതോടെ മരണത്തെ തന്നെ ആശ്രയിക്കേണ്ടിവന്നു. അവർ മരിക്കുന്നതിനു മുമ്പുതന്നെ രണ്ടുകുട്ടികൾക്കും പൊള്ളുന്ന പനിതുടങ്ങിക്കഴിഞ്ഞിരുന്നു. വസൂരി പൊന്തി പതിനാലാം ദിവസം ആ ആൺകുട്ടിയും മരിച്ചു. അതു് പാറുകുട്ടിയമ്മയ്ക്കും കുട്ടിമ്മാമയ്ക്കുമേററ ഒരു വല്ലാത്ത അടിയായിരുന്നു.

അതുകൊണ്ടും വസൂരിച്ചെകുത്താൻ സന്തോഷിത്തനായില്ല. ആ പെൺകുട്ടിയുടെ–നീലായുടെ–കണ്ണുകൾകൂടി നഷ്ടപ്പെടുത്തിക്കൊണ്ടവൻ കടന്നു കളഞ്ഞു. ...ങ്ങിനെ നീലാ ഒരു കുരുടത്തിപ്പെണ്ണായി. കുട്ട്യമ്മാമ... അമ്മാവിയും ഒരിക്കലും സഹിക്കാനാവാത്ത വേദ...യിലേക്കു് വഴുതി വീഴുകയും ചെയ്തു.

വർഷങ്ങൾ നീങ്ങിക്കൊണ്ടിരുന്നതോടെ വേദനാ...നങ്ങളായ എല്ലാ കഥകളും അവർ സ്വയം മറക്കുവാൻ ...മിച്ചു. എല്ലാം വിധിയാണെന്നവർ വിശ്വസിക്കാൻ ...മിച്ചു. വില കുറഞ്ഞ ആ വിശ്വാസത്തിൽ സമാധാ...ം കണ്ടെത്താൻ ശ്രമിക്കുകയും ചെയ്തു.

കുട്ടിമ്മാമനെ കുറിച്ചുള്ള കഥകളൊക്കെ അവ
റിയാമായിരുന്നു. നാലഞ്ചു വർഷങ്ങൾക്കു മുമ്പ് ആ കു
യെ കണ്ടതായ ഒരോർമ്മയും അവനുണ്ട്. വസൂരിപ്പിട
ച്ച് മുഖത്തുനിറയെ പുള്ളിക്കുത്തുകളുള്ള ഒരു പെ
കുട്ടി. അവൾക്ക് കണ്ണു കണ്ടുകൂടാ. തപ്പിത്തപ്പിയായി
ക്കും നടക്കുക. അന്നവളോട് സഹതാപം കലന്ന സ്നേ
ഹം തോന്നിയിരുന്നു.

ഇന്നവൾ വലിയവളായിക്കഴിഞ്ഞിരിക്കും. അ
മുഖത്തെ കലകൾ കുറെയൊക്കെ മാഞ്ഞുപോയിക്ക
ഞ്ഞിരിക്കും. പക്ഷെ, എന്തു കൊണ്ടോ, ഇന്നാ പഴ
സഹതാപം കലന്ന സ്നേഹം കൂടി അവളോട് തോ
ന്നില്ല.

അമ്മൂഓപ്പോളുടെ കത്തു കിട്ടിയതിന്നു ശേ
മാണ് ഈ തോന്നലൊക്കെ. കുറെ പുതിയ തോന്ന
കൾ ജീവിതത്തിലേക്ക് പറന്നെത്തിയിരിക്കുന്നു. ക
വ്യക്തങ്ങളും അതിലധികം അവ്യക്തങ്ങളുമായ
ന്നലുകൾ.

രണ്ടു ദിവസമായി സ്കൂളിൽ പോയിട്ട്. എ
ണ് പോകാത്തതെന്ന് ആരും ചോദിച്ചില്ല. ആ
അന്വേഷിച്ചില്ല. പോകുവാൻ വേണ്ടി ആരും നിർ
ബന്ധിച്ചതുമില്ല. കുട്ടിമ്മാമയോടക്കാര്യത്തെക്കുറി
ചോദിക്കണമെന്നവനാഗ്രഹമുണ്ടായിരുന്നു. കുട്ടിമ്മ
വരാൻ വേണ്ടി അവൻ കാത്തിരുന്നു.

പുസ്തകം വായനയും പഠിപ്പുമെല്ലാം അവൻ
ണ്ടെന്നുവെച്ചു. ദിവസം മുഴുവൻ മുറിയിൽ ചുരുണ്ടു
ക്കിടന്ന് ഏങ്ങിയേങ്ങിക്കരയും. ആഹാരം കഴിക്കാ
യി അവൻ അടുക്കളയിലേക്കെഴുന്നേറ്റു ചെല്ലുമ്പോ



ആ മുഖം കരഞ്ഞുകരഞ്ഞ് ചെമന്നിട്ടുണ്ടാവും. കവിൾ
പോളകൾ തടിച്ചു വീർത്തിട്ടുണ്ടാവും.

അവസാനം കുട്ടിമ്മാമ വന്നു.

അവൻ പ്രതീക്ഷിച്ചിരുന്നത് അയാൾ ചോദി
ച്ചു. എന്താണ് സ്കൂളിൽ പോകാത്തതെന്ന്. ശരീ
രത്തിന്ന് നല്ല സുഖമില്ലെന്നു പറഞ്ഞവൻ ഒഴിഞ്ഞു
മാറുകയാണുണ്ടായത്.

കുട്ടിമ്മാമയോട് ആ പഴയകാര്യത്തെക്കുറിച്ച്
ചോദിക്കണമെന്നവനാഗ്രഹമുണ്ടായിരുന്നു. പക്ഷെ എ
ന്തുകൊണ്ടോ അത് ചോദിക്കുവാനുള്ള ശക്തി അവ
നില്ലായിരുന്നു. കുട്ടിമ്മാമയെ മുന്നിൽ കാണുമ്പോൾ
എന്താണ് ചോദിക്കേണ്ടതെന്ന കാര്യം കൂടി അവൻ
മറന്നു പോയിരുന്നു. കുട്ടിമ്മാമ മടങ്ങിപ്പോകുന്നതുവരെ
യും ആ കാര്യമവന് ചോദിക്കുവാൻ കഴിഞ്ഞില്ല. കുട്ടി
മ്മാമ പോയപ്പോൾ വീണ്ടും മുറിയിൽ ചെന്നു കിടന്നു
കരഞ്ഞു.

അവൻ ഓർത്തുനോക്കി.

തന്റെ ചോദ്യം കുട്ടിമ്മാമയെ വേദനിപ്പിക്കു
വാൻ മാത്രമല്ലെ ഉതകുകയുള്ളൂ. സംഭവിക്കേണ്ടതൊ
ക്കെ സംഭവിക്കുകയും ചെയ്യും. പിന്നെ എന്തിനാ
ണത് ചോദിക്കുന്നത്. വേണ്ട...ചോദിക്കണ്ട...ഇനി
ഒന്നും പറയുകയും വേണ്ട...ഈ വലയിൽ നിന്നും കൂടു
തൽ വേഗത്തിൽ രക്ഷപ്പെടുകയായിരിക്കും നല്ലത്.
ആരോടും ഒന്നും പറയാതെ ഒളിച്ചോടിക്കളയാം...ത
ന്റെ ചുറ്റും പിശാചുക്കളാണ് നൃത്തം വെയ്ക്കുന്നതെ
ന്ന് ജീവിതത്തിലാദ്യമായി അവനു തോന്നി. സംസാരി
ക്കാത്ത അമ്മാവി...കണ്ടാലും കണ്ടില്ലെന്നു നടിക്കുന്ന

അമ്മാവൻ...തന്നിൽ ഇത്ര ചെറുപ്പത്തിലേ ഒരു ഭർത്താ
വിനെ...കാണുന്ന അമ്മാവൻ...കുട്ട്യമ്മാമ

വല്യമ്മാവനോടും അമ്മാവിയോടുമല്ല ഇന്നവന
ധികം വെറുപ്പുതോന്നുന്നത്. കുട്ട്യമ്മാമയോടാണ്...
രു ഭർത്താവിനെ...തന്റെ കണ്ണുപൊട്ടത്തിയായ മകൾക്ക
ക്ക് ഭർത്താവിനെ പണം ചിലവഴിച്ച് വളർത്തിയെടുക്കു
ന്ന കുട്ട്യമ്മാമയോടാണ്.

ജനിച്ചുമുതലാരംഭിച്ച വേദന...അതൊരിക്കലും
അവസാനിക്കുകയില്ലെന്നവൻ മനസ്സിലാക്കി. അതു
കൂടിക്കൂടിവരികയേയുള്ളൂ.

അവൻ കിടന്നിടത്തു നിന്നെഴുന്നേററു. നേരെ
പുറത്തേക്കു നടന്നു. ആകാശം കാറു മൂടിക്കിടക്കുകയായി
രുന്നു. അടുത്ത ഏതുനിമിഷത്തിലും മഴപെയ്യാം. കീറിയ
ബനിയനും കുട്ട്യമ്മാമ തൈയ്പ്പിച്ചു തന്ന പുതിയ നി
ക്കറുമായിരുന്നു അവൻ ധരിച്ചിരുന്നത്. നേരെ അവൻ
പോയത് പോസ്റ്റാഫീസിലേക്കായിരുന്നു. ഒരിൻലാണ്ട്
കവർ വാങ്ങി മഴ പെയ്തു തുടങ്ങുന്നതിനു മുമ്പ് തി
രികെ ഓടിപ്പോരികയും ചെയ്തു.

അവൻ മുറിയിൽ ചെന്നിരുന്ന് അവസാനമായി
അമ്മു ഓപ്പോളോക്ക് കത്തെഴുതുമ്പോൾ പുറത്ത്
ർപ്പൻ കാററും മഴയുമുണ്ടായിരുന്നു. ഇടി മുരളുന്ന ശബ്ദം
അവനല്പാല്പമായി മുറിയിലിരുന്നാൽ കേൾക്കാമായി
രുന്നു. എന്തൊരു മഴയാണ്. അത്ര നേരം ആകാശത്
ടിഞ്ഞു കൂടി നിന്നിരുന്ന മേഘക്കഷണങ്ങൾ മുഴുവനും
ത കന്നുടഞ്ഞു് വെള്ളമായി ഭൂമിയിലേക്കൊഴുകുകയാ
യിരുന്നു. കാററ് മൂളൽ ശബ്ദത്തോടെ വീശിക്കൊണ്ടി



ന്നു അപ്പോഴും. എവിടെ നിന്നൊക്കെയോ ജനാലകൾ
അടയുന്നതും തുറക്കുന്നതുമായ ശബ്ദം കേട്ടപ്പോൾ അ
വന്ന് സഹിച്ചില്ല. പാതിയെഴുതിത്തീന്ന കത്ത് അ
വിടെത്തന്നെ വെച്ച് അവൻ വരാന്തയിലേക്കോടി.
വല്യമ്മാവൻ സീനയെ മഴയത്തുനിന്നും അഴിച്ചു കൊ
ണ്ടു വരികയാണ്. 'സീന' അപ്പോഴും കരഞ്ഞുകൊണ്ടി
രുന്നു. വേദനാജനകമായ കരച്ചിൽ. പാവം! മഴനന
ഞ്ഞു് അതിന്നു് ശരീരം മഴവനും തണുത്തു വിറക്കുന്നു
ണ്ടായിരിക്കണം. അവൻ തിരികെ മുറിയിലേക്ക് മട
ങ്ങിപ്പോന്നു. എഴുതിത്തീരാത്ത കത്ത് തുടന്നെഴുതാരം
ഭിച്ചു.

അമ്മു ഓപ്പോളെ എന്തൊക്കെയോ എഴുതി അ
റിയിക്കണമെന്നവന് ആഗ്രഹമുണ്ട്. അവന്റെ മന
സ്സിലെ വേദനകൾ അതേ വിധത്തിൽ ആ കത്തിലേ
ക്ക് പകത്തണമെന്നവന് ആഗ്രഹമുണ്ടായിരുന്നു.
പക്ഷെ എഴുതിത്തീന്നപ്പോളാണ് അതിനൊന്നും സാ
ധിച്ചില്ലെന്നവന് മനസ്സിലായത്. എഴുതിത്തീന്
കത്ത് അവൻ വായിച്ചു നോക്കി.

അമ്മു ഓപ്പോളക്ക് സ്നേഹത്തോടെ രാമു എഴുതുന്നത്.

അമ്മു ഓപ്പോളയച്ച കത്തിന് ഒരായിരം നന്ദി.
ഈ ജീവിതത്തിൽ ആരോടും യാതൊരുവിധത്തിലും
കടപ്പാടുകളുണ്ടാക്കാൻ ഞാനാഗ്രഹിക്കുന്നില്ല... എ
ങ്കിലും അമ്മു ഓപ്പോളോടുള്ള കടപ്പാടുകളെക്കുറി
ച്ചെനിക്ക് മറക്കാൻ വയ്യ...അതു മറന്നുകൊണ്ടല്ല
ഞാനിതെഴുതുന്നതും.

ഇത്ര ചെറുപ്പത്തിലേ എന്നിൽ ഒരു ഭർത്താവി
നെ കണ്ടെത്തുന്ന അമ്മാവനെ...കുട്ടിമ്മാമയെ...എ

ങ്ങളെ വിശ്വസിക്കാൻ സാധിക്കും. ന്നിൽ ഒരു ഭാവിയെ കണ്ടുകൊണ്ട്...അവ ളർത്തിയെടുക്കാൻ... കെട്ടിപ്പിടിക്കാൻ... ക നിയെ വിവാഹം കഴിപ്പിക്കാൻ ഇതിനൊക്കെ വേണ്ടിയല്ലെ അമ്മേ ഈ പണമൊക്കെ എനി ക്കുവേണ്ടി ചിലവഴിക്കുന്നത്. കഷ്ടം! അതൊക്കെയോ എന്റെ ഉള്ളം പൊട്ടിപ്പോകുന്നു...അമ്മാവ കുറ്റപ്പെടുത്തിയാൽ തീരാതെ കല്യാണം കഴിക്കാ ഇതൊന്നുമില്ലാതെതന്നെ...സ്നേഹത്തിന്റെ പേരിൽ... സഹതാപത്തിന്റെ പേരിൽ...അതൊന്നുമാകുമായിര ന്നു. പക്ഷെ അതിനെയൊക്കെ കടത്തി വിട്ടു ല്ലല്ലോ.

എല്ലാറ്റിനും എതിര് വെച്ചുകൊണ്ടു ദാനിന്ന് ഓപ്പോളെ...വല്യമ്മാവനും അമ്മാവി എന്നോടിഷ്ടമില്ല. അവരെന്നോട് സംസാരിക്കാ പോലുമില്ല. ഇവിടെ ഈ ഏകാന്തതയിൽ... ത്തിൽ കിടന്ന് ഞാൻ മരിക്കുകയാണ്. കുട്ടിമ്മ യുടെ ആത്മാർത്ഥതയും സ്നേഹവും കണ്ടപ്പോൾ ഞ ആശ്വസിച്ചിരുന്നു. സ്വയം മറന്നാശ്വസിച്ചിരു കഷ്ടം...എന്റെ വിധി ഇങ്ങനെ ആയിപ്പോയ എന്റെ സ്വന്തം അച്ഛനും പോലും എന്നെ ക ഓരോന്നും ആഗ്രഹിച്ചപ്പോൾ പിന്നെന്തി ഞാൻ ജീവിക്കണം.

അമ്മ, ഓപ്പോളെ,.. ഓപ്പോൾക്ക് ഈ കത്ത് യിൽ കിട്ടുമ്പോഴേക്കും ഞാനീ ലോകം വിട്ടിട്ടു ണ്ടാകും...ഈ..ഈ ചുറ്റുപാടുകളിൽ ജീവിക്കുവ ൻ ആഗ്രഹിക്കുന്നില്ല. അവസാനമായി ഈ ക



ലൂടെ തന്നിതാ അമ്മ, ഓപ്പോളോട് മാത്രം ചോദിക്കുന്നു...ഇനി എന്തെങ്കിലും ഭാഗ്യമുണ്ടെങ്കിൽ കാണാം...ചേട്ടനോട് വിവരം പറയണം—

സ്വന്തം രമ.

വായിച്ചുനോക്കി കത്തൊട്ടില്ല......

പോക്കറ്റിലിട്ടു..

പുറത്തേക്ക് നടന്നു...മഴ തെല്ലു ശമിച്ചിരിക്കുന്നു...കാറ്റ് കരയെല്ലാ വീശുന്നുണ്ട് ചാറ്റിക്കൊണ്ടിരുന്ന മഴ സാരമാക്കാതെ അവൻ മുറ്റത്തേക്കിറങ്ങി.

## അദ്ധ്യായം 8

അതറിഞ്ഞപ്പോൾ അയാൾ തരിച്ചു നിന്നുപോയി...നിമിഷങ്ങളോളം അതയാൾക്ക് വിശ്വസിക്കുവാൻ കഴിഞ്ഞില്ല. അങ്ങിനെ സംഭവിക്കുമോ... കുട്ടിമ്മ മുറ്റത്ത് നിശ്ചലനായി നിമിഷങ്ങളോളം നിന്നു. അയാൾക്ക് പിന്നെയും എന്തൊക്കെയോ ചോദിക്കണമെന്നുണ്ടായിരുന്നു...പക്ഷെ എന്താണ് ചോദിക്കേണ്ടതെന്ന് തികച്ചും അയാൾക്ക് രൂപമില്ലായിരുന്നു.

“അപ്പോൾ മിനിഞ്ഞാന്ന് കാലത്ത് പോയതാണല്ലേ...” അത്രയും സൌമ്യതയോടെ വർഷങ്ങൾക്ക ശേഷം ആദ്യമായി ജ്യേഷ്ഠനോടയാൾ സംസാരിക്കുകയായിരുന്നു.

"അതെ..." വിഷമത്തോടെയാണ് ജ്യേ
മറുപടി പറഞ്ഞത്

"നിങ്ങളാരെങ്കിലും അവനെ ശകാരിക്കോമ
ഉണ്ടായോ..." അയാളുടെ ശബ്ദം ഇടറുന്നുണ്ട
രുന്നു.

"ഇല്ല...വളരെ നാളായി ഞങ്ങളോടാരോടും
വൻ സംസാരിക്കുകതന്നെ പതിവില്ല...ഞങ്ങളവ
ടും..." ജ്യേഷ്ഠത്തിയമ്മയായിരുന്നു മറുപടി പറ
ഞ്ഞു. അവർ തുടർന്നു... "കുറച്ചുദിവസമായി അ
സ്ക്കൂളിലും പോകാറുണ്ടായിരുന്നില്ല. മുറിയില
ന് കരച്ചിൽ തന്നെയായിരുന്നു...പ്രത്യേക കാ
മൊന്നും കൂടാതെ എന്തിനാണവൻ കരഞ്ഞിരുന്ന
ന് ഞങ്ങൾ അവനോടു ചോദിച്ചില്ല. അവൻ
ഞ്ഞതുമില്ല. എന്തുകൊണ്ടാണ് സ്ക്കൂളിൽ
കാത്തതെന്നും ഞങ്ങൾ ചോദിച്ചില്ല. ചോദിക്കേ
തായിരുന്നു..." അവർ നെടുവീർപ്പിട്ടു.

"സ്ക്കൂളിനെക്കുറിച്ചും സ്ക്കൂളിലെന്താ
പോകാതിരിക്കുന്നതെന്നതിനെക്കുറിച്ചുമൊക്കെ
ത്തയാഴ്ച ഞാൻ വന്നപ്പോൾ ചോദിച്ചു. ശരീര
ില്ലാഞ്ഞിട്ടാണെന്നാണവൻ മറുപടി പറഞ്ഞ
ന്നത്..." കുട്ടിമ്മാമ വീണ്ടും നെടുവീർപ്പിടാൻ
ിച്ചു.

"കുട്ടൻ ഇനി വിഷമിച്ചതോണ്ടൊന്നും കാ
ല്ല. മടങ്ങിവരാനുള്ളതാണെങ്കിൽ അവൻ മടങ്ങിവ
ഇല്ലെങ്കിൽ..." ജ്യേഷ്ഠനാണതു പറഞ്ഞത്.

"പക്ഷെ അവനിത്ര നന്ദികെട്ടവനാണെ



ഞാൻ കരുതീരുന്നില്ല...എന്തൊക്കെ വിചാരിച്ചതാണ് ഞാൻ..." അയാൾ വീണ്ടും നെടുവീർപ്പിട്ടു.

"നന്ദികേടിന്റെ കാര്യമൊന്നും പറയണ്ട...ആ തന്തയുടെ സ്വഭാവം മുഴുവൻ ആ ചെക്കനുമുണ്ട്..." ജ്യേഷ്ഠത്തിയമ്മ വിശദീകരണം നൽകി.

"ഞാൻ പോകുന്നു.."

കുട്ടൻ നായർ ഒന്നുരണ്ടടിയെടുത്തുവെച്ച് നടന്നുനീങ്ങാൻ തുടങ്ങി...പെട്ടെന്നെന്തോ ഓർമ്മിച്ചിട്ടെന്ന പോലെ അയാൾ പിന്നോക്കം തിരിഞ്ഞ് വരാന്തയിലേക്കുതന്നെ കയറി.

"അവൻ വല്ല കത്തോ മറ്റോ എഴുതിവച്ചിട്ടുണ്ടോ എന്നു നോക്കിയോ..." ആരോടെന്നില്ലാതെയാണയാൾ ചോദിച്ചത്.

"ഒന്നും നോക്കിയില്ല...അവന്റെ മുറിയിൽ പോയി നോക്കാം..." ജ്യേഷ്ഠത്തിയമ്മ അയാളെയും കൂട്ടി ആ മുറിയിലേക്ക് നടന്നു. ധാരാളം വെളിച്ചമില്ലാത്ത ഒരു മുറി...ഒരു മൂലയിൽ ഒരു പഴയ ചിമ്മിനിവിളക്കിരുന്നിരുന്നു...അതിനു ചുററും കുറെ പുസ്തകങ്ങൾ ചിന്നിച്ചിതറിക്കിടന്നിരുന്നു... കുറെ കടലാസുകൾ പിച്ചിച്ചീന്തി അവിടം മുഴുവനിട്ടിരുന്നു. കുറെ ദിവസങ്ങളായി ആ മുറി ആരും തൂത്തു വൃത്തിയാക്കുക പതിവില്ലെന്ന് ഒററ നോട്ടത്തിലെ മനസ്സിലാവും...കുട്ടൻ നായർ വളരെ നേരം ആ പുസ്തകങ്ങളിന്മേൽ കണ്ണും നട്ട് അങ്ങിനെ നിന്നു. അയാൾ കുമ്പിട്ട് ആ പുസ്തകങ്ങളിൽനിന്നും ഒന്നു രണ്ടെണ്ണം കയ്യിലെടുത്തു.

പെട്ടെന്ന് ഒരു പുസ്തകത്തിനുള്ളിൽ നിന്നു
മുഷിഞ്ഞ ഒരിൻലാൻഡ് കവർ താഴെ വീണു. കുട്ട
നായർ അത് കയ്യിലെടുത്ത് സാവധാനം നിവർത്തി

ജ്യേഷ്ഠത്തിയമ്മ അത്ഭുതപ്പെട്ടുനിന്നു...ആരാണവ
ന് കത്തയച്ചിരിക്കുന്നത്. ആരെങ്കിലും അവന
കത്തയയ്ക്കുന്നതായി അവർക്കറിവില്ലായിരുന്നു.

അയാൾ ആ കത്തിലെ ഓരോ വരികളായി വ
യിക്കുവാൻ തുടങ്ങി...അമ്മു ഓപ്പോളവന്നയച്ച ക
ത്താണ്. കത്തിലെ ഓരോ വരികൾ വായിക്കുംതോറ
അയാളുടെ ശരീരം വിറയ്ക്കുവാൻ തുടങ്ങി. കണ്ണുകൾ
ചെമന്നു മറിഞ്ഞു....അയാൾ പല്ലുകൾ കൂട്ടിക്കടിച്ചു
മുഴുവൻ വായിക്കുവാനയാൾക്ക് കഴിഞ്ഞില്ല. അയാ
ളുടെ കണ്ണുകളിൽ ഇരുട്ടുകയറിക്കഴിഞ്ഞിരുന്നു...അ
ളുടെ ഒരു വേദന...അവന്റെ ഭാവി നശിക്കുന്നതി
...താൻ തന്റെ കുരുടത്തിയായ മകളെ അവ
ക്കൊണ്ട് വിവാഹം കഴിപ്പിക്കാനുള്ള പണിയാ
ന്ന്...അവളവനു താക്കീതു കൊടുത്തിരിക്കുന്നു.
തന്റെ എല്ലാ ആഗ്രഹങ്ങളേയും അവസാനം ആ ക
തീ വെച്ചു നശിപ്പിച്ചു.

എഴുത്തു വായിച്ചു തീർന്ന് അയാൾ ഒരു നിമി
ജ്യേഷ്ഠത്തിയമ്മയുടെ നേരെ തുറിച്ചുനോക്കി...

അവർ അമ്പരന്നുനിന്നു...

"എന്തു പറ്റി...എന്താണാ കത്തിൽ..." വ
ച്ചു വിറച്ചു കൊണ്ടവർ ചോദിച്ചു...

രാമുവിനു നിങ്ങളുടെ അമ്മു. എഴുതിയ ക
ണിത്! കനത്ത അസൂയയും കണ്ണുകടിയും സഹി
വയ്യാഞ്ഞിട്ട്...ഞാനെന്റെ മകളുടെ ഭർത്താവാ



വേണ്ടി അവനെ പഠിപ്പിക്കുകയായിരുന്നുപോലും..."
അയാളലറിക്കൊണ്ടു വരാന്തയിലേക്കു കടന്നു.

"എന്തുപറ്റി...എന്തുപറ്റി കുട്ടാ...?" വരാന്തയിലെ ഈസിച്ചെയറിൽ കിടന്നിരുന്ന വല്യമ്മാവൻ—ജ്യേഷ്ഠൻ എഴുന്നേറ്റ് അനിയനോടു ചോദിച്ചു. അയാൾക്കൊന്നും മനസ്സിലായിരുന്നില്ല. പക്ഷെ, അനിയൻ മറുപടി പറയാതെ ഒരു കൊടുങ്കാറ്റുപോലെ ഇറങ്ങിപ്പോവുകയാണുണ്ടായത്. അനിയൻ നടന്നുപോകുന്നതും നോക്കി അയാൾ അമ്പരന്നു നിന്നു.

എങ്ങോട്ടാണ് താൻ കുതിച്ചുപായുന്നതെന്ന് നിമിഷങ്ങളോളം നേരത്തേക്ക് അയാൾതന്നെ മറന്നു കഴിഞ്ഞിരുന്നു. ഒരു കൊടുങ്കാറ്റ് അയാളുടെ ഹൃദയത്തിൽ ആഞ്ഞിരമ്പുന്നുണ്ടായിരുന്നു. രാമുവിനെ തന്നിൽനിന്നകററിയതു് അമ്മുവിന്റെ ജോലിയാണെന്നോർത്തപ്പോൾ അയാൾക്കു സഹിക്കുവാൻ കഴിഞ്ഞില്ല. അമ്മു ഇങ്ങനെയൊക്കെ ചെയ്യുമെന്നയാളൊരിക്കലും കരുതിയിട്ടില്ലായിരുന്നു. കുറെ നടന്നപ്പോൾ തല കറങ്ങുന്നതുപോലെ അയാൾക്കു തോന്നി.

തല കറങ്ങി നിലത്തു വീഴുമെന്ന നില വന്നപ്പോൾ അയാൾ പാതവക്കിലെ കുട്ടിശങ്കരൻനായരുടെ ചായക്കുബ്ബിലേക്കു കയറി. ഒരു ബഞ്ചിൽ ചെന്നിരുന്നു. പരിസരങ്ങളെല്ലാം ക്രമേണ അയാൾ മറക്കുകയായിരുന്നു.

രാമുവിനെ പഠിപ്പിക്കാൻ പറഞ്ഞയക്കുവാൻ തുടങ്ങിയതുമുതൽ അങ്ങനെയൊരു വിചാരം തന്റെ മനസ്സിൽ കടന്നുകൂടിയിരുന്നു. അക്കാര്യം ശരിതന്നെ,

ആ വിചാരം അബദ്ധത്തിന്നു് താൻ ഒന്നുരണ്ടുപേരോടു് പറഞ്ഞുപോവുകയും ചെയ്തു. അതാണബദ്ധമായതു്.

രാമുവിനെ പഠിപ്പിച്ചു വലിയവനാക്കി അവനെക്കൊണ്ടു് തന്റെ മകളെ വിവാഹം ചെയ്യിക്കണമെന്നു് തനിക്കാഗ്രഹമുണ്ടായതു് ശരിയല്ലെ? അല്ലെ...അതെ. പക്ഷെ കുരുടത്തിയായ തന്റെ മകളെ അവനു വിവാഹം കഴിച്ചുകൊടുത്തു് അവന്റെ ഭാവി നശിപ്പിക്കണമെന്നു് ഒരിക്കലും താനാശിച്ചിരുന്നില്ല. അവളെ മദ്രാസ്സിൽ കൊണ്ടുപോയി കണ്ണു് ഓപ്പറേഷൻ ചെയ്തിട്ടു് അവൾക്കു കാഴ്ച കിട്ടിയതിനുശേഷംമാത്രം വിവാഹം നടത്താനെ അയാൾ ഉദ്ദേശിച്ചിരുന്നുള്ളു. ഏതെങ്കിലും പിതാവിനു തന്റെ മകൾ എന്നെന്നും കണ്ണുപൊട്ടിയായി ജീവിക്കണമെന്നാഗ്രഹമുണ്ടാവുമൊ? കഷ്ടം! രാമുപോലും തന്നെ തെററിദ്ധരിച്ചിട്ടുണ്ടാവും. എല്ലാം ആ അമ്മു, ഒററയൊരുത്തിയാണു് കാരണം.

അമ്മു....

താനവളുടെ അച്ഛന്റെ അനിയനാണെന്ന കാര്യംപോലുംമറന്നുകൊണ്ടായിരുന്നു അവൾ പ്രവർത്തിച്ചതു്. ദ്രോഹി!

പക്ഷെ അവനും നന്ദികെട്ടവനല്ലെ.

അവൻ നന്ദികെട്ടവനായിരുന്നില്ലെങ്കിൽ അവൾ പറഞ്ഞതെല്ലാം അവൻ കേൾക്കുമായിരുന്നോ?

തന്റെ മകൾക്കു് മറെറാരു ഭർത്താവിനെ കിട്ടില്ലെന്നു് ആ മൂധേവി, അമ്മു, കരുതിയിട്ടുണ്ടായിരിക്കും. ലോകത്തിൽ പണം കൊടുത്താൽ കിട്ടാത്തതെന്തെ



കിലുമുണ്ടോ? മനസ്സിലാകുന്നില്ല. വരനെ പണം കൊടുത്താൽ കിട്ടുകയില്ലെന്നവൾ കരുതിയിരിക്കാം. കഷ്ടം! അവൾക്കിത്ര ബുദ്ധി കുറവാണെന്നു് താൻ മനസ്സിലാക്കിയിരുന്നില്ല. ഇപ്പോൾ അതും മനസ്സിലായി.

അവൻ എല്ലാം വിട്ടെറിഞ്ഞു് എവിടെയോ പോയിട്ടുണ്ടായിരിക്കുക. അറിഞ്ഞുകൂട. അല്ലെങ്കി ലന്തിനാണതൊക്കെ അറിയുന്നതു്. ആ ദ്രോഹിയെ ..നന്ദികെട്ടവനെ ഇനിയൊരിക്കലും തനിക്കു വേണ്ട. ള്ളൻ...നന്ദികെട്ട തന്തയുടെ നന്ദികെട്ട മകൻ. എ വിടെയെങ്കിലും പോയിത്തുലയട്ടെ.

പക്ഷെ അവൻ തനിക്കെന്നെന്നേക്കുമായി നഷ്ട പ്പെട്ടുവെന്നോർക്കുമ്പോൾ വല്ലാത്ത വേദന തോന്നുന്നു ടു്. തന്റെ മകളെ വിവാഹം കഴിക്കുവാൻ മററു ത്തൻകുട്ടികളെ കിട്ടാത്തതുകൊണ്ടാണോ...അല്ല..! പിന്നെ...

ഓ! തനിക്കവനോടു് ഒരു പ്രത്യേക വാത്സല്യ വും സ്നേഹവുമെല്ലാമുണ്ടായിരുന്നതല്ലെ? വാസ്തവ ത്തിൽ അവന്റെ തെററുകാരണമാണോ ഓടിപ്പോയതു? അവൻ തെററു ചെയ്തോ? അവനാണോ തെററു ചെയ്ത തു്? പതിന്നാലു വയസ്സുകാരനായ ആ കുട്ടിയെ ആ ദ്രോഹി എന്തൊക്കെയോ പറഞ്ഞു, പേടിപ്പിച്ചിട്ടു ണ്ടാവും. അവൻ ഒരു കുട്ടിയല്ലെ? അവന്റെ ഹൃദയം ഒരു കുട്ടിയുടേതു മാത്രമല്ലെ? അവൾ പറഞ്ഞതൊക്കെ കേട്ടു് അവൻ പേടിച്ചു് പൊയ്ക്കാണും. ആ പേടി... അതു മാത്രമാണു് അവനെ ഒളിച്ചോടാൻ പ്രേരിപ്പി ച്ചതു്.

"ദ്രോഹി!"

അയാൾ പിറുപിറുത്തു.

പെട്ടെന്നാണ് അതു ചായപ്പീടികയാണെ കാര്യം അയാൾക്കോർമ്മ വന്നതു്.

ചായ കുടിച്ചു് അയാളിറങ്ങി

അപ്പോഴും ആ കത്തു് മടിക്കുത്തിൽ ഭദ്രമാ ന്നിരുന്നു. അതു് ഒരിക്കലും നഷ്ടപ്പെടുത്തരുതെ യാൾക്കാഗ്രഹമുണ്ടായിരുന്നു. ആ കത്തെഴുത പെൺകുട്ടിയുടെ നേരേ അയാളുടെ പ്രതികാരവാ തിളച്ചു പൊങ്ങുകയായിരുന്നു.

അന്നു വൈകുന്നേരം കുട്ടൻനായർ കുപ്പത്തു ങ്ങിയെത്തിയതു് തരം തെററിയ നിലയിലായിരു അയാൾ കുറച്ചൊന്നു് മദ്യപിച്ചിരുന്നു. മദ്യത്തി പുളിച്ച മണം അയാൾ വരാന്തയിലെത്തിയപ്പോ തന്നെ അകത്തേക്കു് അടിച്ചു കയറുവാൻ തുടങ്ങി ഞ്ഞിരുന്നു. മനസ്സിനു് വിഷമം തട്ടുമ്പോൾ അ കുടിക്കുക പതിവായിരുന്നു. എങ്കിലും അയാളു സ്ഥിരം കുടിയനായിരുന്നില്ല.

വരാന്തയിലെത്തിയപ്പോഴേക്കും അയാ കാൽ വല്ലാതെ ഇടറുന്നതായിത്തോന്നി. വരാന്ത തളർന്നു വീണു. വരാന്തയിൽ വീണുകിടക്കുന്ന യാളെ കണ്ടപ്പോൾ പാറുക്കുട്ടിയമ്മയുടെ ഹൃ തളർന്നു.

അവർ ഒന്നുരണ്ടു തവണ അയാളെ വിളി ച്ചേല്പിക്കാൻ ശ്രമിച്ചു. പക്ഷെ അയാളിൽ വമിക്കുന്ന മദ്യത്തിന്റെ മണം അവർക്കു ശ്വസി കഴിഞ്ഞില്ല. അവർ വാ പൊത്തി...മൂക്കും...



എല്ലാററിലുമുപരി അഭിമാനമായിരുന്നു അവരെ വിഷമിപ്പിച്ചിരുന്നതു്. വലിയ തറവാട്ടിൽ പിറന്ന ഒരു മനുഷ്യൻ കുടിക്കുക. കുടിച്ചു് ലക്കും ലഗാനുമില്ലാതെ നടക്കുക. നാലുപേരറിഞ്ഞാലെന്തു പറയും?

അവർ വീണ്ടും അയാളെ തട്ടിവിളിച്ചു. ലഹരി ഒട്ടൊന്നു വിട്ടകന്നപ്പോൾ അയാൾ കിടന്നിരുന്നിടത്തു നിന്നും സാവധാനം എഴുന്നേററു. ഭാര്യയുടെ കൈകൾ പിടിച്ചുകൊണ്ടു് അകത്തേക്കു നടന്നു് കട്ടിലിൽ ചെന്നു വീണു.

“നിങ്ങളെന്തിനാ കുടിച്ചതു്...” അവൾ വേദനയോടെ ചോദിച്ചു.

“വെറുതെ......” അയാളുടെ സ്വരം സ്പഷ്ടമായിരുന്നില്ല.

“വെറുതെ...കുടിച്ചു കുടിച്ചു് അതങ്ങടു് ശീലാവും...” അവൾ പിറുപിറുത്തു.

“ഷീലാവട്ടടീ...” അയാൾ ചൊടിച്ചുകൊണ്ടു തുടർന്നു: “ആ കള്ളച്ചെഴുക്കനെ കാണാനില്ല ..അവൻ ഒളിച്ചോഴി....” അയാൾ പറഞ്ഞു, നിർത്തിയിട്ടു് ചുമച്ചു.

“ആരു്...?”

“നമ്മുടെ ഷാമു....”

അതു കേട്ടപ്പോൾ അവർ ഒന്നു ഞെട്ടുന്നതു് അയാൾ കണ്ടു.

“ഇതാ ഇതു നോക്കു്...ആ ദ്രോഹീടെ പഴിയാണു്...” അയാൾ മടിക്കുത്തിലെ കത്തെടുത്തു് അവളുടെ നേരെ നീട്ടി.

## അദ്ധ്യായം 9

ചീഞ്ഞ മഴ.

ഇടിമുരളൽ...മിന്നൽ...

അവന്നു് വല്ലാതെ തണുക്കുന്നുണ്ടായിരുന്നു... ത്തിൽ കിടന്നിരുന്ന കീറിയ ബനിയനും ട്രൗ മഴകൊണ്ടു് നനഞ്ഞു കുതിന്നിരുന്നു.

പല്ലുകൾ തമ്മിൽ കൂട്ടിയടിക്കുന്നുണ്ടു്.

എവിടെയെങ്കിലും ഒന്നു് തല ചായ്ക്കണ്ടി ക്കുന്നു. ചുററും ഇരുട്ടാണു്. ഇടിമിന്നുമ്പോൾ മാ രിസരങ്ങൾ കൺമുന്നിൽപ്പെടും. ഏതെങ്കിലും പീ ക്കോലായിൽ കയറിക്കിടക്കാം. കിടന്നാൽ അതി ഉടമസ്ഥർ അടിച്ചോടിക്കുമേ? അതവന്നറിഞ്ഞ ഇതു പട്ടണമാണു്...തൻെറ നശിച്ച ഗ്രാമത്തിൽ താൻ വളരെയധികം ദൂരം പിന്നിട്ടു കഴിഞ്ഞിരി വെന്നോർത്തപ്പോൾ അവന്നു് സമാധാനം തോന്നി.

പാതിരാവു് കഴിഞ്ഞിട്ടും ചില കടകൾ അട ട്ടില്ല. പട്ടണത്തിൽ പാതിരാവു് കഴിഞ്ഞാലും പീ അടക്കാതിരിക്കുമായിരിക്കും. ധാരാളം ജനങ്ങൾ സിക്കുന്നിടമല്ലെ.

അവന്നു് വല്ലാതെ വിശക്കുന്നുണ്ടായിരുന്നു. ന്തെങ്കിലും കഴിച്ചേക്കണമെന്നു് തോന്നാഞ്ഞിട്ടല്ല. രും കൊടുക്കാതെ അവൻ എങ്ങിനെ കഴിക്കാന അവൻെറ കയ്യിൽ പണമുണ്ടോ? ഇല്ല ...!

നടന്നു നടന്നവൻ ഇരുട്ടനിറഞ്ഞ വത്തികെ



യിൻ റോഡിലേക്കു് കയറി. നടത്തമാരംഭിച്ചു. അതാ ഒരു കൂട്ടം ആൾക്കാർ വരുന്നു...ഒരു കൂട്ടം ആൾക്കാർ. അവർ കള്ളന്മാരല്ലായിരിക്കാം. ഒരു നിമിഷം അവന്നു ഭയംതോന്നി. പെട്ടന്നാഭയം അവനെ വിട്ടകലുകയും ചെയ്തു. അതു് സിനിമ വിട്ടുവരുന്നകൂട്ടരായിരുന്നു. രണ്ടാമത്തെ കളിവിട്ടു് വരികയായിരിക്കും.

ബഹളമുണ്ടാക്കിക്കൊണ്ടു് അവർ കടന്നുപോയി. അവൻ ചുററും നോക്കി. മഴ നനയാതെ കിടന്നുറങ്ങു വാൻ ഒരു സ്ഥലമുണ്ടോ?

പെട്ടെന്നാണു് നിലം പൊത്തിക്കിടക്കുന്ന ഒരു കാള വണ്ടി അവൻെറ ശ്രദ്ധയിൽപ്പെട്ടതു്. അതിന്നു് ചക്രങ്ങളില്ല ... മേൽക്കൂരയുണ്ടു് ... ഉള്ളിൽക്കടന്നിരു ന്നാൽ മഴകൊള്ളില്ല...അവൻ അതിന്നരികിലേക്കു് നടന്നു. ഒരു വിധം കാളവണ്ടിക്കുള്ളിൽ കടന്നുകൂടി അതിന്നകത്തു് ചുരുണ്ടുകൂടി കിടന്നു.

മഴ നനഞ്ഞു കുതിന്ന ആ ബനിയനും ട്രൗസറും അപ്പോഴും അവൻെറ ശരീരത്തോടിഴകിച്ചേർന്നു തന്നെ കിടപ്പുണ്ടായിരുന്നു. കാളവണ്ടിക്കുള്ളിൽ ചൂടുള്ള മഴ നനയാത്ത അല്പം വൈക്കോലുണ്ടായിരുന്നതുകൊണ്ടു് അങ്ങിനെ കിടന്നുറങ്ങുവാൻ വല്ലാത്ത സുഖമുള്ളതായി അവന്നു തോന്നി.

ഒരു നിമിഷം അവൻ വീടിനെക്കുറിച്ചോർത്തു നോ ക്കി ..വല്യമ്മാവൻ...അമ്മാവി....കുട്ട്യമ്മാമ...എല്ലാ വരും തന്നെക്കാണാതെ അമ്പരന്നിട്ടുണ്ടാവും...അമ്പര ക്കട്ടെ...

പെട്ടെന്നാണു് ആ എഴുത്തിനെക്കുറിച്ചോർത്തതു്. പോരുമ്പോൾ ആ എഴുത്തെടുക്കുവാൻ മറന്നുപോയതു്

തെററായി...അമ്മൂകാപ്പോൾ അയച്ച ആ കത്ത്...ആ താരെങ്കിലും കണ്ടാൽ...അവർ കാരണമാണ് താനോടിപ്പോന്നതെന്ന് ആക്ഷേപങ്ങൾ പറഞ്ഞുണ്ടാക്കും.

"ഈശ്വരാ...ആ കത്ത് ആരും കാണാതിരിക്കണെ..." അവൻ ഒരു നിമിഷം ആ കിടന്നകിടപ്പിൽ കിടന്നുകൊണ്ട് പ്രാർത്ഥിച്ചു.

മഴ തോരാതെ പെയ്തു.

ഓരോന്നോർത്ത് അവൻ ഉറങ്ങി.

"സൈത്താന്റെ മോനെ...ആരാടാ ഞമ്മന്റെ വണ്ടിക്കൂടിന്റെവ്ത്ത്......"

ശബ്ദം കേട്ടാണവൻ ഞെട്ടിയുണർന്നുനോക്കിയത്. മഴ അവസാനിച്ചിരിക്കുന്നു. ആകാശം തെളിഞ്ഞിട്ടുണ്ട്.. വെയിലിന്റെ മഞ്ഞനിറം എങ്ങും പരന്നു കഴിഞ്ഞിരിക്കുന്നു.

"ഓന്റെ പന്നീന്റെ മോനെ...ഒന്ന് ബേഗം എയ്ന്നേററ് പോടാ..." ശബ്ദം വീണ്ടും കേട്ടപ്പോൾ അവൻ പിരണ്ടെഴുന്നേററു...

തടിച്ച് കള്ളിമുണ്ടും വട്ടക്കഴുത്തുള്ള ബനിയനും ധരിച്ച ഒരു മാപ്പിള...ആ വട്ടത്താടിക്കാരൻ ഒരു നിമിഷം അവന്റെ നേരെ തറച്ചുനോക്കി...

"ഏതാണ്ടാ കുട്ട്യേജ്ജ്...അന്നെ എബിടാണ്ടൊ ബെച്ച് കണ്ട പരിചം..."

നടന്നു നീങ്ങാൻ ഭാവിച്ചിരുന്ന അവൻ ആ ശബ്ദം കേട്ടപ്പോൾ തിരിഞ്ഞു നിന്നു.

"അന്നെ ഞമ്മള് കുപ്പത്തെ കുട്ടൻ നായരു് സംബന്ധക്കാരന്റൊപ്പം കണ്ടിട്ടുണ്ടല്ലൊ കുട്ട്യേ......" അയാൾ വീണ്ടും അവനെ തറച്ച്നോക്കി.



ആ ഭയങ്കരൻ തന്നെ തിരിച്ചറിഞ്ഞിരിക്കുന്നു... അവന്ന് ഭയം തോന്നി...ഒരു നിമിഷം അവൻ മിണ്ടാതെ നിന്നു.

"ജെജന്തിനാ കുട്ട്യേ പട്ടണത്തിൽയ്ക്ക് ബന്നത്..." ആകാംക്ഷയോടെ അയാൾ ചോദിച്ചു...എല്ലാം മനസ്സിലായെന്ന മട്ടിൽ...

അതു കേട്ടപ്പോൾ പെട്ടെന്നവൻ പൊട്ടിക്കരഞ്ഞുപോയി...അവൻ പൊട്ടിക്കരയുന്നതു കണ്ടപ്പോൾ അവറാനും വേദന തോന്നി. തുടന്ന് അവൻ അവനെ സമാധാനിപ്പിച്ചുകൊണ്ട് അട്ടത്തേക്ക് നീങ്ങി. അവനോട് വിവരങ്ങൾ മുഴുവനും ചോദിച്ചറിഞ്ഞു...തന്റെ അമ്മ മരിച്ചതു മുതലെല്ലാ കഥകളും അവൻ വേദനയോടെ അവറാനെ പറഞ്ഞുകേൾപ്പിച്ചു. ..എല്ലാം മറന്നുകൊണ്ട് അവറാൻ ആ കഥ കേട്ടുനിന്നു. അയാൾ മൂക്കത്ത് വിരൽ വെച്ചുപോയി.

"ന്നെകൊല്ലപ്പാച്ചാലും ഞാനിനി എന്റെ വീട്ടിലേക്കില്ല ..നിങ്ങള് എന്നെ കണ്ടെന്നൊന്നും ദയവായി ആരോടും പറയരുത്..." അവൻ അവറാനോടപേക്ഷിച്ചു.

"ഓ! ഞമ്മളൊന്നും പറേണില്ല നായരുട്ട്യേ... കയീന്ന് രച്ചപ്പെട്ടോനെ പിന്നീം കയീച്ചാടിക്കാൻ ഈ അബറാൻ ഒരുമ്പടാറില്ല കുട്ട്യേ..." അവറാൻ ചുണ്ടിൽ നേർത്ത ഒരു പുഞ്ചിരി പരത്തിക്കൊണ്ട് രണ്ട് ക്രൂററൻ കാളകളെ കൊണ്ടുവന്ന് വണ്ടിക്ക് കെട്ടി.

അവറാൻ ഒരു നല്ല മനുഷ്യനായിരുന്നു. അ
യാൾ ഒരു കച്ചവടക്കാരനാണ്. അങ്ങകലെ–ഗ്രാ
ത്തിലാണ് അയാളുടെ വീട്...ഗ്രാമംതോറും നടന്ന്
അയാൾ കച്ചവടസാധനങ്ങൾ അല്പാല്പം വിലകൊ
ടുത്തു ശേഖരിച്ച് വണ്ടി നിറക്കും...ആ വണ്ടി സാധ
നം മുഴുവനും പട്ടണത്തിൽ കൊണ്ടുവന്ന് വിൽക്കും.
ധാരാളം ലാഭമെടിക്കുകയും ചെയ്യും. കുരുമുളക്, ഏലം,
പൂള തുടങ്ങി പലതും അയാളുടെ കച്ചവടസാധനങ്ങ
ളായിരുന്നു...മാങ്ങാക്കാലത്ത് മാങ്ങയും ചക്കക്കാല
ത്തു ചക്കയും അയാൾ കച്ചവടം നടത്തും...അത്തരം
സാധനങ്ങൾ കച്ചവടം നടത്തുന്നതിൽ അയാൾക്ക്
ഒരു പ്രത്യേക ഉദ്ദേശ്യമുണ്ടായിരുന്നു. ഗ്രാമത്തിലെ
പാവപ്പെട്ടവരുടെ പറമ്പുകളിലുണ്ടാവുന്ന ചക്കയും
മാങ്ങയുമൊക്കെ വാങ്ങി അവരർഹിക്കുന്നതിലധിക
പണം അയാൾ കൊടുക്കും. പാവപ്പെട്ടവർക്ക് അ
തൊരു വലിയ കാര്യമായിരുന്നു. അതുകൊണ്ടുതന്നെ
അവറാനുമായി കച്ചവടം നടത്തുവാൻ അവരൊക്കെ
ഇഷ്ടപ്പെടുകയും ചെയ്തു.

നീണ്ട പത്തു കൊല്ലങ്ങൾക്കുമുമ്പ് അവസാന
മായി സ്വന്തം വീടുവിററ് അവറാനും അവറാന്റെ
ബാപ്പായും തെരുവിലേക്കിറങ്ങിയതാണ്...കടം വാ
ങ്ങിയതു് അവറാൻെറ രോഗിയായ ഉമ്മയെ
ചികിത്സിച്ചതുകൊണ്ടായിരുന്നു... അവറാന്റെ ഉമ്മ
മരിച്ചതോടെ ബാപ്പ ആ വീട് കടത്തിലേക്ക്
വിട്ടുകൊടുക്കുകയാണുണ്ടായതു്. ഒരു ചെറിയ പ
ട്ടിന്റെ നടുവിലായിരുന്നു വീട്.



തെരുവിലേയ്ക്കിറങ്ങിയ അവർ വെറുതെയിരു
ന്നില്ല...അല്പം രൂപ ചിലവഴിച്ച് ഗ്രാമപ്രദേശങ്ങ
ളിൽനിന്നും സാധനംവാങ്ങി പട്ടണത്തിൽ കൊണ്ടുപോ
യി വില്ക്കുന്ന ജോലി അവരാരംഭിച്ചു. അതിൽനിന്നും
കിട്ടിയ ലാഭംകൊണ്ട് കഷ്ടിച്ച് രണ്ടുപേരും കഴിഞ്ഞു
കൂടി...രാത്രി അവർ വല്ല കോലായത്തിണ്ണകളിലും
കിടന്നുറങ്ങും...നിരത്തുവക്കിൽ കിടന്നുറങ്ങിയ ദിവ
സങ്ങളും കുറവായിരുന്നില്ല. എങ്കിലും അവർ ജീവി
ച്ചു...അതൊരു സത്യമായിരുന്നു.

പെട്ടെന്നാണ് അവറാന്റെ അച്ഛൻ മരിച്ചതു്.
അതോടെ അവൻ ഏകനായി...എങ്കിലും അയാൾ
നിരാശനാകാതെ ജോലി തുടർന്നു...രണ്ടു കൊല്ലത്തിനി
ടക്ക് പട്ടണത്തിൽത്തന്നെ ഒരു ചെറിയ വീട് സ്വ
ന്തമാക്കി ..നിക്കാഹ് കഴിച്ചു...ദിവസങ്ങൾ വീണ്ടും
നീങ്ങി. അയാൾ രണ്ടു കാളകളെ വാങ്ങി ഒരു വണ്ടി
പണിയിച്ചു. ഇപ്പോൾ ഗ്രാമത്തിൽനിന്നും സാധനങ്ങൾ
വാങ്ങി പട്ടണത്തിൽ കൊണ്ടുവന്നു വില്ക്കുവാൻ കൂടു
തൽ വിഷമമില്ലാതായി...കൂടുതൽ സാധനങ്ങൾ വില്പ
ന നടത്താനും സാധിക്കും.

ഇന്ന് അവറാന് രണ്ടുകുട്ടികളുണ്ട്...അഞ്ചു
വയസ്സുകാരിയായ ആമിനയും മൂന്നുവയസ്സുകാരനായ
അബൂബക്കറും...സന്തോഷകരമായ ഒരു ജീവിതമാ
ണവർ നയിക്കുന്നതു്. അവറാന് ജീവിതത്തിൽ
പിച്ചടി വെച്ചടി വിജയമാണ്...അയാളുടെ തട്ടി
പ്പറിയില്ലാത്ത കച്ചവടമായിരുന്നു വാസ്തവത്തിൽ അ
യാളെ വിജയത്തിലേക്ക് നയിച്ചിരുന്നതു്...അത
വർക്കറിയുകയും ചെയ്യാമായിരുന്നു.

“നായരുട്ടിക്ക് വെശക്കണ്ണ്ല്യേ...” അ

ചോദിച്ചു.

“ഉം...” അവൻ ഉണ്ടെന്ന അർത്ഥത്തിൽ മൂള

“എങ്കിൽ കയറി ഇരി വണ്ടിയിൽ...”

അവനോടിറങ്ങാൻ പറഞ്ഞ അതേ മനു
അവനോട് കയറിയിരിക്കാനും ആജ്ഞാപിച്ചു
യാതൊരു മടിയും കൂടാതെ അവൻ വണ്ടിയിൽ ക
യിരുന്നു. അവൻ വല്ലാതെ തളർന്നിരുന്നു.

അവരാൻ മുന്നിൽക്കയറി...

ചാട്ട ഒന്നു പൊട്ടി...

വണ്ടി കുതിച്ചു നീങ്ങാൻ തുടങ്ങി...നിര
കാറും ബസ്സും പോയിക്കൊണ്ടിരിക്കുന്ന പട്ടണത്തി
മാറിലൂടെ...എങ്ങോട്ടായിരുന്നു ആ യാത്ര...അ
റിവില്ലായിരുന്നു. എങ്ങോട്ടാണ് പോകുന്നതെ
വൻ ചോദിച്ചതുമില്ല.

തെരുവുകളെ പിന്നിട്ടുകൊണ്ട് ആ വണ്ടി ക
ച്ചുകുതിച്ചു പാഞ്ഞു ..

എത്ര ദൂരം വണ്ടി ഓടിക്കഴിഞ്ഞുവെന്ന
വില്ലായിരുന്നു. പ്രധാന റോഡിൽ നിന്നും പൊ
വഴിക്കു തിരിഞ്ഞു വീണ്ടും വണ്ടി പാഞ്ഞു ..
കൊച്ചു കുടിലുകളെ പിന്നിട്ടുകൊണ്ട്...തെരുവി
ളിച്ചു നിന്നിരുന്ന കുട്ടികൾ ആ വണ്ടിയുടെ നേ
ത്തുതാദരങ്ങളോടെ നോക്കിയിരുന്നതു് അവൻ ക

വളരെ ദൂരം ഓടിയ വണ്ടി ചെന്നുനിന്നതു്
മാന്യം നല്ല ഒരു വീടിൻെറ മുന്നിലായിരുന്നു...വ



ിന്ന ഉടനെ അഞ്ചും രണ്ടും വയസ്സുപ്രായമുള്ള ഒരാൺ
ട്ടിയും ഒരു പെൺകുട്ടിയും ഓടിവന്നു് വണ്ടിയിൽ
ിന്നിറങ്ങിയ അവരാനെ കെട്ടിപ്പിടിച്ചു...അതവരാ
ൻെറ മക്കളാണെന്ന് ഒററ നോട്ടത്തിലെ രാമുവിനു്
നസ്സിലായി...അവരാൻ രാമുവിനെ ആ കുട്ടികൾക്ക്
രിചയപ്പെടുത്തി...ഉമ്മയ്ക്കും...

അവരാനും രാമുവും ഒപ്പമായിരുന്നു കാപ്പി കഴി
ാനിരുന്നതു്...കട്ടൻ കാപ്പിയും പൂളപ്പുഴുങ്ങിയതും
ണ്ടുപേരും വയറുനിറച്ചു കഴിച്ചു...ഭക്ഷണം അകത്തു
ന്നപ്പോൾ അവനു് ശക്തിയും ധൈര്യവും വീണ്ടു
ട്ടി. ഒരു ഹിന്ദുതറവാട്ടിൽപ്പിറന്ന അവൻ ഒരു മാ
ളയുടെ വീട്ടിൽ നിന്നാണോ ആഹാരം കഴിച്ചതെന്ന
ര്യം പോലും അവൻ മറന്നിരുന്നു.

“രാമു, ആമിനയോടും അബൂബക്കറോടും കൂടി
ളിച്ചു് കയിയിൻ..ഞമ്മക്കിറങ്ങണം...മോന്ത്യാവുമ്പ
ക്കു് ഞമ്മൻ മടങ്ങിവരും എന്താ വേണ്ട്ച്ചാ ആ
ടെ ഉമ്മാനോട് ചോയിച്ചോളിൻ...ഒന്നിനും മടി
ണ്ട...ഇങ്ങടെ വീട്മാതിരി കരുത്യാ മതി...” അ
ാൻ വീണ്ടും മുററത്തേക്കിറങ്ങി.

ആ മാപ്പിളയുടെ സ്നേഹത്തിനുമുന്നിൽ അവൻെറ
സ്സു കുനിയുകയായിരുന്നു. അവനും അവരാൻെറ ഒ
ം മുററത്തേക്കിറങ്ങി...അധികം ശബ്ദമുണ്ടാക്കാ
അവരാനോട് പറഞ്ഞു... “എനിക്ക് എന്തെങ്കി
ഒരു ചെറിയ ജോല്യാക്കിത്തന്നാൽ തരക്കേടില്ലാ
രുന്നു. അന്നന്നത്തെ ചിലവു കഴിയാനുള്ള വക കി

അതു കേട്ടപ്പോൾ അവറാൻ നെഞ്ചുകുലുക്കിച്ച
ച്ചു...നായരുട്ടിയുടെ അഭിമാനം അവനെ രോമാ
ഞ്ചണിയിക്കുകയുണ്ടായി.

നായരുട്ടി ബേജാറാവണ്ട...ഒക്കെ ഈ അവ
സെര്യാക്കാം..." അവറാന്റെ വാക്കുകൾ കേട്ടപ്പോ
അവനു് സമാധാനമായി.

അവറാൻ ഓടിച്ചെന്നു് വണ്ടിയിൽ കയറി
ന്നു...സന്തോഷത്തോടെ ആ കാളകൾ മുന്നോട്ടു
ച്ചു...വണ്ടി കാഴ്ചപ്പാടിൽ നിന്നകന്നുപോയി.

## അദ്ധ്യായം 10.

ഒന്നു രണ്ടു ദിവസങ്ങൾ അങ്ങിനെ കഴിഞ്ഞു

അവറാന്റെയും അവന്റെ കുട്ടികളുടെയും
പെരുമാററം വാസ്തവത്തിൽ രാമുവിനെ അത്ഭുത
ത്തിയിരുന്നു...അത്ര സ്നേഹത്തോടെയായിരുന്നു അ
പെരുമാറിയിരുന്നതു്. കഴിഞ്ഞ രണ്ടേ രണ്ടു ദി
ങ്ങൾ കൊണ്ടു് ആമിനയും അബുബക്കരും അവ
യി വളരെയധികം പരിചയപ്പെട്ടു കഴിഞ്ഞിരുന്നു.
ക്ഷണത്തിൽ ഒരിസ്ലാമിന്റെ വീടുമായി ഇണങ്ങി
രാൻ കഴിയുമെന്നവൻ വിശ്വസിച്ചിരുന്നില്ല.
രൊന്നും ഒരിക്കലും പിരിയാത്ത കൂട്ടുകാരായിത്തീ
രുന്നു.

രണ്ടു ദിവസമേ കഴിഞ്ഞുള്ളുവെങ്കിലും ത
ജോലിക്കാര്യത്തെക്കുറിച്ചു് രണ്ടു മൂന്നു തവണ അ
അവറാനെ ഓർമ്മിപ്പിക്കുകയുണ്ടായി. എന്തു



യാണെങ്കിലും ചെയ്യാൻ തെയ്യാറാണെന്നും അവൻ അറിയിച്ചു. അതു കേൾക്കുമ്പോഴൊക്കെ അവറാനൊന്നു് ചിരിക്കും. എന്നിട്ടു് അകത്തേയ്ക്കു് നോക്കിപ്പറയും... "എടി ഉമ്മാച്ചേപാ ഈ നായരുട്ടിയ്ക്കൊരു ജോലി വേണംന്നു്...അന്റെ കജ്ജ്ച്ച് ബല്ല ജോലീണ്ടോ കൊടുക്കാൻ..." അതു് കേൾക്കുമ്പോൾ എല്ലാവരും ചിരിയ്ക്കും...

ചിരിച്ചുകൊണ്ടു് ഉമ്മാച്ചുഉമ്മ അകത്തുനിന്നും വിളിച്ചു പറയും—"ഈ പൂശ്‌ന്നു് വിരിയാത്ത കുട്ടിക്കു് ഞമ്മളെന്തു് ജോലി കൊടു്ക്കാനാ..." അതു കേൾക്കുമ്പോൾ എല്ലാവരും വീണ്ടും പൊട്ടിച്ചിരിക്കും..

ചിരിയെല്ലാമവസാനിച്ചാൽ കാര്യമായിത്തന്നെ അവറാൻ പറയും... "ഞമ്മളന്വേശിക്കു്ന്നു്ണ്ടു് കുട്ട്യ...കുട്ടി ബേജാറാവണ്ട..." .

അവറാൻ പറയുന്നതു് താൻ വിശ്വസിക്കും... ആ വിശ്വാസത്തിൽ സമാധാനം കണ്ടെത്തുകയും ചെയ്യും.

അവസാനം ഇന്നാലെ രാത്രി അവറാൻ കിടക്കാൻ കാലത്തു പറഞ്ഞു... "നായരുട്ട്യ...ആ സക്സ്സ് കമ്പനീലൊരു വേക്കൻസിണ്ടു്... ഒരു കുതിരക്കാരൻ... കുതിരെ തീററം കുളിപ്പിക്കേം ഒക്കെ ബേണ്ടരും...അതു് നായരുട്ടിക്കു് ബിസമം പിടിച്ച പണ്യാണു്...ബേണങ്കി തരാന്നു് പറഞ്ഞു് മൊയലാളി...ചെലവു് കയിച്ചു് പത്തു്മുപ്പതു കായി കയ്യിൽ കിട്ടും...നായരുട്ടിക്കു് സമ്മതാച്ചാ നാളെ കൊണ്ടോവാം...വച്ചെങ്കിൽ ഈ അവറാനതു് ശമ്മതല്ലാന്നു് വെച്ചോളി...ഇങ്ങളു്

ബാസി പിടിക്കാച്ചാൽ പറഞ്ഞയക്കാണ്ട ഞെമ്മക്ക് നിവൃത്തില്ല...”

അതു കേട്ടപ്പോൾ അവന്റെ ഹൃദയം കുളിർത്തു... അവൻ സന്തോഷത്തോടെ പറഞ്ഞു— “എനിക്ക് സമ്മതം ..എന്നെ ആ സർക്കസ്സ് കമ്പനീ കൊണ്ടുപോയാക്കിക്കളയൂ...”

“സരി...നാളെ ആലോചിക്കാം. നായരുട്ടി ഒറങ്ങിക്കോളി.” അവറാൻ ചെരിഞ്ഞു കിടക്കയിലേക്കു കിടന്നു. അവനും.

അവറാൻ പല ഒഴിവുകഴിവുകളും പറഞ്ഞു് തറവാട്ടിൽ ജനിച്ച ആ നായരുകുട്ടിയെ ആ ജോലിക്ക് പറഞ്ഞയയ്ക്കാതിരിക്കാൻ ശ്രമിച്ചു. പക്ഷെ നായരുകുട്ടി വാശിപിടിക്കുകയായിരുന്നു.

“ഭാഗ്യംണ്ടെങ്കി നായരുകുട്ടിക്കവിടേം നന്നാവാം” അവസാനം അവറാൻ ആ തീരുമാനത്തിലാണെത്തിയതു്.

അങ്ങനെ രാമു ആ ഗൃഹത്തിൽനിന്നും യാത്രയ്ക്കു പോകാൻ തയാറായപ്പോൾ അവറാൻ അവന്റെ കൈയിൽ ഒരു പൊതിയെടുത്തു കൊടുത്തു. അതൊരു നിക്കറും ഷർട്ടും ആയിരുന്നു. പുതിയ നിക്കറും ഷർട്ടും ധരിച്ചാണ് അവൻ യാത്രയ്ക്കൊരുങ്ങിയതു്.

ആദ്യമായി ഉമ്മാച്ചുഉമ്മയോടാണവൻ യാത്ര ചോദിക്കാൻ ചെന്നതു്! ഇടറുന്ന കണ്ഠത്തോടെ അവനവരോടു യാത്ര ചോദിച്ചു. ആമിനയുടെയും അബൂബക്കറുടെയും തലയിൽ അവൻ ചുംബിച്ചു. അവരോടും യാത്രചോദിച്ച് അവൻ കാളവണ്ടിയിൽ ചെന്നു കയറി!



അവറാൻ മുന്നിൽ വന്നു കയറി...ചാട്ടപൊട്ടി... കാളവണ്ടി സാവധാനം നീങ്ങി. മുത്തു പതിച്ചതുപോലെ നിരന്നു കിടക്കുന്ന വൈദ്യുതവിളക്കുകൾക്കു ചുവട്ടിലൂടെ വണ്ടി കുതിച്ചു പാഞ്ഞു. മുററത്ത് ആമിനയുടെ തോളിൽ കൈവെച്ചുംകൊണ്ടു് അബൂബക്കറും വിദൂരതയിൽ തന്റെ കാളവണ്ടിയുടെനേരേ കണ്ണുകളുറപ്പിച്ചുകൊണ്ടു് ആമിനയും നിൽപ്പുണ്ടായിരുന്നു. വണ്ടിയിലിരുന്നുകൊണ്ടു് കൈകളുയർത്തി വീണ്ടും അവരോടു യാത്ര പറഞ്ഞു.

വണ്ടി കുതിച്ചുപാഞ്ഞു...തെരുവുകളെ പിന്നിട്ടുകൊണ്ടു്. ‘മലബാർ’ സർക്കസ്സിന്റെ വലിയ പരസ്യങ്ങൾ എങ്ങും കാണാമായിരുന്നു.

“മലബാർ സർക്കസ്സ്.....”

“മലബാർ സർക്കസ്സ്......”

ഒന്നുരണ്ടുതവണ അവൻ ഉരുവിട്ടു. പരസ്യങ്ങളിൽ അച്ചടിച്ചിരുന്ന സ്ത്രീകളുടെ ചിത്രങ്ങളിലേക്ക് അവൻ ഉററുനോക്കി. അതാ ഒരു പരസ്യപ്പലകയിൽ ഒരു മനുഷ്യൻ ഒരു സിംഹവുമായി ഗുസ്തി നടത്തുന്നു. ആരായിരിക്കും ആ മനുഷ്യൻ? എന്തായിരിക്കും അയാളുടെ പേർ?

ഓ! താനങ്ങോട്ടുതന്നെയാണല്ലോ പോകുന്നതു്. പിന്നെന്തിനാണിപ്പോളതിനെക്കുറിച്ചൊക്കെ ചിന്തിക്കുന്നതു്.

വലിയ ഒരു ടെന്റ്

ചുററും ആനകളും കുതിരകളുമൊക്കെ വിശ്രമിക്കുന്നുണ്ടു്. അവയുടെയൊക്കെക്കൂടെ ആൾക്കാരെയും

കാണാം. രാവിലെയല്ലെ? അവരൊക്കെ വിശ്രമമെടുക്കുകയായിരിക്കണം.

അവറാൻ അവനെ പുറത്തു നിർത്തി അകത്തേക്കു കയറിപ്പോയി.

ടെൻറിൻെറ ഒരു വലിയ കീറൽഭാഗത്തിലൂടെ അവൻ അകത്തേക്കു നോക്കി. ടെൻറിനകത്തു് ഒരു കറുത്തു തടിച്ച, ബനിയനും പാൻറുമിട്ട ഒരു മനുഷ്യൻ ലാത്തുന്നുണ്ടു്. അയാൾ എന്തൊക്കെയോ പരിശോധിക്കുകയാണു്. ഞാന്നു കിടക്കുന്ന ചില കമ്പികൾ വലിച്ചുനോക്കുകയും മുകളിൽ കെട്ടിയിരിക്കുന്ന വലയുടെ കെട്ടുകൾ പരിശോധിക്കുകയും മററും ചെയ്യുന്നു. അവറാനെ കണ്ടപ്പോൾ അയാൾ നിന്നു. എന്നിട്ടവൻെറ മുഖത്തു നോക്കി ഒന്നു ചിരിച്ചുകൊണ്ടു ചോദിച്ചു:

"കുട്ടിയെവിടെ?"

"ഓ! ഓൻ പൊറത്തു് നിക്ക്ണ്ണ്ടു്. നല്ല പയ്യനാ ഞമ്മൻ ബിളിക്കാം."

അവറാൻ വന്നു തന്നെ വിളിച്ചു.

ചുരുക്കിപ്പറഞ്ഞാൽ ഏതാനും നിമിഷങ്ങൾക്കകം താനവിടത്തെ ഒരു ജോലിക്കാരനായി തിരഞ്ഞെടുക്കപ്പെട്ടുവെന്നു് അവനു മനസ്സിലായി.

മുപ്പതു രൂപ ശമ്പളം.

എല്ലാം ചിലവു കഴിച്ചാണു്

അവനു് ആകപ്പാടെ സന്തോഷം തോന്നി.

യാത്രപറഞ്ഞിറങ്ങാൻകാലത്തു് അവറാൻ അവനെ വിളിച്ചു് പത്തു രൂപികയുടെ ഒരു നോട്ടെടുത്തു്



കയ്യിൽ കൊടുത്തിട്ടു് പറഞ്ഞു: "ഇനിം ഞമ്മളു നാരണ്ടു്, ബേജാറാവ്വൊന്നും ബേണ്ട. പെരുത്തു് ഭാഗ്യം ണ്ടങ്കി നായരുട്ടിക്കു് ഇത്ൻെറ മാനേശരന്നെ ആവാം."

"അവൻ ഒന്നും പറഞ്ഞില്ല."

അവറാൻ മടങ്ങിപ്പോയപ്പോൾ വീണ്ടും അവൻ ഈ ലോകത്തിലേകനായെന്നവനു തോന്നി.

ടെൻറിനകത്തു മുഴുവൻ ചുററിനടന്നവൻ നോക്കി. ഒന്നുരണ്ടു പെൺകുട്ടികൾ ഒരിരുമ്പുദണ്ഡു കയ്യിലെടുത്തു് എന്തൊക്കെയോ പരിശീലിക്കുകയായിരുന്നു.

വേറേ ചിലരിരുന്നു് ഒരിടത്തു് ചീട്ടു കളിക്കുകയാണു്. ആണുങ്ങളും പെണ്ണുങ്ങളും എല്ലാം ഒന്നിച്ചിരുന്നു ചീട്ടു കളിക്കുന്നതു് അവൻ ജീവിതത്തിലാദ്യമായി കാണുകയായിരുന്നു.

ആകപ്പാടെ സർക്കസ്സ് ടെൻറും അവിടത്തെ മനുഷ്യരെയും അവനിഷ്ടപ്പെട്ടു. ആരുമായി അവൻ പരിചയപ്പെട്ടുകഴിഞ്ഞിരുന്നില്ല. എങ്കിലും ആദ്യ വീക്ഷണത്തിൽത്തന്നെ അവരെല്ലാം നല്ലവരാണെന്നവനു മനസ്സിലായി. അഥവാ അങ്ങിനെ തോന്നി. അതൊരു വെറും തോന്നൽ മാത്രമായിരിക്കാം. എന്നാലും.....

ഉച്ചയ്ക്കു പന്ത്രണ്ടു മണിക്ക് ആരോ മണിയടിക്കുന്ന ശബ്ദം കേട്ടു. കളിച്ചിരുന്നവരും പരിശീലനം ചെയ്തിരുന്നവരും എല്ലാവരും എല്ലാം വിട്ടു് ഓടിപ്പോകുന്നതു കണ്ടു. അവർ ഉച്ചഭക്ഷണത്തിനു തയ്യാറാവുകയായിരുന്നു. ഭക്ഷണം കഴിക്കാനിരിക്കുമ്പോൾ അവനെ കറുത്തു തടിച്ച മാനേജർ എല്ലാവർക്കും പരിചയപ്പെടുത്തി. രാമ

ഇറച്ചിയും മീനും എല്ലാം കൂട്ടി അവൻ വയറു നിറയെ ഭക്ഷണം കഴിച്ചു. അപ്പോൾ വല്ലാത്ത സംതൃപ്തിയായിരുന്നു അവനനുഭവപ്പെട്ടിരുന്നത്.

ഭക്ഷണം കഴിഞ്ഞാൽ രണ്ടു മണിവരെ വിശ്രമമാണ്. ഉറങ്ങേണ്ടവർക്ക് ഉറങ്ങാം, അതല്ലെങ്കിൽ പുസ്തകം വായിച്ചിരിക്കേണ്ടവർക്ക് പുസ്തകം വായിക്കാം. കളിയ്ക്കേണ്ടവർക്കു കളിക്കാം. ആരും തടസ്സം പറയില്ല.

മൂന്നു മണിക്കും കളിയില്ലാത്ത ദിവസം നാലുമണി വരെ നീണ്ട വിശ്രമമാണ്. ഒഴിവു ദിവസങ്ങളിൽ മൂന്നു മണിക്ക് സ്പെഷൽ ഉണ്ടായിരിക്കും.

രണ്ടുമണിയായെന്നറിയിച്ചുകൊണ്ട് വീണ്ടും ബെല്ലടി ഉയർന്നു. അഭ്യാസികൾ ഡ്രസിംഗ് റൂമിലേക്കു വലിഞ്ഞു കയറി.

പുറത്ത് ജനക്കൂട്ടം ടിക്കററിനുവേണ്ടി നീണ്ട ക്യൂവിൽ കാത്തു നിൽക്കുന്നു. മൂന്നു മണിക്കുള്ള കളിക്ക് രണ്ടര മണിക്ക് ടിക്കററു കൊടുക്കുവാൻ തുടങ്ങും.

മനുഷ്യരെ അണിയിച്ചൊരുക്കുന്നതുപോലെ മൃഗങ്ങളെയും അണിയിച്ചൊരുക്കേണ്ടതുണ്ട്. ആനക്കാർ ആനകളെ അണിയിക്കാൻ തുടങ്ങി. അവയെ അവർ നെററിപ്പട്ടം കെട്ടിക്കുകയും കഴുത്തിൽ മണികെട്ടുകയുമൊക്കെ ചെയ്യാൻ തുടങ്ങി.

എല്ലാം കണ്ടപ്പോൾ അവനുത്സാഹം വർദ്ധിച്ചു. അവൻ തനിക്കു വേണ്ടി മാനേജർ പ്രത്യേകം നൽകിയിരുന്ന 'ജസ്സി' എന്ന കുതിരയുടെ അരികിലേക്കു നടന്നു. അവനു ജസ്സിയെ പരിചയമില്ലായിരുന്നു; ജസ്സിക്ക് അവനെയും.

## അദ്ധ്യായം 11

നീണ്ട എട്ടു വർഷങ്ങൾ ഒരു കാററുപോലെ കടന്നുപോയി...മലബാർ സക്കസ്സ് പല പട്ടണങ്ങളിലൂടെയും കടന്നുപോന്നു... മദ്രാസ്... ഡൽഹി... ബോംബെ...കല്ക്കത്ത തുടങ്ങിയ പല പല വലിയ പട്ടണങ്ങളും അവർ കണ്ടു.

സക്കസ്സിൽ ആൾക്കാരുടേയും മൃഗങ്ങളുടേയും എണ്ണം മുമ്പത്തേതിനേക്കാൾ കൂടി...വയസ്സധികമായെന്നു തോന്നിയവർ പലരും പിരിഞ്ഞുപോയി...മററു ചില പെൺകുട്ടികൾ വിവാഹം കഴിഞ്ഞതോടെ രംഗത്തുനിന്നപ്രത്യക്ഷമായി. എന്തായാലും സക്കസ്സ് മുമ്പത്തേതിനേക്കാളുംപുരോഗതി പ്രാപിച്ചു കഴിഞ്ഞിരുന്നു.

രാമു ഇന്ന് പഴയ കുതിരക്കാരനല്ല...അയാൾ മലബാർ സർക്കസ്സിലെ പേരെടുത്ത ഒരഭ്യാസിയായി കഴിഞ്ഞിരുന്നു...യുവത്വം അവൻെറ ശരീരത്തെ മോടി പിടിപ്പിക്കാൻ തുടങ്ങിക്കഴിഞ്ഞതേയുണ്ടായിരുന്നുള്ളു. അപ്പോഴേക്കും തന്നെ അയാൾ പേരെടുത്തു കഴിഞ്ഞു.

ഒരു നമ്പർ മാത്രമല്ല രാമുവിന്നറിയാവുന്നതായി ഉണ്ടായിരുന്നുള്ളു. ഒന്നിലധികം നമ്പറുകൾ അയാൾ പഠിച്ചുകഴിഞ്ഞു...എല്ലാം മിടുക്കോടുകൂടി കാഴ്ചക്കാരെക്കാണിക്കാനും അയാൾക്കറിയാം. സക്കസ്സ് മാനേജർ പരമുപിള്ളയുടെ പ്രത്യേക പ്രശംസയ്ക്കും സ്നേഹത്തിനും ആ മനുഷ്യൻ പാത്രമായിക്കഴിഞ്ഞിരുന്നു. സക്കസ്സ്മാനേജർ അവനെ വിളിച്ചിരുന്നത്

മാസ്റ്റർ റാം എന്നായിരുന്നു. ഒരു കാലത്ത്...എട്ടു വർഷങ്ങൾക്ക് മുമ്പ് മുപ്പതു രൂപ ശമ്പളം വാങ്ങിയിരുന്ന ആ കതിരക്കാരൻ ഇന്ന് വാങ്ങുന്നത് നാനൂറ് രൂപയാണ്.

ഒഴിവുദിവസങ്ങളിൽ പഴയ ലോകത്തെക്കുറിച്ചവൻ ചിന്തിച്ചുനോക്കും.. അമ്മുഓപ്പോൾ... കുട്ടിമ്മാമ...വല്യമ്മാമ തുടങ്ങി പലരേയും അവൻ മുന്നിൽ കാണും. നീണ്ട എട്ടുവർഷങ്ങൾക്കിടയ്ക്ക് അവനെപ്പോലെതന്നെ അവരിലും മാറ്റങ്ങൾ വന്നിട്ടുണ്ടാവില്ലെ...എല്ലാം അവൻ ഓർത്തുനോക്കും.

അമ്മുഓപ്പോളക്ക് ഇപ്പോൾ എത്ര കുട്ടികളുണ്ടാവും...അവൻ പോകുമ്പോൾ അവക്ക് ഗർഭമുണ്ടായിരുന്നതാണ്...അവരുടെ ആദ്യത്തെ കുട്ടിക്ക് ഇപ്പോൾ ഏഴ് വയസ്സ് പ്രായം കാണും...അമ്മുഓപ്പോൾക്ക് പലപ്പോഴും കത്തെഴുതണമെന്നവൻ മനസ്സിൽ കരുതാറുണ്ട്...അവസാനം കത്തെഴുതുകയുണ്ടായി ഒരിക്കൽ...പക്ഷെ അതിന്റെ മറുപടി വരുന്നതിന് മുമ്പുതന്നെ സക്സ്സ് മറ്റൊരു പട്ടണത്തിലേക്ക് മാറിക്കഴിഞ്ഞിരുന്നു...മറുപടി കിട്ടുകയുണ്ടായില്ല. പിന്നീട് അമ്മുഓപ്പോൾക്ക് കത്തെഴുതുകയുണ്ടായില്ല.

നാട്ടിൽ എന്തൊക്കെ മാറ്റങ്ങൾ വന്നിട്ടുണ്ടാവും. അവൻ പത്രമെടുത്ത് എന്നും മറിച്ചു നോക്കും. പക്ഷെ അധികമൊന്നും കാണാറില്ല...അല്ലെങ്കിൽ ഒരു കുഗ്രാമത്തിന് എന്തു മാറ്റങ്ങൾ വരാനാണ്.

ഒരിക്കൽ പത്രം വായിച്ചുകൊണ്ടിരുന്നപ്പോഴാണതു കണ്ടത്...ഒരു രാഷ്ട്രീയ പ്രവർത്തകനായിത്തീ



ർന്ന രാജൻവാരിയരു മാസ്റ്ററെ ഹൈസ്കൂളിൽനിന്ന് പിരിച്ചുവിട്ട കഥ. അയാളിന്നൊരു വലിയ കോൺഗ്രസ്സ്നേതാവാണ്.. ഇപ്പോഴും മദ്യം കുടിക്കുമായിരിക്കുമോ? അറിഞ്ഞുകൂടാ...

തന്റെ ജീവിതത്തിലേക്ക് പ്രകാശം പകർന്നു തന്ന ആ ദിവ്യമനുഷ്യനെക്കുറിച്ച് പിന്നീടൊന്നും അറിയുകയുണ്ടായില്ല. ആ പട്ടണത്തിൽ നിന്നും സക്സ്സ് പുറപ്പെട്ടുപോരുന്ന ദിവസം അവസാനമായി അവറാനേയും ഉമ്മാച്ചുവിനേയും ആമിനയേയും അബുബക്കരേയും ഒക്കെച്ചെന്നുകണ്ടു...അവരോട് യാത്രചോദിച്ചു...ഹൗ! എന്തൊരു നല്ല മനുഷ്യരായിരുന്നു അവർ...ആ കളങ്കമില്ലാത്ത സ്നേഹം മറച്ചു പിടിയില്ലാത്ത സംസാരം...സ്നേഹം നിറഞ്ഞ പെരുമാറ്റം...ഒരു മുസ്ലിമിൽ നിന്നും ഇത്രയൊന്നും താനൊരിക്കലും പ്രതീക്ഷിച്ചതല്ലായിരുന്നു. ഹോ...അയാൾ...ഒരു മനുഷ്യനല്ലായിരുന്നു വാസ്തവത്തിൽ. ദൈവമായിരുന്നു. ദൈവം..!

ആ മഴ കോരിച്ചൊരിഞ്ഞിരുന്ന രാത്രി...പാതവക്കിൽ കിടന്നിരുന്ന അവറാന്റെ കാളവണ്ടിയ്ക്കുള്ളിൽ കയറിക്കിടന്നുറങ്ങിയ കഥ...ജീവിതത്തിൽ ഇനിയെന്നെങ്കിലും മറക്കുവാൻ സാധിക്കുമൊ.

“ഓ...മാസ്റ്റർ റാം...ചിന്തയിലാണല്ലെ......” കിളിനാദം കേട്ടാണ് ചിന്തയിൽ നിന്നും താൻ ഞെട്ടിയുണർന്നത്.

നീനയാണ്...

മലബാർ സക്ക്സ്സിലെ പ്ലാസ്റ്റിക്‌ഗേൾ.. പ്ലാ
സ്റ്റിക്കുപോലെ ലോലമായതായിരുന്നു അവളുടെ ശ
രം.. ആ ശരീരം കൊണ്ടവൾ കാട്ടിക്കൂട്ടുന്ന വി
കൾ...കാണികളുടെ കയ്യടി പിടിച്ചു വാങ്ങുന്നവ
യിരുന്നു.

"നീ..നാ..."

അവൾക്കു സുന്ദരമായ ശരീരമുണ്ട്...അവളു
അധരങ്ങൾ അമ്മുഓപ്പോളുടേതുപോലുള്ള ലോ
ബർ മിഠായിപോലുള്ളവയായിരുന്നു.

"നീനാ......നീനാ......എന്തിനാ റാം വിളി
ന്നതു്."

അവൾ തൻെറ ചുമലുകളിൽ കുലുക്കിക്കൊണ്ട് ചോ
ദിച്ചപ്പോഴാണോർമ്മിച്ചതു്. താൻ അവളെ വിളിച്ചു

"നീനാ..നിന്നോടൊരു കാര്യം പറയാനു
നിക്കു്..."

"ഉം...പറയൂ...കേൾക്കട്ടെ.. എന്താണിത്ര വ
യ ഒരു കാര്യം..." അവൾ അധരങ്ങൾ കൂർപ്പിച്ചു
ണ്ടു് അരികെ വന്നിരുന്നു...

ഉച്ചവെയിലിൻെറ ചൂടിൽ എല്ലാവരും വിശ്ര
ക്കുന്നു. ആരും മററാരേയും ശ്രദ്ധിക്കുന്നില്ല. അല്ലെങ്കി
ശ്രദ്ധിച്ചാൽ തന്നെ എന്താണു്...വിരസമായ ജീവി
ത്തിൽ വിശ്രമവേളകൾ വിനിയോഗിക്കുന്നതു് മി
പേരും ഇത്തരം മധുരസല്ലാപങ്ങൾക്കല്ലെ.

ഗോപാലും രാധികയും.......



ഗോപാൽ ട്രപ്പീസിൽ വരുമ്പോൾ അവൻെറ
കൂടെ രാധികയുമുണ്ടാവും. ഏറെക്കുറെ ആ സമ്മേളന
മായിരിക്കണം അവരെ പ്രേമിക്കാൻ പഠിപ്പിച്ചതു്...

ആനന്ദും ഓമനയും.......

നാരായണനും ലതിയും.......

അങ്ങിനെ എത്രപേർ സ്നേഹിക്കുന്നു. സ്നേഹം...
ഇവിടെ വിലക്കപ്പെട്ട കനിയല്ല. പക്ഷെ അതിൽക്ക
വിഞ്ഞു് അവിഹിത ബന്ധങ്ങളൊന്നും കെട്ടിയുണ്ടാക്ക
രുതെന്നു് മാത്രമെ മാനേജർക്കു് നിർബന്ധമുള്ളു ആ
വാം....നാലാൾക്കു മുമ്പിൽ വെച്ചു് വിവാഹം കഴിച്ചു്
സക്ക്സ്സിൽ നിന്നും വിടവാങ്ങാം.

"ഓ...എന്താണു് പറയുന്നു്..."

വീണ്ടും നീന കുറേക്കൂടി അവൻെറ അരികിലേ
ക്കു് നീങ്ങി തോളുരുമ്മിയിരുന്നു.

"നീന.. എന്നെ സ്നേഹിക്കുന്നു...ഇല്ലെ......"
എങ്ങിനെയാണങ്ങിനെ വെട്ടിത്തുറന്നു ചോദിക്കാനവ
നു് സാധിച്ചതു്...അവൾക്കു് ലജ്ജതോന്നി...അവൾ
തല താഴ്ത്തിക്കൊണ്ടു് മൂളി...'സ്നേഹിക്കുന്നു' എന്ന അ
ർത്ഥത്തിൽ.

"നീനാ...നിന്നക്കറിഞ്ഞുകൂട..ഞാനൊരു അനാ
ഥനാണു്..." അവൻ പറഞ്ഞു.

"ഞാനോ...ഞാനും ഒരനാഥയാണു്...സക്ക്സ്സി
ലുള്ളവരൊക്കെയൊക്കേം അങ്ങനെയായിരിക്കും..." അവൾ
സമർത്ഥിച്ചു.

"ലീല ..ഓ...ലീലയല്ല...നീല..."

ഒരു നിമിഷം അവൻ പിറുപിറുത്തു.

ഒരു നിമിഷത്തേക്ക് അവനോർത്തുനോക്കി.

നീലയെക്കുറിച്ച്.

അവൻ പിറുപിറുത്തത് അവൾ കേട്ടില്ലായി
ന്നു...അവൾ എന്തോ ശ്രദ്ധിച്ചുകൊണ്ടിരിക്കുകയാ
രുന്നു.

നീലയെക്കുറിച്ചോർക്കുമ്പോൾ പണ്ടത്തേതുപോ
ലുള്ള വെറുപ്പിന്നവനില്ല...സഹതാപമാണ്...അ
യായ ആ പെൺകുട്ടിയെക്കുറിച്ചവൻ വേദനയോ
ഓർക്കും. എട്ടുവർഷങ്ങൾകൊണ്ട് അവളൊരു യുവതി
യിക്കഴിഞ്ഞിരിക്കും. നീനയെപ്പോലെ അവൾക്കു സൌ
ന്ദര്യമുണ്ടാകില്ല. എങ്കിലും നീനയുടെ ഹൃദയത്തില
തുപോലുള്ള അതേ വികാരങ്ങളും അഭിലാഷങ്ങളും
വളുടെ ഹൃദയത്തിന്നുമുണ്ടാവില്ലെ. പക്ഷെ അവൾ
ന്ധയായിപ്പോയി.

ഇനി എന്നെങ്കിലും കുട്ടിമ്മാമയെ കാണുമ്പോ
ആമുഖത്ത് താനെങ്ങിനെ നോക്കും. ഒരു നന്ദി കെ
നായി അദ്ദേഹം തന്നെ വിചാരിക്കുന്നുണ്ടായിരിക്കു
ഇല്ലെ...തീർച്ചയായിട്ടും.

നീനയെ മുന്നിൽക്കാണുമ്പോഴൊക്കെ നീല എ
അന്ധയായ പെൺകുട്ടി അവന്റെ ഹൃദയത്തിന്നുള്ളി
കൂനിക്കൂടിയിരിക്കുന്നുണ്ടായിരിക്കും. എത്ര മറക്കാൻ
മിച്ചിട്ടും ആ പെൺകുട്ടിയെ അവന്ന് മറക്കാൻ ക
ഞ്ഞില്ല. അവളുടെ മസൂരികല നിറഞ്ഞ മുഖം അ
നെ ഭയപ്പെടുത്തിയിരുന്നു...എങ്കിലും.

നീലയെ വലിയ ഏതെങ്കിലും ആസ്പത്രിയിലയ
ച്ച് കണ്ണുകൾ ഓപ്പറേഷൻ കഴിപ്പിച്ചാൽ ഒരു പക്ഷെ



അവൾക്ക് കാഴ്ച തിരിച്ചു കിട്ടുമായിരിക്കും. അക്കാര്യ
ത്തെക്കുറിച്ചവൻ ചിന്തിക്കാറുണ്ട്. പക്ഷെ ധാരാളം
പണം വേണ്ടിവരും. കുട്ടിമ്മാമയുടെ കയ്യിലതിനൊക്കെ
പണമൊണ്ടോ? ഒരിക്കലുമുണ്ടാവില്ല...പിന്നെ...ത
ന്റെ കയ്യിൽ പണമുണ്ട്...വേണ്ടതിലധികം...കുട്ടി
മ്മാമയ്ക്ക് അയച്ചുകൊടുത്ത് മകളെ ഏതെങ്കിലും വ
ലിയ ആസ്പത്രിയിലയച്ച് ചികിത്സിപ്പിക്കാനെഴുതി
യാലൊ...അതു തന്റെ കടപ്പാടല്ലെ? കുട്ടിമ്മാമ ഒരു
കാലത്ത് തന്നെ സ്നേഹിച്ചിരുന്നില്ലെ. അദ്ദേഹമല്ലെ
തന്നെ പഠിപ്പിക്കുവാൻ തുനിഞ്ഞ ഒരേ ഒരു വ്യക്തി.
അവസാനം കടമകളെ ഭയന്ന് താൻ ഓടിപ്പോരുകയ
ല്ലെയുണ്ടായതു്...ഓർത്തുനോക്കി...അതെ.

ഇരുന്നിടത്തുനിന്നെഴുന്നേല്ക്കുമ്പോൾ നീന തോ
ളിൽപ്പിടിച്ചമർത്തിക്കൊണ്ട് ചോദിച്ചു.

"എന്നോട് പിണക്കമായിട്ടാണൊ?"

തളർന്ന ഒരു കിളിയുടെ വിറയലുണ്ടായിരുന്നു ആ
സ്വരത്തിന്.

"അതെ, പിണങ്ങിയിട്ടാണ്! നാണമില്ലല്ലൊ
ഇത്തരം കാമക്കൂത്തുകൾ കാണിക്കാൻ.

മറുപടി പറഞ്ഞത് മറ്റാരോ ആണ്.

അവൾ ചുമലിൽനിന്നും ഷോക്കേറ്റതുപോലെ
കൈവലിച്ചെടുത്തകന്നുനിന്നു തലയുയർത്തി നോക്കി.

ഫെർനാണ്ടിസ്സാണ്.

മലബാർ സർക്കസ്സിലെ മൃഗശിക്ഷകനാണ്.

അയാൾ തടിച്ച ശരീരം കലുങ്ങുന്ന വിധത്തിൽ മുപ്പത്തിരണ്ടു പല്ലുകളും പുറത്തുകാട്ടിക്കൊണ്ടു് ഒന്നു ചിരിച്ചു.

എന്നിട്ട് ആ ചിരി മായ്ച്ചു കളഞ്ഞു് നീനയുടെ നേരേ നോക്കി ഒരു ശൃംഗാരച്ചിരിയും

പെററർപാഡെടുത്തു് അമ്മാവനു്—കുട്ടിമ്മാമനു് കത്തെഴുതാനിരുന്നു. നീനയുടെ സ്വർണ്ണ നിറത്തിലുള്ള ടോപ്പുള്ള പേനകൊണ്ടു് എഴുതി. നീന അടുത്തു തന്നെ ഉണ്ടായിരുന്നു.

പ്രിയപ്പെട്ട കുട്ടിമ്മാമനു്.

രാമു എഴുതുന്നതു്. അന്നു് ഒരു വാക്കുപോലും പറയാതെ ഓടിപ്പോന്നതിൽ വ്യസനമുണ്ടു്. എങ്കിലും ഹൃദയം തുറന്നെന്നെ സ്നേഹിച്ച മനുഷ്യനെന്ന നിലയ്ക്കു് എനിക്കു് കുട്ട്യമ്മാമനോടു് ചില കടമകളൊക്കെയുണ്ടെന്നു് ഇന്നു ഞാൻ വിശ്വസിക്കുന്നു. ഈ കത്തു കിട്ടിയ ഉടനെ എല്ലാ വിവരത്തിനും മറുപടി അയയ്ക്കണം. എനിക്കു് ഒരു സർക്കസ്സിൽ ജോലി കിട്ടി.

എന്റെ ഒരാഗ്രഹം അമ്മാവനെ അറിയിക്കാനാണു് ഞാനീകത്തെഴുതുന്നതു്. നീലയെ അമ്മാവൻ നല്ലൊരാശുപത്രിയിൽ കൊണ്ടുപോയി ചികിത്സിപ്പിക്കണം. പണം എത്ര വേണമെങ്കിലും ഞാനയച്ചുതരാം. വിഷമിക്കേണ്ട. ഓപ്പറേഷൻ കഴിച്ചാൽ ഒരുപക്ഷെ അവളുടെ കണ്ണിനു കാഴ്ച ലഭിക്കും. എന്റെ അന്വേഷണം എല്ലാവരോടും പറയുക.



എഴുത്തെഴുതി കവറിലാക്കുമ്പോൾ നീന ചോദിച്ചു: "ആരാണു് ഈ നീല......അമ്മാവന്റെ മകളാണോ?"

"ഉം......" അവൻ മൂളി.

"എത്രണ്ടു പ്രായമുണ്ടു്?" വീണ്ടും ചോദ്യം

"നിന്റെ പ്രായം കാണും."

"നാടു വിട്ടതിനു ശേഷം ആദ്യമായെഴുതുകയാണല്ലെ?"

"അതെ..."

"എന്നോടു് രാമുവിനു സ്നേഹമുണ്ടോ?"

പാവം നീന തന്നെ തെററിദ്ധരിച്ചു കഴിഞ്ഞിരിക്കുന്നുവെന്നവനു മനസ്സിലായി. അവളുടെ കൺപീലികൾ നനഞ്ഞിരുന്നു.

"നീനയോടെനിക്കു സ്നേഹമില്ലെന്നാരു പറഞ്ഞു"

"ആരും പറഞ്ഞില്ല, നീലയെ അങ്ങു സ്നേഹിക്കുന്നില്ലെ?"

"സ്നേഹിക്കുന്നു; വെറും ഒരു സഹോദരന്റെ സ്നേഹം. അന്ധയായ ആ പെൺകുട്ടിയുടെ അച്ഛനോടെനിക്കു കടമകളുണ്ടു്."

"രാമൂ......"

"നീലാ......ഓ......നീനാ......" അയാൾ തെററു് മറയ്ക്കാൻ ശ്രമിച്ചു.

"പിന്നെയും നീലയാണു് ഹൃദയം മുഴുവനും......അല്ലെ......" അവർ ആ തെററു കണ്ടുപിടിച്ചു.

ഹെഡ്മാസ്റ്റർ ഒരു ചെറുപ്പക്കാരനായിരുന്നു. രാം പ്രകാശ് എന്നായിരുന്നു ആ മനുഷ്യന്റെ പേർ. ഒരിക്കൽ അന്ധനായ ആ മനുഷ്യൻ നീലയോടു ചോദിച്ചു.

"നീലാ, നാം രണ്ടുപേരുമന്ധരായ നിലയ്ക്ക് നാം തമ്മിൽ വിവാഹം കഴിച്ചാൽ ചേരും, ഇല്ലേ.

ജീവിതത്തിലാദ്യമായിട്ടായിരുന്നു ഒരന്യപുരുഷനിൽനിന്നും അവളിത്തരമൊരു ചോദ്യം കേൾക്കുന്നതു്.

അവൾക്കു ലജ്ജതോന്നി.

ലജ്ജ കലർന്ന ഒരു പുഞ്ചിരി അവളുടെ മുഖത്തു പരന്നു. അന്ധനായ അയാൾക്കാ ചിരി കാണാൻ സാധിച്ചില്ല.

അയാൾ വീണ്ടും ചോദിച്ചു.

"നീല...സമ്മതമാണോ...ഞാൻ നിന്നെ വിവാഹം കഴിക്കാം..."

അവൾ മൂളി...

അതോടെ ആ വിവാഹം തീർച്ചപ്പെട്ടു...പിന്നെ അക്കാര്യത്തിൽ കുട്ടൻ നായർക്കും ഒന്നും പറയാനില്ലായിരുന്നു. നിറഞ്ഞ ഒരു സദസ്സിൽ വെച്ച് ആ അന്ധർ പരസ്പരം മാലയിട്ടു.

വിവാഹത്തിന് അമ്മുവിനേയും ഭർത്താവിനേയും മൊന്നും അയാൾ ക്ഷണിക്കാൻ മറന്നില്ല. അതു പോലെതന്നെ ജ്യേഷ്ഠനേയും ജ്യേഷ്ഠത്തിയമ്മയേയു മെല്ലാം ക്ഷണിച്ചു...



വിവാഹ മണ്ഡപത്തിൽ വെച്ച് മാന്യന്മാരായ അഞ്ഞൂറുപേർ കേൾക്കെ അയാൾ പറഞ്ഞു "രാമു ഇല്ലാതെതന്നെ എന്റെ കുട്ടിയുടെ കല്യാണം കഴിഞ്ഞു ട്ടോ..."

ചിലർക്കൊക്കെ ആ വാക്കുകളുടെ അർത്ഥം മനസ്സിലായി മറ്റുള്ള ചിലർക്ക് ഒന്നും മനസ്സിലായില്ലെങ്കിലും കൂട്ടത്തിൽകൂടി എല്ലാവരും ചിരിച്ചു.

അങ്ങിനെ കുട്ടൻനായരുടെ ആഗ്രഹം സഫലമായി...അപ്പോഴാണു കത്തയാളുടെ കയ്യിൽ കിട്ടിയതു്...എട്ടു വർഷങ്ങൾക്കു ശേഷം വീണ്ടും രാമുവിന്റെ കത്തു്...ആ കത്തുവായിച്ച് അയാൾ ഒരു നിമിഷം അന്തം വിട്ടിരുന്നുപോയി...രാമു ഒരിക്കലും കത്തയയ്ക്കുമെന്നയാൾ കരുതിയിരുന്നില്ല. അവന്നയാളോടു് ഒരല്പമെങ്കിലും സ്നേഹമുണ്ടായിരുന്നുവെന്നയാൾ വിചാരിച്ചിരുന്നില്ല.

"ഓപ്പറേഷൻ കഴിച്ചാൽ ഒരു പക്ഷെ നീലയുടെ കണ്ണുകൾക്കു് കാഴ്ച കിട്ടും. പണം എത്രവേണമെങ്കിലും അയയ്ക്കാം..."

ആ വരികൾ അയാൾ വീണ്ടും വായിച്ചു.

നീലയുടെ കണ്ണുകൾക്കു് കാഴ്ച ലഭിക്കുക...ഹാ! അയാൾ സന്തോഷം കൊണ്ടു് തളർന്നുപോയി...

പക്ഷെ...അവൾ...

അവളിന്നൊരാളുടെ ഭാര്യയാണു്.

ഒരന്ധന്റെ...

ജീവിതത്തിൽ അവൾക്കേറ്റവും ചേർന്ന ഒരു കൂട്ടുകാരനെ കിട്ടി. അവരുടെ ദാമ്പത്യജീവിതം സന്തുഷ്ടിനിറഞ്ഞതാണിന്നു്...ഒരു പക്ഷെ അവൾക്കു

കാഴ്ച ലഭിക്കുമ്പോൾ... ഓ! ആ ദാമ്പത്യം തകർന്നു പോകും.... പിന്നെയൊരിക്കലും അവൾക്കയാളെ സ്നേഹിക്കാൻ കഴിയാതാവില്ലേ... .

പക്ഷെ അതൊക്കെ ചിന്തിച്ചിട്ട് കാര്യമെന്താണ്...കാഴ്ച...തന്റെ മകൾക്ക് കാഴ്ച ലഭിക്കണം...അയാൾ പോയിത്തുലയട്ടെ.

പണം ധാരാളമുണ്ടെങ്കിൽ മദ്രാസിൽ കൊണ്ടു പോയി ചികിത്സിക്കാൻ കഴിയും...അവൾക്ക് കാഴ്ച ലഭിക്കുകയും ചെയ്യും.

ഒരു നിമിഷത്തേക്കയാൾ സുന്ദരിയായ...കാഴ്ചയുള്ള തന്റെ മകളെ ഭാവനയിൽ കണ്ടു.

ഉടനെ അയാൾ രാമുവിന് മറുപടിയെഴുതി... വിവാഹം കഴിഞ്ഞതിനെക്കുറിച്ചോ....അവളുടെ ഭർത്താവ് അന്ധനായ ഒരു ഹെഡ്മാസ്റ്ററാണെന്നതിനെക്കുറിച്ചോ അയാളവന്നെഴുതിയില്ല.

രാമുവിനോടുള്ള വെറുപ്പും വൈരാഗ്യവും എല്ലാം അയാൾ ഹൃദയത്തിൽ നിന്നും കഴുകിക്കളഞ്ഞിരുന്നു.

എട്ടു വർഷങ്ങൾക്ക് മുമ്പ് രാമു അയാളുടെ ജീവനായിരുന്നു. എട്ടു വർഷങ്ങൾക്കിടക്ക് ആ സ്നേഹം തകരുകയുണ്ടായി...ആ സ്നേഹത്തിന്റെ കണ്ണി പൊട്ടിപ്പോവുകയുണ്ടായി...പക്ഷെ ഇന്നിതാ വീണ്ടും

പാറുക്കുട്ടിയെ വർഷങ്ങൾക്കുശേഷം വീണ്ടും സ്വന്തം കരവലയത്തിനുള്ളിലിടുക്കിക്കൊണ്ട് തലനരച്ച അയാൾ പിറുപിറുത്തു- "അവൻ നല്ലവനായിരുന്നു..." അയാളവളുടെ വിളറിയ ചുണ്ടുകളിൽ വർഷങ്ങൾക്കുശേഷം വീണ്ടും ചുംബിച്ചു.



പിറ്റേന്നുമുതൽ നീല സ്കൂളിൽ ജോലിക്കു പോകാതായി...എന്താണ് കാരണം വരാതിരിക്കാനെന്നവളുടെ ഭർത്താവ് ചോദിച്ചപ്പോൾ ശരീരസുഖമില്ലെന്നവൾ പറഞ്ഞു.

അവളുടെ അച്ഛൻ അവളെ പിൻതാങ്ങി...രാമു എന്ന മനുഷ്യനെക്കുറിച്ചോ അയാളുടെ കത്തിനെക്കുറിച്ചോ ഒന്നുമൊന്നും ആ സാധുവായ മനുഷ്യനറിഞ്ഞില്ല.

അന്ന് പോസ്റ്റൽ ശിപായി ഒരഞ്ഞൂറുറുപ്പിക കൊണ്ടുവന്ന് കുട്ടൻ നായരെ ഏല്പിച്ചു. അതിന്റെ പിറ്റെ ദിവസവും പിറ്റെദിവസവും അഞ്ഞൂറുറുപ്പിക വീതം അയാൾക്കു മണിയോർഡർ വന്നു. കൂടെ കത്തുമുണ്ടായിരുന്നു. "ഉടനെ വേണ്ടതു ചെയ്യണമെന്നും പൈസ കഴിയുമ്പോൾ ഇനിയും അയച്ചു തരാമെന്നു" മായിരുന്നു കത്തിലെ ഉള്ളടക്കം.

അന്ന് ഹെഡ്മാസ്റ്റർ, അവളുടെ ഭർത്താവ്, ആ വീട്ടിൽ വന്നു കയറിയപ്പോൾ അവിടെ ഒരു യാത്രയുള്ള ഒരുക്കങ്ങൾ നടക്കുകയായിരുന്നു. ആ മനുഷ്യനോട് ഒരാളും ഒരു വാക്ക് മിണ്ടിയതു പോലുമില്ല. നീണ്ട ഒരു മാസത്തെ ബന്ധമേ ആ വിവാഹത്തിനുണ്ടായിരുന്നുള്ളു. ആ മാസം അവസാനിക്കുന്നതിനു മുമ്പുതന്നെ അവർ പരസ്പരം അകലാൻ തുടങ്ങുകയായിരുന്നു.

പിറ്റെ ദിവസത്തെ വണ്ടിക്കുതന്നെ കുട്ടൻ നായരും നീലയും മദ്രാസിലേക്ക് യാത്രയായി...രാമപ്രകാശ് എന്ന മനുഷ്യൻ അവൾ പൊയ്ക്കഴിഞ്ഞിട്ടും ഒന്നുരണ്ടു ദിവസം ആ വീട്ടിൽ കയറിച്ചെന്നു...ആരോടും...അയാൾ മിണ്ടിയില്ല.ഒന്നുരണ്ടു പ്രാവശ്യം "നീലാ...നീ

ണ്" എന്നമാത്രം വിളിച്ചു. പക്ഷെ മറുപടിയുണ്ടാ [illegible] പ്പുറം അയാൾ മടങ്ങിപ്പോവുക [illegible] ചെയ്തു.

[illegible] ആണ്ടു ഇടവിട്ടുകൊണ്ട് വീണ്ടും വീണ്ടും [illegible] വിലേറ്റ മണിദയാർഢ്യകൾ വന്നു.

* * * *

നീണ്ട എട്ടു വർഷങ്ങൾക്കിടയ്ക്ക് അമ്മ, അ [illegible] മക്കളുടെ അമ്മയായിക്കഴിഞ്ഞിരുന്നു. ആ പഴയ [illegible] ര്യവും മാദകത്വവുമെല്ലാം അവളുടെ ശരീരത്തെ വി [illegible] കന്നു കഴിഞ്ഞിരുന്നു. അയാളുടെ തുച്ഛമായ വരുമാ [illegible] അവർക്ക് ഏഴുപേർക്ക് തികയുമായിരുന്നില്ല.

പട്ടിണിയും രോഗവുമായി അവർ കഴിഞ്ഞു. [illegible] ട്ടിണിയാവർക്ക് മടുപ്പിക്കവാൻ സാധ്യമായി [illegible] പക്ഷെ രോഗത്തിനോടോ.

പൂവിൽ നിന്നു വിരിയാത്ത അഞ്ചു കുട്ടിക [illegible] കൂട്ടുനിരമായി അവർ കഴിയുന്നു. ഒരു വയറ നി [illegible] ഭക്ഷണം കഴിച്ച ദിവസങ്ങൾ ആ കുഞ്ഞുങ്ങൾ മ [illegible] ന്നു.

ആദ്യത്തെകുട്ടി ആൺകുട്ടി...ഏഴുവയസ്സുണ്ടവ [illegible] രണ്ടാമത്തവന് അഞ്ചുവയസ്സ്...പിന്നെ ഇരട്ടപെ [illegible] രണ്ടു പെൺകുട്ടികൾ...മൂന്നാമത്തേതും ഒരു പെ [illegible] കുട്ടി...

പട്ടിണിയും കഷ്ടപ്പാടുമായാണ് കഴിഞ്ഞിരു [illegible] തെങ്കിലും ഒരിക്കലും അവൾ ആ തറവാട്ടിലേയ്ക്ക് [illegible] യാചിച്ചു അച്ഛനെ വിഷമിപ്പിക്കുകയുണ്ടായില്ല [illegible] ഒന്നാമത് [illegible]



ശമല്ലായിരുന്നു. പട്ടിണികിടന്നു മരിച്ചാലും അഭിമാനം വിട്ടുകൊടുക്കുവാൻ അയാൾ തെയ്യാറില്ലായിരുന്നു......

പക്ഷെ, പിഞ്ചുകുഞ്ഞുങ്ങളുടെ വിശപ്പടക്കുവാൻ സാധിക്കാതെയുള്ള ദീനരോദനം കേൾക്കുമ്പോൾ അവളുടെ...മാതാവായ അവളുടെ...ഹൃദയം പൊട്ടിത്തകരുമായിരുന്നു...

എവിടെയെങ്കിലും അവൾക്കും ഒരു ജോലികിട്ടിയിരുന്നുവെങ്കിലെന്നവളാശിച്ചു. പക്ഷെ ആരുകൊടുക്കും അവൾക്ക് ജോലി. അവളും അയാളും ജോലിക്കുപോയാൽ പിന്നെ ആ പിഞ്ചുകുഞ്ഞുങ്ങളെ നോക്കാനാരുണ്ട്. അവർക്ക് വല്ല ആപത്തും വന്നെങ്കിൽ ഓർത്താക്കുമ്പോൾ അവൾ ജോലിയെക്കുറിച്ചുള്ള ചിന്തകെവെടിയും...

എങ്കിലും പട്ടിണി സഹിക്കാവുന്നതായിരുന്നില്ല.

കുട്ടികളുടെ വിശപ്പിന്റെ വിളി അവൾക്ക് കേൾക്കായിരുന്നു. ആ ശബ്ദം അവളുടെ കുഞ്ഞുങ്ങളെ കൂടെ കൂടെ തകർത്തു. അവളുടെ ഹൃദയത്തെ വല്ലാതെ വേദനിപ്പിച്ചു...

അവൾ അവസാനം ജോലിക്കുപോകുവാൻ തന്നെ ഉറച്ചു. അവൾ ജോലിയന്വേഷിച്ച് നടക്കാൻ തുടങ്ങി...

അവസാനം ഗ്രാമത്തിൽ നിന്നും അഞ്ചു നാഴികയോളം അകലെയുള്ള പട്ടണത്തിലെ "ആമി [illegible] അവൾക്കൊരു ജോലികിട്ടി...

ദിവസം മൂന്നുരൂപയായിരുന്നു കൂലി. ഗത്യന്ത
രമില്ലെന്നുവന്നപ്പോൾ ഭർത്താവ് ആ ജോലിക്കവളോട്
പോകാൻ തന്നെ പറയുകയും ചെയ്തു. ജോലിക്കുപോ
കുമ്പോൾ ചെറിയ കുട്ടിയെ അവൾക്കൂടെ കൊണ്ടുപോ
കും. മറ്റുള്ളവരെ മൂത്തവനെ ഭാരമേല്പിക്കുക
ചെയ്യും...

ഒരു തറവാട്ടിൽപ്പിറന്ന ആ പെൺകുട്ടി എല്ലാ
അഭിമാനത്തിന്റെ ശൃംഖലകളും പൊട്ടിച്ച് ജോലി
യെടുക്കാൻ പഠിച്ചു. വാസ്തവത്തിൽ ജോലിയെ
ടുത്ത് ഭക്ഷിക്കുന്നത് അഭിമാനത്തിന്റെ ശൃംഖല പൊ
ട്ടിക്കലാണോ. അതോ അഭിമാനത്തിന്റെ ശൃംഖല
കൾ നിർമ്മിക്കലോ? അവൾക്ക് സംശയം തോന്നി
യിരുന്നു.

അവൾ ജോലിയെടുക്കാൻ തുടങ്ങിയതോടെ കു
ടുംബം പട്ടിണിയിൽ നിന്നും അല്പാല്പമായി ആ
നേടാൻ തുടങ്ങി. കുട്ടികൾക്ക് ഓരോനേരമെങ്കിലും
വയറുനിറച്ചു ഭക്ഷണം കഴിക്കുവാനും സാധിച്ചു.

പഴയ രാമുവിനെക്കുറിച്ചവൾ പലപ്പോഴും ഓ
ർക്കാറുണ്ട്. അവന്റെ ഒരെഴുത്തവൾക്ക് വർഷങ്ങ
ൾക്കുമുമ്പ് ലഭിക്കുകയുണ്ടായി. അവളതിന് മറു
പടിയും അയച്ചു. പക്ഷെ വീണ്ടും കത്തുകളൊന്നും വ
കയുണ്ടായില്ല.

രാമുവിന്റെ കുട്ടിമ്മാമയെക്കുറിച്ച് ഈയിടെ
യി അവളൊന്നും അറിയാറില്ല. നീലയുടെ വിവാഹ
ഒരു ആഢ്യനായ ഹെഡ്മാസ്റ്ററുമായി നടത്തിയെ
മാത്രം അവൾക്കറിയാം. ആ കല്യാണത്തിന്



ക്കാക്കും പോകാൻ സാധിച്ചില്ല. പോകണമെന്നാ
ഗ്രഹമില്ലാഞ്ഞിട്ടല്ല. അവൾക്കും കുട്ടികൾക്കും ഓരോ
നല്ല തുണിപോലുമുണ്ടായിരുന്നില്ല. പിന്നെങ്ങിനെ
പോകാനാണ്? നീലയെ വളരെ ചെറുപ്പത്തിൽ ക
ണ്ടതാണവൾ. ഇപ്പോൾ അവളെത്ര വലിയവളായിട്ടു
ണ്ടാവും... കണ്ണുപൊട്ടിയായാലും അവൾ ഭാഗ്യമുള്ള
വളാണ്...ജോലിചെയ്ത് ശമ്പളം വാങ്ങുന്നില്ലേ? ന
ല്ലൊരു ശമ്പളക്കാരനായ ഭർത്താവിനെ സമ്പാദിച്ചി
ല്ലേ? തന്റെ ഗതിയോ? അവൾ ആരേയും പഴി
ക്കാറില്ല...സ്വന്തം വിധിയാണെന്ന് മാത്രം വിശ്വ
സിക്കും...പിഴച്ച വിധിയിൽ സമാധാനം കണ്ടെത്തു
വാൻ ശ്രമിക്കുകയും ചെയ്യും...

അദ്ധ്വാനശീലനായ അവറാന്റെ ജീവിതത്തി
ലാണ് പൊടുന്നനെ മാററങ്ങൾ വന്നത്...അയാളി
ന്ന് ആ പഴയ നടന്നുവിൽപ്പനക്കാരനല്ല. പട്ടണ
ത്തിലെ 'ആമിനാ ഓട്ടുകമ്പനി'യുടെ മുതലാളിയാണ
യാൾ...അയാൾക്ക് അഞ്ച് ട്രക്കുകളും രണ്ട് കാറുകളു
മുണ്ട്...എങ്കിലും പഴയ ആ വീട്ടിൽത്തന്നെയാണി
ന്നും താമസം...ആമിനയും അബൂബക്കറും ഇംഗ്ലീഷ്
ഹൈസ്കൂളിൽ പഠിക്കുകയാണ്.

അവറാന്റെ ജീവിതത്തിൽ പൊടുന്നനെയാണ്
മാററങ്ങൾ വന്നത്. അയാളാ പഴയകൊട്ടക്കൽവാ
ങ്ങൽക്കച്ചവടം നിർത്തി ചെറിയതോതിൽ ഒരു പലചര
ക്കുകട തുറന്നു. ആ കടയോടനുബന്ധിച്ച് ഒരു വർ
ഷത്തിനകം ഒരു തുണിക്കടയും നല്ലൊരു ഹോട്ടലും രൂ
പമെടുത്തു.... പലചരക്കുകടയ്ക്കു വേണ്ടി ഒരു ലോറി
യും അയാൾ വാങ്ങി. കൊല്ലങ്ങൾ രണ്ടെണ്ണംകൂടി കട

ദിവസം മൂന്നുരൂപയായിരുന്നു കൂലി. ഗത്യന്ത
മില്ലെന്നുവന്നപ്പോൾ ഭർത്താവ് ആ ജോലിക്കവളോ
പോകാൻ തന്നെ പറയുകയും ചെയ്തു. ജോലിക്കുപോ
കുമ്പോൾ ചെറിയ കുട്ടിയെ അവൾക്കൂടെ കൊണ്ടുപോ
കാം. മററുള്ളവരെ മൂത്തവനെ ഭാരമേല്പിക്കുക
ചെയ്യും...

ഒരു തറവാട്ടിൽപ്പിറന്ന ആ പെൺകുട്ടി എല്ലാ
അഭിമാനത്തിന്റെ ശൃംഖലകളും പൊട്ടിച്ച് ജോ
യെടുക്കാൻ പഠിച്ചു. വാസ്തവത്തിൽ ജോലിയെ
ത്ത് ഭക്ഷിക്കുന്നത് അഭിമാനത്തിന്റെ ശൃംഖല പൊ
ട്ടിക്കലാണോ. അതോ അഭിമാനത്തിന്റെ ശൃംഖ
കൾ നിർമ്മിക്കലോ? അവൾക്ക് സംശയം തോന്നി
യിരുന്നു.

അവൾ ജോലിയെടുക്കാൻ തുടങ്ങിയതോടെ അ
കുടുംബം പട്ടിണിയിൽ നിന്നും അല്പാൽപ്പമായി രക്ഷ
നേടാൻ തുടങ്ങി. കുട്ടികൾക്ക് ഓരോനേരമെങ്കി
വയറുനിറച്ചു ഭക്ഷണം കഴിക്കുവാനും സാധിച്ചു.

പഴയ രാമുവിനെക്കുറിച്ചവൾ പിലപ്പോൾ ഓ
ക്കാറുണ്ട്. അവന്റെ ഒരെഴുത്തവൾക്ക് വർഷങ്ങ
ക്കുമുമ്പ് ലഭിക്കുകയുണ്ടായി. അവളതിന് മറുപ
യും അയച്ചു. പക്ഷെ വീണ്ടും കത്തുകളൊന്നും വ
കയുണ്ടായില്ല.

രാമുവിന്റെ കുട്ടിമ്മാമയെക്കുറിച്ച് ഈയിടെ
യി അവളൊന്നും അറിയാറില്ല. നീലയുടെ വിവാ
ഒരു അന്ധനായ ഹെഡ്മാസ്റ്ററുമായി നടത്തിയ
മാത്രം അവൾക്കറിയാം. ആ കല്യാണത്തിന



ക്കാക്കും പോകാൻ സാധിച്ചില്ല. പോകണമെന്നാ
ഗ്രഹമില്ലാഞ്ഞിട്ടല്ല. അവൾക്കും കുട്ടികൾക്കും ഓരോ
നല്ല തുണിപോലുമുണ്ടായിരുന്നില്ല. പിന്നെങ്ങിനെ
പോകാനാണ്? നീലയെ വളരെ ചെറുപ്പത്തിൽ ക
ണ്ടതാണവൾ. ഇപ്പോൾ അവളെത്ര വലിയവളായിട്ടു
ണ്ടാവും... കണ്ണുപൊട്ടിയായാലും അവൾ ഭാഗ്യമുള്ള
വളാണ്...ജോലിചെയ്തു ശമ്പളം വാങ്ങുന്നില്ലേ? ന
ല്ലൊരു ശമ്പളക്കാരനായ ഭർത്താവിനെ സമ്പാദിച്ചി
ല്ലേ? തന്റെ ഗതിയോ? അവൾ ആരേയും പഴി
ക്കാറില്ല...സ്വന്തം വിധിയാണെന്ന് മാത്രം വിശ്വ
സിക്കും...പിഴച്ച വിധിയിൽ സമാധാനം കണ്ടെത്തു
വാൻ ശ്രമിക്കുകയാ ചെയ്യും...

അദ്ധ്വാനശീലനായ അവറാന്റെ ജീവിതത്തി
ലാണ് പൊടുന്നനെ മാററങ്ങൾ വന്നത്...അയാളി
ന്ന് ആ പഴയ നടന്നുവിൽപ്പനക്കാരനല്ല. പട്ടണ
ത്തിലെ 'ആമിനാ ഓട്ടുകമ്പനി'യുടെ മുതലാളിയാണ
യാൾ...അയാൾക്ക് അഞ്ച് ട്രക്കുകളും രണ്ട് കാറുകളു
മുണ്ട്...എങ്കിലും പഴയ ആ വീട്ടിൽത്തന്നെയാണി
ന്നും താമസം...ആമിനയും അബൂബക്കറും ഇംഗ്ലീഷ്
ഹൈസ്കൂളിൽ പഠിക്കുകയാണ്.

അവറാന്റെ ജീവിതത്തിൽ പൊടുന്നനെയാണ്
മാററങ്ങൾ വന്നത്. അയാളാ പഴയകൊട്ടക്കൽവാ
ങ്ങൽക്കച്ചവടം നിർത്തി ചെറിയതോതിൽ ഒരു പലചര
ക്കുകട തുറന്നു. ആ കടയോടനുബന്ധിച്ച് ഒരു വർ
ഷത്തിനകം ഒരു തുണിക്കടയും നല്ലൊരു ഹോട്ടലും ഉ
ണ്ടായി.... പലചരക്കുകടയ്ക്കു വേണ്ടി ഒരു ലോറ
യും അയാൾ വാങ്ങി. കൊല്ലങ്ങൾ രണ്ടെണ്ണംകൂടി ക

ന്നപോയി. പെട്ടെന്നയാൾ ആ പലചരക്കുകട മാത്രം വിററു. പകരം പട്ടണത്തിൽ നിന്നും അഞ്ചുമൈലകലെയുള്ള ഗ്രാമത്തിലേയ്ക്കു് അവറാൻെറ ഒരു ബസ്സോടാൻ തുടങ്ങി. വർഷങ്ങൾ രണ്ടെണ്ണംകൂടികഴിഞ്ഞപ്പോഴേക്കു് ഓടുന്ന ബസ്സുകളുടെ എണ്ണം നാലായി. നാലു റൂട്ടുകളിൽ...

ഇപ്പോൾ ഒരു കൊല്ലമായില്ല അയാളുടെ ഓട്ടകമ്പനി രൂപംകൊണ്ടുകഴിഞ്ഞിട്ടു്...അതോടെ ട്രക്കുകളുടെ എണ്ണം വർദ്ധിച്ചു. രണ്ടു കാറുകൾ വാങ്ങി. ഓട്ടകമ്പനിയും ബസ്സോടിക്കലും എല്ലാം കൂടി നടക്കില്ലെന്നുകണ്ടപ്പോൾ നാലുബസ്സുകളും നിർത്തിവെച്ചു. ആ ബസ്സുകളൊന്നും അയാൾ വിററിട്ടില്ല. എല്ലാം കമ്പനിയിലെ തൊഴിലാളികൾക്കു് വേണ്ടി അദ്ദേഹം ഇന്നും ഉപയോഗിക്കുന്നു......

ജനങ്ങൾക്കിടയിൽ അവറാൻെറ പേർ പൊന്തി...നല്ലവനായ ആ മനുഷ്യൻ സാധുക്കൾക്കു് ഒരു ദൈവമായിരുന്നു...

## അദ്ധ്യായം 13

സക്സസ്സിലെ ജോലിക്കാർക്കെല്ലാം ധൃതിപിടിച്ച ജോലിയായിരുന്നു അന്നു്...മഹാരാഷ്ട്രത്തിലെ ചെറിയ ആ പട്ടണത്തിൽ നിന്നും സക്സസ്സ് വീണ്ടും ബോംബെയിലേക്കു് സ്ഥലം മാറുകയായിരുന്നു. കഴിഞ്ഞ എട്ടു്ഒമ്പതു വർഷങ്ങൾക്കിടയ്ക്കു് രണ്ടാമത്തെ പ്രാവശ്യമാണു് മലബാർ സക്സസ്സ് ബോംബെയിലെത്തു...തു്.



ബോംബെ നഗരത്തിൽ സക്സസ്സിന്നു് നല്ല സ്വീകരണമായിരിക്കും ലഭിക്കുക. ദിവസം മൂന്നു കളികളുണ്ടായിട്ടും ടിക്കററു് കിട്ടാതെ വളരെപ്പേർ മടങ്ങിപ്പോകും. സക്സസ്സ് മാനേജർ വളരെ ഉത്സാഹത്തിലാണു്. സാധനങ്ങൾ ഓരോന്നായി ലോറികളിൽ കയററി ബോംബെയ്ക്കയച്ചു. മലബാർ സക്സസ്സിൻെറ ചെമന്ന നിറത്തിലുള്ള വണ്ടികൾ വരിവരിയായി മുന്നോട്ടു കുതിക്കുന്നതു കാണാൻ രസമുണ്ടായിരുന്നു.

എല്ലാം ബോംബെയിലെത്തിക്കഴിഞ്ഞപ്പോഴേക്കു നേരം സന്ധ്യകഴിഞ്ഞിരുന്നു. സക്സസ്സ് ജോലിക്കാർ അപ്പോൾത്തന്നെ ടെൻറുകൾ കെട്ടിയുണ്ടാക്കുന്ന ജോലിയിൽ വ്യാപൃതരായി...അഭ്യാസികൾ മാനേജരുടെ അഭ്യർത്ഥന പ്രകാരം അന്നത്തെ ദിവസം ഒരു ഹോട്ടലിൽ കഴിച്ചുകൂട്ടാൻ തീർച്ചപ്പെടുത്തി.... അവരോരോ കൂട്ടമായി ഹോട്ടലിൽ മുറികൾ വാടകക്കെടുത്തു.

സന്തോഷം നിറഞ്ഞ ദിവസമായിരുന്നു അന്നെല്ലാവർക്കും.. രാത്രി ഭക്ഷണം കഴിഞ്ഞു് രാമു ഒരു സിഗരററും പുകച്ചുകൊണ്ടു് ഓരോന്നും ചിന്തിച്ചു കൊണ്ടങ്ങിനെയിരിക്കുകയായിരുന്നു. ഇതിനകം നീലയുടെ ആവശ്യത്തിന്നായി മൂവ്വായിരത്തിലധികം രൂപ അയാൾ അയച്ചു കഴിഞ്ഞിരുന്നു. അവൾ മദ്രാസിലാണെന്നും അമ്മാവൻ...കുട്ടിമ്മാവൻ...കൂടെയുണ്ടെന്നും മററും കുട്ടിമ്മാവനയച്ച കത്തിൽ ഉണ്ടായിരുന്നു. ഈ വരുന്ന ഒമ്പതാം തിയ്യതി രാവിലെ പത്തുമണിക്കായിരിക്കും ഓപ്പറേഷനെന്നും എഴുതിയിരുന്നു.

“ഈശ്വരാ...അവളുടെ കണ്ണുകൾക്കു് കാഴ്ച ലഭിക്കണേ ..” അവൻ പ്രാർത്ഥിച്ചു. എങ്കിൽ തൻെറ കട

[illegible]ക്കഴിയാതെ വെന്നയാൾക്ക്...അവന്ന്... സമാധാനിക്കാം.

അമ്മു ഓപ്പോളെക്കുറിച്ച് ചിലപ്പോഴൊക്കെ അവൻ ചിന്തിക്കും. അമ്മു ഓപ്പോളെക്കുറിച്ച് കഴിഞ്ഞ എട്ടു വർഷങ്ങളായി യാതൊന്നും അവനറിഞ്ഞുകൂട... ഇനിയും ഒഴിഞ്ഞൊഴുവാൻ തന്നെ അവൻ തീരുമാനിച്ചു...ബോംബെയിൽ ചുരുങ്ങിയതു് നാലഞ്ചു മാസമെങ്കിലും സക്സസ്സ് ഓടാതിരിക്കില്ല. അതിന്നിടയ്ക്ക് എങ്ങിനെയും അമ്മു ഓപ്പോളുടെ മറുപടി ലഭിക്കും. കഴിഞ്ഞ എട്ടു വർഷങ്ങൾ അമ്മു ഓപ്പോളിൽ എന്തെല്ലാം മാററങ്ങൾ വരുത്തിയിട്ടുണ്ടാവില്ല. അമ്മു ഓപ്പോൾ ഗൃഹഭരണം തികച്ചും പഠിച്ചു കഴിഞ്ഞിരിക്കും. ഒരു തറവാട്ടമ്മയുടെ ഗൌരവമുണ്ടായിരിക്കില്ലേ ഇപ്പോളവരുടെ മുഖത്തിന്.. ഭാവനയിൽ അവനവളുടെ രൂപം കാണാൻ ശ്രമിച്ചു...അമ്മു ഓപ്പോളെപ്പോലെതന്നെ സൌന്ദര്യമുള്ള അമ്മു ഓപ്പോളുടെ കുട്ടികളെയും അവൻ മനസ്സിൽ കണ്ടു...എത്ര കുട്ടികളുണ്ടായിരിക്കും ഇപ്പോൾ അമ്മു ഓപ്പോൾക്ക്...ചിന്തിച്ചുനോക്കി... രണ്ടോ മൂന്നോ കുട്ടികൾ കാണും.

വലിച്ചു തീർന്ന സിഗരററുകുററി അയാൾ ആഷ്ട്രേയിലേക്കെറിഞ്ഞു. അപ്പോഴാണ് കാളിംഗ്ബെൽ ശബ്ദിച്ചതു്. മററു മുറികളിലുള്ള കൂട്ടുകാരാരെങ്കിലുമായിരിക്കുമെന്ന് രാമുവിന്നറിയാമായിരുന്നു.

ചെന്ന് വാതിൽ തുറന്നു.

നീനയായിരുന്നു...അവൾ പുഞ്ചിരിച്ചുകൊണ്ട് അകത്തേയ്ക്ക് കടന്നുവന്നു...അവളുടെ മാദകത്വം തിങ്ങിയ പുഞ്ചിരിയിൽ അവനലിഞ്ഞലിഞ്ഞുചേർന്നു പോകുന്നതായി തോന്നി.



"എന്തെടുക്കുകയായിരുന്നു..വെറുതെ കിടന്ന് സ്വപ്നം കാണുകയായിരുന്നു...അല്ലെ..." അവൾ ചോദിച്ചുകൊണ്ട് കിടക്കയിൽ ചെന്നിരുന്നു.

"ഉം...." രാമു വെറുതെ മൂളി...ഗൌരവം നിറഞ്ഞ ഒരു മൂളൽ.

"എന്താണിത്ര ഗൌരവം..." അവൾ വീണ്ടും ചോദിച്ചു.

"ഗൌരവമൊന്നുമില്ല...പക്ഷെ ഒരു കാര്യം.." രാമു ചിരിച്ചു കൊണ്ട് അവളുടെ അരികിൽ ചെന്നിരുന്നു.

"ഞാനൊരു പുരുഷനാണെന്ന് നീനക്കറിഞ്ഞുകൂടെ..." അവൻ ചോദിച്ചു...അവളൊട്ടും പ്രതീക്ഷിക്കാത്ത ഒരു ചോദ്യമായിരുന്നു അതു്.

"അറിയാം..." അവൾ സ്വരം താഴ്ത്തിക്കൊണ്ട് പറഞ്ഞു.

"ഇപ്പോൾ രാത്രിയാണെന്ന് നീനക്കറിഞ്ഞുകൂടെ..." അവൻ വീണ്ടും ചോദിച്ചു.

"അറിയും..." അവൾ പറഞ്ഞു.

"അവിവാഹിതയായ ഒരു സ്ത്രീ അന്യപുരുഷന്റെയടുക്കൽ രാത്രി ഇങ്ങിനെ വരാൻ പാടുണ്ടോ?"

അവൻ ചിരിക്കാൻ ശ്രമിച്ചു.

"രാമു എനിക്കൊരന്യപുരുഷനാണൊ?"

അവൾ ചിരിച്ചില്ല...

"നാം തമ്മിലുള്ള വിവാഹം കഴിയുന്നതുവരെയും നീനയ്ക്ക് ഞാനൊരന്യപുരുഷനായിരിക്കും..."

"എന്ത് ഞാൻ കരുതുന്നില്ല...രാമു എന്നെന്നും എന്റേതാണ്...എന്റേതുമാത്രം..."

അവൾ ലോലമായ അവളുടെ കൈകൾ നീട്ടി അവനുനേരെ..ഒരു പുരുഷനായി വളർന്നുകഴിഞ്ഞിരുന്ന രാമുവിന്റെ തോളക്കെട്ടിൽ കെട്ടിപ്പിടിച്ചു...അവനെ അവൾ തന്നിലേക്കടുപ്പിച്ചു.

ഒരു നിമിഷനേരത്തേക്കവന്റെ ചുണ്ടുകൾ അവളുടെ ചുണ്ടുകളിലമർന്നു...അപ്പോൾ രണ്ടുപേർക്കും തരിപ്പനുഭവപ്പെട്ടു...ഒരു വല്ലാത്ത കുളിരലുണ്ടായി...

ജീവിതത്തിലാദ്യമായി അവൻ ഒരു സ്ത്രീയെ ചുംബിക്കുകയായിരുന്നു. അമ്മ,ഓപ്പോളെ ഒഴിച്ച് മറ്റാരെയും ഇതിനുമുമ്പവൻ ചുംബിച്ചിട്ടില്ല...അന്ന്. അന്ന്...അമ്മ,ഓപ്പോളെ ചുംബിച്ചിരുന്നപ്പോൾ ഇത്തരം വികാരങ്ങൾ അവനനുഭവപ്പെട്ടിരുന്നില്ല.

"നാം ചെയ്തത് തെറ്റാണെന്ന് നിനക്കറിയാമോ നീന..." ചെയ്യരുതാത്തതു ചെയ്തുകഴിഞ്ഞപ്പോൾ അവൻ അവളുടെ കണ്ണുകളിലേക്ക് നോക്കിക്കൊണ്ട് ചോദിച്ചു.

"ഛേ! ഒരു ചുംബനം...ഒന്നു ചുംബിച്ചാൽ തെറ്റായിപ്പോയോ!" അവൾ പുഞ്ചിരിച്ചു.

"ഇത് ഒരു ചെറിയ തെറ്റാണ് നീന...ചെറിയ തെറ്റിൽനിന്നു വലിയ വലിയ തെറ്റുകളുണ്ടാകാം" ഒരു വേദാന്തിയെപ്പോലെ അവൻ പ്രസംഗിച്ചു.

"ഓ..വേദാന്തം പറയുകയാണല്ലേ..." അവൾ അവനെ പരിഹസിച്ചു...



എന്നിട്ട് ചിരിച്ചുകൊണ്ട് തുടർന്നു.

"ഹാവൂ...ഇന്ന് വല്ലാത്ത ഒരു രാത്രിയാണ്... എത്ര ദിവസങ്ങൾക്കു ശേഷമാണ് ജോലിയില്ലാത്ത ഒരു രാത്രി നമുക്ക് ലഭിക്കുന്നത്...കളിതന്നെ കളി... കളിച്ചതുതന്നെ ഒരു ദിവസം വീണ്ടും വീണ്ടും കളിക്കും ...എല്ലാററിനും പുറമെ പരിശീലനവും...ജീവിതം മടുത്തു..."

അവൾ പറഞ്ഞതു ശരിയായിരുന്നു. എല്ലാ ദിവസവും രാത്രി ഒരു മണിവരെ കളിയുണ്ടാവും... കിടന്നുറങ്ങുമ്പോൾ മണി രണ്ടായിക്കഴിഞ്ഞിരിക്കും. ഒരു കാലത്ത് ഈ സർക്കസ്സ് ജീവിതത്തിൽ രസം തോന്നിയിരുന്നു. ഇന്നാ രസവും ഇല്ലാതായിത്തീർന്നു. എല്ലാം മടുത്തു...ഒരു കണക്കിൽ ജീവിതത്തിനോടു തന്നെ ഇന്നവന് വെറുപ്പുതോന്നാൻ തുടങ്ങിക്കഴിഞ്ഞിരുന്നു. ഇത് ജീവിതമാണോ? പുലർച്ചെ അഞ്ചുമണിക്കുണരുക....പഠിച്ച അഭ്യാസങ്ങൾ ഉറപ്പിക്കുക...പുതിയവ പരിശീലിക്കുക... എന്തെങ്കിലും ലഘുഭക്ഷണം കഴിക്കുക...പിന്നെയും ഭക്ഷണം കഴിക്കുക...പിന്നെ കളി ആരംഭിക്കുന്നതുവരെ ഉറങ്ങുക... രാത്രി ഒരു മണിവരെ വേഷവും കെട്ടി നിന്ന് കളിക്കുക...കളി കളി... കളി... നശിച്ച ജീവിതം... വേറെയെന്തിനെക്കുറിച്ചെങ്കിലും ചിന്തിക്കാൻ സമയമുണ്ടോ?

"ട്ടോ രാമൂ...ഇത നല്ല ഒരു രാത്രി ഇനി ഒരിക്കലും നമുക്ക് ലഭിക്കില്ല..."

അവൾ പറഞ്ഞതിന്റെ അർത്ഥം അവനു മനസ്സിലായിരുന്നു...എങ്കിലും വികാര വിവശനായ ആ

പെൺകുട്ടിക്കു വഴങ്ങിക്കൊടുക്കാൻ അവൻ തയ്യാറായില്ല...അവളുടെ ജീവിതം നശിപ്പിക്കണമെന്നുദ്ദേശ്യമില്ലായിരുന്നു.

"നീനാ...രണ്ടുപേർക്കും നാശം സംഭവിക്കുന്ന വിധത്തിലുള്ള ചിന്താഗതികളെ അടക്കിനിർത്തു... ഒരു നല്ല നാളെ വരും...അന്നു നമ്മൾക്കു് ഭയപ്പെടാതെ ഒന്നിച്ചു ചേരാം. നീ എന്നെ സ്നേഹിക്കുന്നു... ഞാൻ നിന്നെയും...രണ്ടുപേരുടേയും സ്നേഹം അകത്തു വീർപ്പു മുട്ടിക്കിടക്കട്ടെ....ആ നല്ല നാളെയിൽ ആ സ്നേഹം തമ്മിൽ കലർത്താം. നീനാ...ഈ വികാരം എന്നൊന്നുണ്ടല്ലോ...അതു് മനുഷ്യനെ നശിപ്പിക്കുകയേയുള്ളു...കുട്ടി, മുറിയിൽ ചെന്നുകിടന്നുറങ്ങു..." അവനവളെ ആശ്വസിപ്പിച്ചു.

"ഓ! വേദാന്തം..." അവളവനെ പരിഹസിച്ചു.

പക്ഷെ അവളുടെ ഹൃദയം രാമുവിനെ പരിഹസിച്ചിരുന്നില്ല. അയാളിലെ മനുഷ്യനെ അവൾ അഭിനന്ദിച്ചു. അല്ലെങ്കിൽ എത്ര നല്ല മനുഷ്യനാണു് രാമു...കയ്യിൽ വന്നു വീണ കുരുവിയെ കൂട്ടിലിട്ടു പൂട്ടാതെ അയാൾ വിട്ടയയ്ക്കുന്നു. മറ്റേതെങ്കിലും പുരുഷന്മാർക്കു് ഇത്ര സന്മനസ്സുണ്ടാവുമോ...

പുറത്തെവിടെയോ ക്ലോക്കു് പതിനൊന്നടിക്കുന്ന ശബ്ദം കേട്ടപ്പോൾ അവൾ എഴുന്നേററു.

"രാമു...ഞാൻ പോകുന്നു..."

അവളുടെ മുഖത്തു് നിരാശ പടർന്നുകയറിയിരുന്നു.

നീന വേദനിക്കരുതു്. നീന എന്നെന്നും എന്റേതുമാത്രമാണു്. ഞാൻ നീനയുടെതും..." അവൻ



അവളുടെ അത്തറിന്റെ മണമുള്ള തലമുടിയിൽ വീണ്ടും ചുംബിച്ചു.

അവൾ സാവധാനം നടന്നുപോയി...അവൻ വാതിലടച്ചു കിടന്നു.

തികച്ചും അപ്രതീക്ഷിതമായിരുന്നു. പിറേറന്നു് കാലത്തു് സംഭവിച്ചതു്.. കാളിംഗ് ബെല്ലിന്റെ ശബ്ദംകേട്ടു് വാതിൽ തുറന്നു.

അത്ഭുതമാണുണ്ടായതു്.

തടിച്ചു വീർത്ത മുഖവും കരഞ്ഞുകലങ്ങിയ കണ്ണുകളുമായി നീന മുന്നിൽ നിൽക്കുന്നു. അവളുടെ ചെമന്ന അധരങ്ങൾ തടിച്ചു വീർത്തിരുന്നു. വസ്ത്രങ്ങൾ ചുരുണ്ടു ചുളുങ്ങിയിരുന്നു.

"എന്തിനാണു് നീന കരയുന്നതു്"

ഒന്നും അറിയാത്ത അവൻ അവളുടെ ചുമലുകളിൽ പിടിച്ചു.

പെട്ടെന്നവൾ കുതറിമാറി.

"എന്നെ തൊടണ്ട..." അതൊരു ഗർജ്ജനമായിരുന്നു...അവന്നാശ്ചര്യം തോന്നി.

അവൾ അവന്റെ കണ്ണുകളിലേക്കുതന്നെ നിമിഷങ്ങളോളം തറച്ചുനോക്കി.

പെട്ടെന്നവളുടെ മുഖം മങ്ങി.

കണ്ണുകൾ വീണ്ടും നിറഞ്ഞു.

അവൾ ഒരു കൊച്ചുകുട്ടിയെപ്പോലെ പൊട്ടിപ്പൊട്ടിക്കരഞ്ഞു.

## അദ്ധ്യായം 14

തിരക്കുപിടിച്ച ജീവിതമായിരുന്നു ബോംബേയിലേതു്...ടെന്റു്. നിറയാത്ത ദിവസങ്ങളുണ്ടായില്ല. പതിനായിരക്കണക്കിനു് രൂപ ഓരോദിവസവും ലഭിച്ചുകൊണ്ടിരുന്നു. അതോടെ മാനേജരുടെ ഉന്മേഷം വർദ്ധിക്കുവാനും തുടങ്ങി...

പക്ഷെ, രാമുവിന്നു് പൊതുവെ ഉന്മേഷം തോന്നിയിരുന്നില്ല...നീനയെക്കുറിച്ചായിരുന്നു അയാളുടെ ചിന്തമുഴുവനും. കഴിഞ്ഞ ഏതാനും ദിവസങ്ങളായി നീനയിൽ ഒരിക്കലും പ്രതീക്ഷിച്ചിട്ടില്ലായിരുന്ന ഒരു മാററം പ്രത്യക്ഷമായതു് രാമു കണ്ടു. സദാ വേദനച്ഛായകലർന്നിരുന്ന ആ മുഖത്തു്...ആ കൺപീലികളിൽനിന്നും കണ്ണുനീർ വററിയിരുന്നില്ല...കളിതുടങ്ങിയാൽ തന്നെ ഒരുവിധം അവളുടെ നമ്പറുകൾ അവൾ ചെയ്തൊപ്പിക്കും. രംഗത്തുനിന്നു് വളരെവേഗത്തിൽ അപ്രത്യക്ഷയാവുകയും ചെയ്യും. ആ പഴയ ഉന്മേഷവും ഉത്സാഹവുമൊക്കെ എന്നന്നേയ്ക്കുമായി അവളിൽനിന്നുമകന്നു കഴിഞ്ഞിരുന്നു. അവൾ ആരോടും കൂടുതൽ സംസാരിക്കില്ല. ആരെങ്കിലും വല്ലതും ചോദിച്ചാൽ ചോദ്യത്തിനുമാത്രം ഉത്തരം പറയും...നീനയിൽ വന്ന ഈ മാററം പലരേയും അത്ഭുതപ്പെടുത്തുകയുണ്ടായി...പക്ഷെ ആരുംഅവളോടിതിനെക്കുറിച്ചു ചോദിച്ചില്ല എന്നുമാത്രം...

രാമുവിനായിരുന്നു അവളുടെ കാര്യത്തിൽ ഏററവുമധികം വേദനതോന്നിയിരുന്നതു്. അവൾക്കെന്തു സംഭവിച്ചു...അയാൾ സ്വയം ഉത്തരം കണ്ടുപിടിക്കു



വാൻ ശ്രമിക്കും...ഹോട്ടലിലെ ആ രാത്രിക്കുശേഷമാണു് അവളിൽ ഈ മാററങ്ങളൊക്കെ വന്നതു്...അതുമാത്രം അയാൾക്കറിയാം. പക്ഷെ ഇത്രയൊക്കെ മാററം വരത്തക്കവണ്ണം ആ രാത്രി എന്തെങ്കിലും സംഭവിച്ചുവൊ? ഒന്നുമില്ല... ഒന്നുമില്ലേ.. ആദ്യമായി അയാൾ അവളെ അന്നു് ചുംബിക്കുകയുണ്ടായില്ലെ... പക്ഷെ, ആ ചുംബനമാണൊ ഇതിന്നൊക്കെ കാരണം.

എല്ലാം അയാൾക്കവളോടു് ചോദിച്ചറിയണമെന്നുണ്ടായിരുന്നു...പക്ഷെ പഴയപോലെ അവൾ രാമുവിന്റെ അരികിൽ ഒരിക്കലും വരികപതിവില്ല...അയാളോടു് സംസാരിക്കുകയും പതിവില്ല. അവൾ തന്നിൽ നിന്നും അകലാൻ ശ്രമിക്കുകയാണെന്നു് അയാൾക്കുമനസ്സിലായിക്കഴിഞ്ഞിരുന്നു...

പക്ഷെ, ഇതു പെട്ടെന്നു് അവൾക്കു് ഇങ്ങിനെയൊക്കെ തോന്നാൻ കാരണം...

എത്ര ചിന്തിച്ചിട്ടും അയാൾക്കു് പിടികിട്ടിയില്ല...മനസ്സിനു് സുഖകരമല്ലാത്ത ദിവസങ്ങൾ ഓരോന്നായി നീങ്ങുകയായിരുന്നു...മനസ്സുമടുത്ത ഈ ജീവിതത്തിൽ മനസ്സിലേക്കു്...ഹൃദയത്തിലേക്കു് ഒരൽപ്പം സ്നേഹം... അഥവാ സമാധാനം പകർന്നുതരുവാൻ ആ പെൺകുട്ടി മാത്രമാണുണ്ടായിരുന്നതു്... അവസാനം അവളും അയാളെ വിട്ടകന്നിരിക്കുന്നു...അഥവാ അകലാൻ ശ്രമിക്കുന്നു...ദിവസങ്ങൾക്കുമുമ്പു് കിലുക്കാംപെട്ടിപോലെ അയാളുടെമുന്നിൽ നിന്നുപൊട്ടിച്ചിരിക്കുന്ന നീനയെ അയാളോർത്തു ..ഇന്നാപൊട്ടിച്ചിരിക്കുന്നനീനയെവിടെ..,

ദിവസങ്ങൾ നീങ്ങുംതോറും ആ പെൺകുട്ടിയിൽ മാററങ്ങൾ വരുന്നതു് അയാൾ ശ്രദ്ധിച്ചിരുന്നു..... ആ കണ്ണുകളിൽ കണ്ണുനീർ കൂടുതൽ തങ്ങാൻ തുടങ്ങി. ആ മുഖം കൂടുതൽ ദുഃഖാകുലമായിത്തീർന്നുകൊണ്ടിരുന്നു.. ചിലദിവസങ്ങളിൽ സുഖമില്ലെന്നും പറഞ്ഞ് അവൾ രംഗത്തു വരാതിരിക്കും. പ്രതീക്ഷാനിർഭരരായ ചില കാണികളെ അവളുടെ അപ്രത്യക്ഷത കൂടുതൽ നിരാശരാക്കി... പ്ലാസ്റ്റിക് ഗേൾ...കാഴ്ചക്കാരുടെ കയ്യടി കൂടുതൽ പിടിച്ചെടുക്കാൻ സാധിച്ചിരുന്ന ഒരുവളായിരുന്നു അവൾ...

ആദ്യമൊക്കെ മാനേജർ സുഖമില്ലെന്നു പറഞ്ഞൊഴിയുന്ന അവളെ നിർബന്ധിച്ചിരുന്നില്ല...... പക്ഷെ കാണികളുടെ സംഖ്യ ക്രമേണ കുറയാൻ തുടങ്ങിയപ്പോൾ അയാൾക്കവളെ നിർബന്ധിക്കാതെ തരമില്ലെന്നായി. മനസ്സില്ലാമനസ്സോടെ അവൾ രംഗത്തു വരും...പക്ഷെ ആ നംബർ ഒരിക്കലും വിജയമായി കൈകാര്യം ചെയ്യുവാൻ അവൾക്കു് സാധിക്കാതായിത്തുടങ്ങി... എന്നും പരാജയത്തിലാണവസാനിക്കുക...

അപ്പോഴൊക്കെ മാനേജർ പല്ലുകടിച്ചുകൊണ്ട് അവളുടെ നേരേ നോക്കിനിൽക്കും... തുടർച്ചയായുള്ള ഈ പരാജയത്തിന്റെ കാരണം ഏകാഗ്രതയില്ലായ്മയാണെന്നയാൾക്കറിയാമായിരുന്നു. അയാൾ അവളെക്കൂടെക്കൂടെ താക്കീതു ചെയ്യാൻ തുടങ്ങി...

അന്നു് രാവിലെ ലഘുഭക്ഷണം കഴിഞ്ഞപ്പോൾ മാനേജർ നീനയെ വിളിച്ചു് എന്തൊക്കെയോ ചോദിക്കയുണ്ടായെന്നു് രാമു അറിഞ്ഞു. എന്തൊക്കെയോ ചോദിക്കുകയും ഉപദേശിക്കുകയും മററുമുണ്ടായിപോ



ലും...നിറഞ്ഞ കണ്ണുകളോടെയാണത്രേ നീന അയാളുടെ മുന്നിൽ നിന്നും മടങ്ങിപ്പോന്നതു്. നീനയോട് ഏതുവിധവും എല്ലാക്കാര്യങ്ങളും തുറന്നുചോദിക്കണമെന്നയാൾക്ക്...രാമുവിനു്... ആഗ്രഹമുണ്ടായിരുന്നു. പല പ്രാവശ്യവും അതിനുവേണ്ടി അയാളവളെ സമീപിക്കുകയും ചെയ്തു. പക്ഷെ സൂത്രത്തിൽ അവൾ അയാളിൽ നിന്നും ഒഴിഞ്ഞു മാറുകയാണുണ്ടായതു്...

ഗോപാൽ വന്നു പറഞ്ഞപ്പോൾ രാമു ഒന്നു ഞെട്ടി...മാനേജർ വിളിക്കുന്നുപോലും...താനും നീനയും കുറെ അടുപ്പത്തിലാണെന്നു് മാനേജർക്കറിയാം... നീനയുടെ ജീവിതത്തിൽ വന്ന ഈ മാററത്തിനു് താനാണു് കാരണക്കാരനെന്നു് ഒരു പക്ഷെ മാനേജർ ധരിച്ചുവെച്ചിട്ടുണ്ടായിരിക്കും...തെററായ ധാരണകൾ...

കണ്ട ഉടനെ മാനേജർ ചിരിച്ചു...

എന്നിട്ടു് ശാന്തസ്വരത്തിൽ ചോദിച്ചു: "മാസ്റ്റർ റാം...നിങ്ങൾ നീനയെ പ്രേമിച്ചിരുന്നില്ലെ..."

അതൊരു ചോദ്യമായിരുന്നു...

"സത്യം പറയണം"...അയാൾ തുടർന്നു.

"ഉവ്വ്"...ഇന്നും ഞാൻ സ്നേഹിക്കുന്നു...പക്ഷെ അവൾ..."അയാൾ വിതുമ്പിപ്പോയി... വേദന അയാൾക്കടക്കി നിർത്തുവാൻ കഴിഞ്ഞിരുന്നില്ല...

"അതു തന്നെയാണു് ഞാൻ ചോദിക്കുന്നതു്... അവൾക്കെന്തു സംഭവിച്ചു." മാനേജരുടെ മുഖം പെട്ടന്നുവിളറി.

"എനിക്കറിഞ്ഞുകൂട... ഹോട്ടലിൽ താമസിച്ച

ആ രാത്രിക്കുശേഷമാണ് അവൾക്കീമാററങ്ങൾ വന്നതു്..." അയാൾ വാസ്തവം പറഞ്ഞു...

"ആ...രാത്രി..." എന്തോ ആലോചിച്ചിട്ടെന്നപോലെ മാനേജർ തുടർന്നു..

"ആ രാത്രി അവൾ നിങ്ങളുടെ മുറിയിലായിരുന്നുവോ?" മാനേജർ എന്താണർത്ഥമുദ്ദേശിക്കുന്നതെന്ന് രാമുവിന് മനസ്സിലായിക്കഴിഞ്ഞിരുന്നു...

"സാർ...ഞാൻ തുറന്നു പറയാം. അന്നവൾ എന്നെ അത്തരം ചീത്ത പ്രവൃത്തികൾക്കുവേണ്ടി നിർബന്ധിക്കുകയുണ്ടായി...പക്ഷെ ഞാനവളെ സമാധാനിപ്പിച്ച് തിരിച്ചവളുടെ റൂമിലയയ്ക്കുകയാണുണ്ടായതു്. പിറെറ ദിവസം കാലത്തു് അവളെ ഞാൻ കണ്ടതു് തികച്ചും പ്രതീക്ഷിക്കാത്ത വിധത്തിലായിരുന്നു...നനഞ്ഞ കണ്ണുകളും.. തടിച്ചുവീർത്ത മുഖവും...ആകപ്പാടെ അവൾക്കു മാററങ്ങൾ വന്നിരുന്നു..."

എല്ലാം അയാൾ തുറന്നു പറഞ്ഞു...

അയാൾക്കറിയാമായിരുന്നതു മുഴുവനും.

അതിനുശേഷം അയാൾ മാനേജരുടെ മുറിയിൽനിന്നിറങ്ങിപ്പോരുകയും ചെയ്തു.

മാനേജർ ആകെ ചിന്താകുലനായി. ആ പെൺകുട്ടിക്ക് സംഭവിച്ചതെന്താണെന്നതിൻെറ വ്യക്തമായ രൂപം അയാൾക്കും പിടികിട്ടിയില്ല. കാര്യമായെന്തോ സംഭവിച്ചിട്ടുണ്ടെന്ന് മാത്രം അയാൾക്കു് മനസ്സിലായി.

അന്നു രാത്രി മുഴുവനും അയാൾക്കുറക്കം വന്നില്ല. ആ നിസ്സഹായയായ പെൺകുട്ടിയെക്കുറിച്ചോർത്ത് അയാൾ വേദന സഹിക്കവയ്യാതെ കിടന്നു...വളരെ കഴി



ഞ്ഞപ്പോൾ...മണി നാലു കഴിഞ്ഞുകാണും...അയാളൊന്നു മയങ്ങി.

അടക്കിപ്പിടിച്ച സംസാരം കേട്ടാണ് അയാൾ ഞെട്ടിയുണർന്നതു്. ഇരുട്ടിൽ ഒന്നും കാണാനില്ല. ഏങ്ങിയേങ്ങിയുള്ള കരച്ചിലും പതുക്കെയുള്ള സംസാരവും കേൾക്കാം...സക്സസ്സ് കൂടാരം മുഴുവൻ സുഖനിദ്രയിലാണ്ടു കിടക്കുകയാണ്.

"നിങ്ങൾ ദുഷ്ടനാണ്...വഞ്ചകൻ...എന്നെ നിങ്ങൾ വഞ്ചിച്ചു...നശിപ്പിച്ചു...ഇനി നിങ്ങൾ എന്നെ കൊല്ലണം....എങ്കിൽ ഇനിയും നിങ്ങൾക്ക് മാനമായി ജീവിക്കാം..." ഒരു സ്ത്രീയുടെ ശബ്ദം.

"കുലടേ...നിന്നോട് പോയിക്കിടക്കാൻ പറഞ്ഞില്ലെ..." ഒരു പുരുഷ ശബ്ദം.

"ഹോ! ദുഷ്ടൻ...അവസാനമായി നിങ്ങൾക്കെന്നെ ഒന്ന് കൊന്നുതരാൻ വയ്യ അല്ലെ....ഞെക്കി ഞെക്കി എന്നെ കൊല്ലു...എല്ലാം തെയ്യാറായാണ് ഞാൻ വന്നിരിക്കുന്നതു്..." വീണ്ടും സ്ത്രീ.

"എന്നിട്ട് എന്നെ നിനക്ക് ജയിലിലയയ്ക്കണം അല്ലേ" ..വീണ്ടും പുരുഷൻ.

"നിങ്ങൾ ജെയിലിലോ പുറത്തോ...എവിടെയുമാകട്ടെ..നിങ്ങൾക്ക് ഗുണം പിടിക്കില്ല...നിങ്ങൾ നശിക്കും...എന്നെ നശിപ്പിച്ച നിങ്ങൾ നശിക്കും...ഞാൻ...ഞാൻ...പോകുന്നു..." സ്ത്രീ ശബ്ദമാണ്...

തുടർന്ന് പതുങ്ങിയ കാലടി ശബ്ദം അകന്നകന്നു പോകുന്നതു കേട്ടു...പുരുഷ ശബ്ദം പിന്നീട് കേട്ടില്ല.

അപ്പോഴും അയാൾ ശ്രദ്ധിച്ചു കിടക്കുന്നുണ്ടായിരുന്നു.

ആ സ്ത്രീയുടെ ശബ്ദം...അതവളായിരുന്നില്ലേ... നീന...ആ പുരുഷൻ...അത്...അത് ഫെർനാണ്ടിസ്സായിരുന്നില്ലേ.

അയാളുടെ രക്തം തിളച്ചു.

അപ്പോൾ നീന...തന്നെ വഞ്ചിക്കുകയായിരുന്നു. ഛെ...പക്ഷെ ആ വഞ്ചനയുടെ ഫലം അവളിന്നനുഭവിക്കുന്നു...അയാളിൽ നിന്നു തന്നെ.

മുമ്പൊരിക്കലും തോന്നാത്ത വെറുപ്പാണയാൾക്ക് നീനയോട് തോന്നിയത്. അയാളൊരു പട്ടിയെയായിരുന്നു സ്നേഹിച്ചിരുന്നതെങ്കിൽ ആ പട്ടി അതിന്റെ നന്ദികാണിക്കുമായിരുന്നു.

നേരം പുലർന്നു.

ഹൗ! എന്താണയാൾ കേട്ടത്.

ഒട്ടും...ജീവിതത്തിലൊരിക്കലും പ്രതീക്ഷിക്കാത്ത ഒരു വാർത്ത...അയാളുടെ ശരീരം മുഴുവനും തരിച്ചുപോയി.

നീന തൂങ്ങി മരിച്ചു.

കഷ്ടം!

അവസാനം ആ പെൺകുട്ടിക്കു വന്ന യോഗം!

തലേന്ന് രാത്രി അവളോടു തോന്നിയ വൈരാഗ്യം മുഴുവനും സഹതാപമായി മാറുകയായിരുന്നു. സക്സസ്സെന്ററിന്റെ ഒരു വശത്ത് യാതൊന്നും സംഭവിക്കാത്ത വിധത്തിലിരുന്ന് പത്രം വായിക്കുന്ന ഫെർനാണ്ടിസ്സിന്റെ നേരെ രാമു ഒരു നോട്ടം വെച്ചുകൊടുത്തു.

രാമു തന്നെ തറച്ചു നോക്കുന്നതു കണ്ടപ്പോൾ ഫെർനാണ്ടിസ്സ് ഒന്ന് [illegible]



പെട്ടെന്നാണാകമ്പി കിട്ടിയത്.

“ഓപ്പറേഷൻ തികച്ചും വിജയകരം–കട്ട്യമ്മാമ...” അവൻ ഒരു നിമിഷം ആ കടലാസിലേയ്ക്കു നോക്കി.

പക്ഷെ ഒട്ടും സന്തോഷം തോന്നിയില്ല.

അല്പം കൂടി കഴിഞ്ഞില്ല...മാനേജർ തടിച്ച ഒരു കവറുമായി രാമുവിന്റെ അരികിലേയ്ക്കു ചെന്നു.

അത് തലേന്ന് നീന എഴുതിവെച്ച ഒരു കത്തായിരുന്നു.

രാമു വിറയ്ക്കുന്ന കൈകളോടെ മാനേജരുടെ മുന്നിൽ വെച്ച് ആ കത്ത് പൊട്ടിച്ചു.

എന്തായിരുന്നു അവളെഴുതിയിരുന്നത്.

അവസാനമായി....

## അദ്ധ്യായം 15

എന്റെ പ്രിയപ്പെട്ട രാമു...

ഞാൻ മരിക്കുകയാണ്...ഈ എഴുത്ത് രാമു വായിക്കുമ്പോഴേക്ക് ഞാൻ മരിച്ചു കഴിഞ്ഞിരിക്കും... രാമു . ഞാൻ മരിച്ചാലും എന്റെ ആത്മാവ് എന്നെന്നും അങ്ങയെ വിട്ടുപിരിയുകയില്ല...എന്റെ ആത്മാവിന് ഒരിക്കലും മരണവുമുണ്ടാകില്ല.

രാമുവിന് എന്നോട്ട് പരിഭവമുണ്ടായിരുന്നുവെന്നെനിക്കറിയാം...മൂന്നുമാസത്തിനുമുമ്പ് ആ ഫോട്ട[illegible] അതെ... അന്നാണ് നാം ജീവിത

ത്തിൽ ആദ്യവും അവസാനവുമായി ഒററയ്ക്ക് കഴിച്ചുകൂട്ടിയതു്...രാമു...അന്ന് ഞാനങ്ങയെ എന്തെല്ലാം ചീത്തത്തരങ്ങൾക്ക പ്രേരിപ്പിച്ചു...ഒരു സ്ത്രീയായ എനിക്കെന്റെ വികാരങ്ങൾ അടക്കിനിറുത്തുവാൻ കഴിവില്ലായിരുന്നു...പക്ഷെ...അന്നാണ് ഞാൻ രാമുവിലെ യഥാർത്ഥ മനുഷ്യനെക്കണ്ടതു്. എന്തൊരു സ്നേഹത്തോടും താഴ്മയോടും കൂടിയാണ് അന്നെന്നെ അങ്ങ് ഉപദേശിച്ച് മുറിയിൽ നിന്നും പറഞ്ഞുവിട്ടതു്...നല്ലവളായ ഒരു പെൺകുട്ടിയെ ഒരിക്കലും നശിപ്പിച്ചുകളയാൻ സാദ്ധ്യമല്ലെന്ന് രാമുവിന് തോന്നിയതുകൊണ്ടായിരിക്കണം അങ്ങനെ ചെയ്തതു്...രാമുവിനെപ്പോലെ ഈ ലോകത്തുള്ളവരെല്ലാവരും നല്ലവരായിരുന്നെങ്കിൽ.

രാമു...എല്ലാം നേരിട്ടു തുറന്നു പറയുവാനുള്ള കഴിവ് എനിക്കില്ലാതിരുന്നതുകൊണ്ടാണ് രാമുവിന് എനിക്കിങ്ങിനെ ഒരു കത്തെഴുതേണ്ടിവന്നതു്. രാമുവിന്റെ പരിശുദ്ധ സ്നേഹത്തിന്നു മുന്നിൽ ഇനി ഒരു നിമിഷവും ജീവിച്ചുകൂടെന്ന് തോന്നിയതുകൊണ്ടാണ് ഞാനാത്മഹത്യചെയ്യുന്നതു്...രാമു എന്നോട് ക്ഷമിക്കണം...രാമു...ഞാൻ മരിച്ചാലും എന്റെ ആത്മാവ് മരിക്കുകയില്ല...അതെന്നും അങ്ങയുടെ കൂടെയുണ്ടായിരിക്കും.

രാമു...ഹോട്ടലിലെ ആ രാത്രി...അന്ന് രാമു വാസ്തവത്തിൽ അറിയാതെതന്നെ എന്റെ അവസാനത്തിലേക്ക്...നാശത്തിലേക്ക്... എന്നെ പറഞ്ഞുവിടുകയാണുണ്ടായതു്. രാമുവിന



ഈ എഴുത്തു വായിക്കുന്നവരെയും അറിവുണ്ടാവുകയുമില്ല.

ഹാ! കഷ്ടം!

വൃത്തികെട്ട ആ കാര്യങ്ങളൊക്കെ രാമുവിന്നു് തുറന്നെഴുതേണ്ടിവന്നതിൽ എനിക്കു ദുഃഖമുണ്ടു്... പക്ഷെ രാമുവിന്റെ തെററിദ്ധാരണകൾ മാറുവാൻ ഇതു് സഹായകമായിരിക്കും...അതുകൊണ്ടു് മാത്രമാണ് ഞാനിതെഴുതുന്നതു്.

രാമുവിന്റെ മുറിയിൽനിന്നും പുറത്തുകടന്നു് ഞാൻ എന്റെ മുറിയിലേക്ക്, പോവുകയായിരുന്നു.. ഒരു നില താഴേക്ക് കോണിയിലിറങ്ങണം. ഞാൻ കോണിയിലിറങ്ങിക്കൊണ്ടിരിക്കുമ്പോൾ പെട്ടെന്നാണതു സംഭവിച്ചതു്. ബലമുള്ള രണ്ടു കൈകൾ എന്റെ വാ അമർത്തിപ്പിടിച്ചു് മററെ കൈ കൊണ്ടു് എന്നെ താങ്ങി എടുത്തു...ഞാൻ നിലവിളിക്കുവാൻ ശ്രമിച്ചു പക്ഷെ ശബ്ദം പൊങ്ങിയില്ല. എന്നെ എടുത്തുകൊണ്ടു് നടന്നിരുന്ന ആ ആളെ എനിക്കറിയാം...ഞാനയാളുടെ മുഖം മങ്ങിയ വെളിച്ചത്തിൽ കണ്ടു. (ആ മനുഷ്യന്റെ പേർ ഞാൻ പറയുന്നില്ല. ഏതായാലും ഞാൻ മരിക്കുകയാണ്...അയാളെങ്കിലും സുഖമായി ജീവിക്കട്ടെ...അയാളുമായി എനിക്കു് വർഷങ്ങളോളം പരിചയമുണ്ടു്. നമ്മുടെ മലബാർ സക്കസ്സിലെ നല്ലൊരഭ്യാസിയാണയാൾ...) അയാളെന്നെ എടുത്തു് അയാളുടെ മുറിയിലേക്കു കൊണ്ടുപോയി...അകത്തുനിന്നും വാതിലടച്ചു് അയാൾ മുറിയിലെ ലൈററണച്ചു. അപ്പോഴും അയാൾ എന്റെ വായ്പൊത്തിപ്പിടിച്ചിരുന്നു. ആ ഇരുട്ടിൽ അയാൾ

എന്നെ അയാളുടെ മുറിയിലെ കട്ടിലിൽ കൊണ്ടുപോയിട്ടു.. ഞാൻ കുതറി ഓടാൻ ഒന്നു രണ്ടു തവണ ശ്രമിച്ചു. പക്ഷെ കഴിഞ്ഞില്ല. അയാളെന്നെ, മലർത്തിക്കിടത്തി എൻെറ ശരീരത്തിലേക്കമർന്നു... അയാൾ എൻെറ സാരി ചുററിച്ചുററിയഴിച്ചു. അതിൻെറ ഒരു ഭാഗം എൻെറ വായിൽ കുത്തിത്തിരുകി. എന്റെ ശരീരത്തിലെ മൃദുലമായ ഭാഗങ്ങളിൽ ക്രമത്തിൽ അയാളുടെ കൈകൾ സഞ്ചരിക്കുവാൻ തുടങ്ങി. അയാളെൻെറ അരക്കെട്ടിൽ കൈ വെച്ചു ..എൻെറ ബ്രോയറിൻെറ കുടുക്കഴിഞ്ഞപ്പോൾ ഞാൻ വീണ്ടും കുതറി ഓടാൻ ശ്രമിച്ചു...പക്ഷെ സാധിച്ചില്ല...ബലിഷ്ഠമായ ആ കൈകൾ എന്നെ ഞെരിച്ചു കൊല്ലുകയായിരുന്നു. മിക്കവാറും ഞാൻ നഗ്നയായി തീർന്നെന്നു കണ്ടപ്പോൾ അയാൾ വീണ്ടും എൻെറ ശരീരത്തിലേയ്ക്കമർന്നു. അയാൾ എൻെറ അധരങ്ങളിൽ ചുംബിച്ചു. ഞാൻ തളർന്നുകഴിഞ്ഞെന്നുകണ്ടപ്പോൾ സാവധാനം എൻെറ വായിൽനിന്നും സാരിത്തുമ്പെടുത്തു മാററി ...പിന്നെയെന്തൊക്കെയാണു് നടന്നതെന്നു് എനിക്കോർമ്മയില്ല. പിറേറന്നു് ഞാനുണർന്നപ്പോൾ മുറിയിൽ അയാളില്ലായിരുന്നു. നഗ്നയായ ഞാൻ കട്ടിലിൽ കിടക്കുകയായിരുന്നു. ജീവിതത്തിലെ വില പിടിച്ചു..വാങ്ങാൻ കിട്ടാത്ത എന്തൊക്കെയോ നഷ്ടപ്പെട്ടതായി എനിക്കുതോന്നി. ഞാനെഴുന്നേററു് മുറിയിലവിടവിടെ കിടന്നിരുന്ന വസ്ത്രങ്ങളെടുത്തുടുത്തു.

അതിനുശേഷം....രാമുവിൻെറ നേരേ മുഖമുയർത്തുവാനുള്ള കഴിവെനിക്കില്ലാതായിതീർന്നു ...രാമു എൻെറ തെററിദ്ധരിക്കരുതു്....എല്ലാം വിധിയാണു്...



അല്ലെങ്കിൽ എന്തിനാണു് ആ രാത്രി ഞാൻ രാമുവിന്റെ മുറിയിൽ വന്നതു്....

വേദനയോടെ മൂന്നു മാസങ്ങൾ ഞാൻ തള്ളിനീക്കി. ഇപ്പോൾ എൻെറ വയററിനുള്ളിൽ ഒരു ജീവൻ രൂപം കൊള്ളുന്നുണ്ടു്....ഈശ്വരാ ...രാമു .. എന്നെ ഏററവും അധികം സ്നേഹിച്ചിരുന്ന രാമുവിതറിയുമ്പോൾ സഹിക്കാൻ കഴിയുമോ.....എൻെറ തെററു് ക്ഷമിക്കുവാൻ കഴിയുമോ.

എനിക്കിന്നോളം വരെ കാണികളിൽനിന്നും ലഭിച്ച അഭിനന്ദനങ്ങളും ആരാധനകളും ഒരേ ഒരു നിമിഷംകൊണ്ടു് നശിപ്പിക്കുക. അവരുടെ മുന്നിൽഒരു വേശ്യയായിത്തീരുക. ഹോ! എങ്ങിനെ സഹിക്കും ... അതിനെക്കാളെല്ലാം ഭേദം മരിക്കുകയാണെന്നുതോന്നി. അതുകൊണ്ടാണു് രാമു...ഞാൻ മരിക്കുന്നതു്. രാമു.. അങ്ങയുടെ ഹൃദയത്തിൽ നിന്നും മരിച്ചു് മുക്തിനേടാൻ ഒരിക്കലും സാധിക്കില്ലെന്നെനിക്കറിയാം....' എൻെറ ശരീരം നിർജ്ജീവമായിക്കഴിഞ്ഞാലും നല്ലവനായ രാമു. അങ്ങയുടെ സ്നേഹം നശിക്കുകയില്ലെന്നെനിക്കറിയാം. എന്നോടു് അത്രമാത്രം അങ്ങു് അടുത്തു കഴിഞ്ഞിരുന്നുവല്ലോ.

രാമു. ഒരിക്കൽ ഞാൻ ചിന്തിക്കുകയുണ്ടായി.... എല്ലാം...നടന്നതെല്ലാം രാമുവിനോടു് തുറന്നുപറഞ്ഞാലോയെന്നു്....രാമു എല്ലാം ക്ഷമിക്കുമെന്നെനിക്കറിയാമായിരുന്നു. അത്രയും സഹൃദയനാണെന്നറിയായ്കയല്ല പക്ഷെ പല പ്രാവശ്യം ശ്രമിച്ചിട്ടും ഈ നീചത്വത്തിനു സാധിച്ചില്ല....എല്ലാററിലും സുഖപ്രദം മരണമാണെ

ന്നതോന്നി...അതുകൊണ്ടാണ് രാമൂ, ഞാൻ മരിക്കുന്നത്.

രാമുവിന്ന് ജീവിതത്തിലിനിയും വിജയങ്ങളുണ്ടാവാൻവേണ്ടി പ്രാർത്ഥിക്കുന്നു. എനിക്ക് വേണ്ടപ്പെട്ട ഒരേയൊരാളായി രാമുവല്ലാതെ ഈ ലോകത്തിലാരുമില്ല. അതുകൊണ്ടായിരിക്കണം ഞാൻ ഇതെഴുതുമ്പോൾകൂടി ...ഞാൻ മരിക്കുവാൻവേണ്ടി തെയ്യാറായിക്കൊണ്ടിരിക്കുമ്പോൾകൂടി രാമുവിന്റെ രൂപമാണെന്റെ മുന്നിൽ.

അവസാനമായി രാമൂ ..എനിക്കൊരാഗ്രഹം... രാമൂ...നീല എന്ന ആ പെൺകുട്ടിയെ കല്യാണം കഴിക്കണം. ഓപ്പറേഷൻ കഴിഞ്ഞാൽ തീർച്ചയായും അവൾക്ക കാഴ്ച ലഭിക്കാതിരിക്കില്ല. വിവാഹം കഴിച്ച് രാമു സുന്ദരമായ ഒരു ജീവിതം നയിക്കണം...എന്റെ ആഗ്രഹമാണ്. അവസാനത്തെ ആഗ്രഹം.... രാമു വിവാഹം കഴിച്ചാലും എന്നെ മറക്കരുത്...എന്റെ ആത്മാവ് രാമുവിന്റെ കൂടെ എന്നെന്നുമുണ്ടായിരിക്കുമെന്നകാര്യം ഓർമ്മിക്കണം...

കൂടുതൽ എഴുതുന്നില്ല....സ്നേഹത്തോടെ

—നീന

കത്തു മുഴുവനും അയാൾ വായിച്ചു.....

കണ്ണിൽ ഇരുട്ട് കയറുന്ന അനുഭവമായിരുന്നു. നാവുകടിച്ച് വിട്ടത്തിന്മേൽ തൂങ്ങിനിൽക്കുന്ന അവളുടെ രൂപം അയാളുടെ കൺമുന്നിൽ കിടന്നാടി.....

അയാൾ തളരുകയായിരുന്നു.....



എന്തെല്ലാമാണ് സംഭവിച്ചതെന്നയാൾക്കുതന്നെ ഓർമ്മയില്ലാതാകുകയായിരുന്നു......

ആ മനുഷ്യൻ ആരാണ്?

അതവളെഴുതിയില്ല.....

അവളെ ആത്മഹത്യചെയ്യിച്ച ആ മനുഷ്യൻ!

അവളെ നശിപ്പിച്ച ആ മനുഷ്യൻ.....

അത്.....അത്.....ഫെർനാണ്ടിസ്സല്ലേ

മൃഗശിക്ഷകനായ ഫെർനാണ്ടിസ്സ്.....

അയാളല്ലാതെ മററാരാണ്.....

അയാളുടെ കണ്ണുകൾ ചെമന്നു....പാവപ്പെട്ട ഒരു പെൺകുട്ടിയെ കൊന്ന ദുഷ്ടൻ. ...

അയാളുടെ ബുദ്ധിശക്തിക്രമേണ നശിക്കുകയായിരുന്നു.,.,.അബോധാവസ്ഥയിലേക്കയാൾ നീങ്ങുകയായിരുന്നു...

അന്ന് കളി നടന്നില്ല....

പോലീസ് വന്ന് ശവം അഴിച്ചിറക്കി..,...
റിപ്പോർട്ടുകൾ എഴുതിയുണ്ടാക്കി... ശവം പോസ്റ്റ്മാർട്ടത്തിനയച്ചു...

ആത്മഹത്യചെയ്ത അവൾ ഗർഭവതിയായിരുന്നെന്ന് ഡോക്ടർ പറഞ്ഞു......

കുഴപ്പങ്ങൾ വീണ്ടും തുടരാനുള്ള മട്ടുണ്ടായപ്പോൾ സർക്കസ്സ് മാനേജർ പോലീസ് ഇൻസ്പെക്ടരെ പണം കൊടുത്തുമയക്കി,...അതോടെ സ്ഥിതിഗതികൾ ശാന്തമായി...

കളി വീണ്ടും ആരംഭിക്കുകയും ചെയ്തു....

പ്ലാസ്റ്റിക്ക്ഗേളിന്റെ മരണത്തോടെ കാഴ്ചക്കാരുടെ എണ്ണം പ്രതീക്ഷിക്കാത്തവിധം കുറഞ്ഞു,..

രാമുവും രംഗത്ത് പ്രത്യക്ഷപ്പെടാറില്ല....അയാളുടേതായുണ്ടായിരുന്ന അഞ്ചോളം നമ്പറുകൾ നടത്തുവാൻ കഴിഞ്ഞില്ല.....ആകപ്പാടെ സക്കസഭ്യാസികളുടെ ഉണർവ്വും ഉന്മേഷവും അപ്പാടെ നശിച്ചുകഴിഞ്ഞിരുന്നു.....

ഒരു പെൺകുട്ടിയുടെ അഭാവത്തിൽ പ്രതീക്ഷിക്കാത്ത.... സ്വപ്നം കാണാൻ പോലും കഴിയാത്ത പലതും സംഭവിച്ചുകൊണ്ടിരിക്കുകയായിരുന്നു...

രാമു ആകപ്പാടെ ചിന്താകുലനാണ്....അവളുടെ മരണം അയാളുടെ ഹൃദയത്തിന്നേററ സഹിക്കാൻ കഴിയാത്ത ഒരടിയായിരുന്നു.....അവളെക്കുറിച്ചയാൾക്കുള്ള ദുഃഖം വർദ്ധിക്കുന്നതോടൊപ്പം ഫെർനാണ്ടിസ്സിനോടുള്ള അയാളുടെ ദേഷ്യവും വർദ്ധിച്ചുകൊണ്ടിരുന്നു. ഏതു വിധവും ഫെർനാണ്ടിസ്സിനോട് പകരം ചോദിക്കണമെന്നയാൾ തീരുമാനിച്ചു. അയാളിലെ പ്രതികാരദഗ്ഗ് വളരുകയായിരുന്നു.... എന്തായിരിക്കും അതിന്റെ അവസാനമെന്നയാൾക്കുതന്നെ അറിഞ്ഞുകൂടായിരുന്നു. ശേഷിച്ച ജീവിതകാലം മുഴുവനും ജയിലിൽ കഴിച്ചുകൂട്ടേണ്ടിവരുമായിരിക്കും. അതിനയാൾ തെയ്യാറാണ്...ആ പെൺകുട്ടിക്കുവേണ്ടി അതിലും അതിലപ്പുറവും ചെയ്യുവാൻ അവൾ ജീവിച്ചിരുന്ന കാലത്തുതന്നെ അയാൾ തെയ്യാറായിരുന്നു... പിന്നെ മരിച്ചാൽ ..മരിക്കുമ്പോളല്ലെ സ്നേഹം വർദ്ധിക്കുക. അയാൾക്കും അവളോടുള്ളസ്നേഹം അവാം മ



രിച്ചുകഴിഞ്ഞപ്പോൾ കണക്കില്ലാതെ വർദ്ധിച്ചിരുന്നു.

നീണ്ട ഒരാഴ്ചയായി അയാൾ കളിക്കാനായി രംഗത്തിറങ്ങിയിട്ട്. അയാളുടെ ഹൃദയവേദനയെക്കുറിച്ചറിവുണ്ടായിരുന്ന മാനേജർ അയാളെ നിർബന്ധിച്ചില്ല. അയാളുടേയും അവളുടേയും അപ്രത്യക്ഷത കാണികളെ നിരാശരാക്കിയിട്ടുണ്ടെന്നയാൾക്കറിയാമായിരുന്നു. എന്നിട്ടും!

## അദ്ധ്യായം 16

കഴിഞ്ഞതെന്തൊക്കെയാണെന്നയാൾക്കോർമ്മയുണ്ടായിരുന്നില്ല. അയാൾക്കു ചുററും പോലീസ്സുകാരുണ്ട്. ചുററും പരിചിതങ്ങളായ ഒന്നിലധികം മുഖങ്ങളുണ്ട്. വർഷങ്ങൾക്കു മുമ്പുകണ്ട മുഖങ്ങൾ...കാണാൻ കൊതിച്ച മുഖങ്ങൾ.

ഓ! എന്തെല്ലാമാണ് സംഭവിച്ചത്.

താൻ ഫെർനാണ്ടിസ്സിനെ.......

അതെ...ഫെർനാണ്ടിസ്സിനെ കൊന്നു. ആ തിളങ്ങുന്ന ഇറച്ചിവെട്ടുന്ന കത്തികൊണ്ടയാളെ കുത്തിക്കുത്തിക്കൊന്നു.......

രക്തത്തിൽക്കിടന്ന് അയാൾ കിടുകിടാ പിടഞ്ഞുകൊണ്ടിരുന്നപ്പോൾ മദ്യത്തിൽ രസിച്ചുകൊണ്ട് അയാൾ പൊട്ടിച്ചിരിച്ചു...കയ്യിലുണ്ടായിരുന്ന കുപ്പിയിൽ നിന്ന് മദ്യം വീണ്ടും വായിലേയ്ക്ക് പകർന്നു...

വലതുകയ്യിലെ കത്തികൊണ്ട് അയാളെ വീണ്ടും കുത്തി...ചോര ചീററിത്തെറിച്ചു...പോലീസുപോലും അടുത്തുവന്ന് അതുകണ്ടപ്പോൾ ഒരടി അകന്നുനിന്നു. അപ്പോഴും അയാൾ നിന്നു ചിരിച്ചു.

അയാളുടെ കൈകളിൽ ചങ്ങല വീണതുമാത്രം ഇപ്പോഴയാൾക്ക് ഓർമ്മയുണ്ട്...ഓ! ചുററും ആരൊക്കെയാണ്...അയാൾ കണ്ണുകളുയർത്തിനോക്കി...ആരൊക്കെയാണിതു്...ഇവരൊക്കെ എവിടെ നിന്ന് വന്നു...ഓ! ആ നില്ക്കുന്നതു് ആരാണ്...അയാൾ സൂക്ഷിച്ചു നോക്കി...ഓ! ഇരുമ്പഴികൾ...ഇരുമ്പഴിക്കപ്പുറത്താണവരെല്ലാം......ആരാണതു്...അവറാനോ...ഈശ്വരാ...അവറാൻ! കണ്ണുകൾ നിറച്ചുകൊണ്ടു നില്ക്കുന്നതു് അവറാനോ? തന്റെ തല താഴുന്നുണ്ടോ? അയാളുടെ മുഖത്തേയ്ക്ക് തലയുയർത്തി നോക്കാൻ വയ്യല്ലോ...വയ്യ.

ആ പെൺകുട്ടി......എവിടെയോവെച്ച് കണ്ടു പരിചയമുണ്ടല്ലൊ.. ആരാണതു് അപ്പുറത്തു്.. കുട്ടിമാമയോ...കുട്ടിമാമയ്ക്കു് ഒരു എഴുപതു വയസ്സുകഴിഞ്ഞതായി തോന്നുന്നല്ലൊ.

ഓ! അതു് നീലയാണ്, ആ പെൺകുട്ടി നീലയാണ്...നീല...ഈശ്വരാ അവളെത്രമാത്രം വളർന്നിരിക്കുന്നു...ആ കണ്ണുകൾ ജീവനുള്ള കണ്ണുകൾ...അവ തന്റേതല്ലേ...തന്റെ പണമല്ലേ ആ കണ്ണുകൾക്കു വേണ്ടി ചിലവഴിച്ചതു്...ആ കണ്ണുകൾ.

വേണ്ട...ഇനി അവളുടെ നേരെ നോക്കണ്ട...ഈശ്വരാ...അതമ്മുഓപ്പോളല്ലെ...മുഷിഞ്ഞ വസ്ത്രവും തളർന്ന ശരീരവും...അമ്മുഓപ്പോൾ. വർഷങ്ങൾക്കു ശേഷമാണ് കാണുന്നതു്. ഒരു കാലത്തു് അമ്മുഓപ്പോൾ തന്റെ...തന്റെ ഓ...തന്നെ ഏററവുമധികം സ്നേഹിച്ചിരുന്നു. പക്ഷെ ആ സ്നേഹത്തിന് പ്രത്യ



പകാരമായി എന്തെങ്കിലും താൻ ചെയ്തോ...ഒന്നുമുണ്ടായില്ല. അല്ലെങ്കിൽ യഥാർത്ഥ സ്നേഹം വിലനോക്കിയല്ലല്ലൊ ഒരാളിലേയ്ക്കു് പകരുന്നതു്.

കണ്ണുകളുയർത്തി അമ്മുഓപ്പോളെത്തന്നെ നിമിഷങ്ങളോളം നോക്കി. അവർ തന്നെ നോക്കുന്നില്ല. മുഷിഞ്ഞ, ആ ശരീരത്തിലെ വസ്ത്രങ്ങൾ കണ്ണുനീർ വീണ് നനഞ്ഞു കുതിർന്നിരിക്കുന്നു.

രാമുവിന് ഇങ്ങിനെയൊരു ഗതിവരുമെന്നവർ ഒരിക്കലും വിചാരിച്ചിട്ടുണ്ടാവില്ല.

രാമു ഒരു ജയിൽപ്പുള്ളിയായിരിക്കുന്നു. ഒരു കാലത്തു് അമ്മുഓപ്പോളുടെ സ്നേഹം മുഴുവനും വാരിക്കോരിക്കുടിച്ച ഈ രാമു ..!

"അമ്മുഓപ്പോളെ..." ശബ്ദമുയർത്തിക്കൊണ്ടയാൾ വിളിച്ചു.

അവർ തലപൊക്കി നോക്കി.

"രാമൂ..." അവർ ഇരുമ്പഴികൾക്കടുത്തേയ്ക്കു് ഓടിവന്നു. ഇരുമ്പഴികളിൽ കെട്ടിപ്പിടിച്ചവൾ കരഞ്ഞു.

പെട്ടെന്നായിരുന്നു അവറാൻ അമ്മുവിനെ ശ്രദ്ധിച്ചതു്.. തന്റെ ഓട്ടുകമ്പനിയിലെ ഒരു കൂലിപ്പണിക്കാരി. രാമുവിന്റെ ഓപ്പോളോ...അയാൾ ഒരു നിമിഷം തളർന്നിരുന്നുപോയി.

"രാമൂ...എന്നാലും നീയെന്നെയൊക്കെ മറന്നല്ലോടാ..." അവർ വിതുമ്പിക്കരഞ്ഞു.

"ഇല്ല...ഓപ്പോളെ ഞാൻ മറക്കില്ല. ഒരിക്കലും മറന്നിട്ടുമില്ല. അമ്മുഒപ്പോൾ ഹൃദയത്തിൽ കുടിയിരിക്കുന്നു..." അയാൾ പിറുപിറുത്തു.

രണ്ടുപേരുടേയും കണ്ണുകൾ നിറഞ്ഞു വഴിഞ്ഞിരുന്നു.

ഇരുമ്പഴികൾക്കിടയിലൂടെ തലതാഴ്ത്തി അയാൾ ഓപ്പോളുടെ എണ്ണമയമില്ലാത്ത മുടിയിൽ ചുംബിക്കു

വാൻ ശ്രമിച്ചു. ആ, ശ്രമം വിഫലമായിപ്പോയി.

അപ്പോളവനോർമ്മിച്ചു.

അമ്മു ഓപ്പോൾ കല്യാണം കഴിഞ്ഞു് യാത്രയാകുമ്പോൾ അവന്റെ നെറുകയിൽ ആദ്യമായി ചുംബിച്ച ആ രംഗം... അന്നനുഭവപ്പെട്ട ആ തണുപ്പ്.

അവന്റെ ശരീരം കിളരെട്ടുത്തു.

സൂര്യൻ കിഴക്കൻ ചക്രവാളത്തിൽ താഴുകയായിരുന്നു.

പോലീസുകാർ ലാത്തികളുമായിവന്നു് കൂടി നിന്നവരെ ഓരോരുത്തരെയായകററാൻ തുടങ്ങി.

കണ്ണുകൾ തുടച്ചുകൊണ്ടു് ഓരോരുത്തരായി നീങ്ങി.

അവറാൻ.

കുട്ടിമ്മാമ.

നീല.

അവസാനം അമ്മു ഓപ്പോളവശേഷിച്ചു. മുഷിഞ്ഞ ആ രൂപം.. ചിതറിയ ആ മുടി...കണ്ടിൽ പോയ ആ കണ്ണുകൾ.

“പോ പുറത്തു്...”

ഒരു പോലീസുകാരൻ അവരുടെ നേരെ നോക്കി ഗർജ്ജിച്ചു.

അവർ അവസാനമായി അവന്റെ...കണ്ണുകളിലേയ്ക്കു നോക്കി...ആ നോട്ടം, വിടചോദിക്കുകയാണെന്നു മനസ്സിലായി.

നിറഞ്ഞ ഹൃദയഭാരത്തോടെ അവരും നടന്നു നടന്നു് ഇരുട്ടിൽ മറഞ്ഞു.

ശൂന്യമായ ലോകത്തിൽ അവൻ...വീണ്ടും അവശേഷിച്ചു...നീനയുടെ ആത്മാവും!

O32,3/K4:1
NVH